കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@gov.in

# തലശ്ശേരി നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട് 2018-19

## നഗരസഭാ ഓഡിറ്റ് കാര്യാലയം,തലശ്ശേരി

e-mail: mltlsry.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./ടി.എസ്.എം1/177/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം,
തലശ്ശേരി-670101

ഫോൺ : 0490-2344071

ഇ-മെയിൽ:
mltlsry.ksad@kerala.gov.in

തീയ്യതി: 24/07/2020

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ ( സെക്രട്ടറി മുഖേന),

തലശ്ശേരി നഗരസഭ

സർ,

വിഷയം : തലശ്ശേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – അയക്കുന്നത് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-33, 1-34, 1-48 ,1-68 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-2, 3-3, 3-4, 3-5, 3-6 ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997-ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ, ഉപരിപത്രംസഹിതം)

4) റീജീയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.

5) കാര്യാലയപ്പകർപ്പ്

നം. കെ.എസ്.എ.-
ടി.എസ്.എം.1/177/2020 തീയ്യതി:24/07/2020

# കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 31.01.2019 മുതൽ 18.03.2020 തീയ്യതി

വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2018 മുതൽ 31.03.2019 തീയ്യതി വരെയുള്ള വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 123 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 93 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 16.03.2020 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി സമർപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്ക് 20.03.2020 വരെ സമയം അനുവദിക്കണമെന്ന നഗരസഭ ചെയർമാന്റെ ആവശ്യം അംഗീകരിച്ച് 20.03.2020 വരെ ലഭ്യമാക്കിയ മറുപടികളും രേഖകളും പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## അടിസ്ഥാന വിവരങ്ങൾ

വടക്കൻ കേരളത്തിൽ കടൽ തീരത്തോട് ചേർന്നു കിടക്കുന്ന പ്രധാന പൈതൃക നഗരമാണ് തലശ്ശേരി. 1865ൽ രൂപം കൊണ്ട തലശ്ശേരി നഗരസഭ കേരളത്തിലെ ഏറ്റവും പഴക്കമേറിയ രണ്ടാമത്തെ നഗരസഭയാണ്.

| | |
|---|---|
| നഗരസഭയുടെ പേര് | തലശ്ശേരി നഗരസഭ |
| രൂപം കൊണ്ട വർഷം | 1865 |
| വിസ്തീർണ്ണം | 23.98 ച.കി.മി |
| ജനസംഖ്യ(2011 സെൻസസ് പ്രകാരം) | 92864 |
| പട്ടികജാതി ജനസംഖ്യ | 1534 |
| ജില്ല | കണ്ണൂർ |

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| പേര് | |
|---|---|
| | |

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ<br>(ഡെപ്യൂട്ടി ഡയറക്ടർ) | ശ്രീ. സുനിൽ കുമാർ കെ.വി. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 01.04.2019 മുതൽ 20.03.2020 വരെ<br>(കൺകറന്റ് ഓഡിറ്റ്) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ: | ശ്രീ. ശ്രീഹരി മിത്രൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. രാജേഷ് കുമാർ ടി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി. ബിന്ദു കെ. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി. ജീന.സി.പി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി. പ്രീതി പി. | ഓഡിറ്റർ |

**ബി)നിർവ്വഹണാധികാരികൾ**

| | | മുതൽ | വരെ |
|---|---|---|---|
| ചെയർമാൻ | ശ്രീ. സി.കെ. രമേശൻ | 01.04.2018 | 31.03.2019 |
| സെക്രട്ടറി | ശ്രീ.ചന്ദ്രഭാനു കെ. (പി.എ.ടു സെക്രട്ടറി)<br>(സെക്രട്ടറി ഇൻ-ചാർജ്ജ്) | 01.04.2018 | 21.06.2018 |
| | ശ്രീ.മനോഹർ.കെ | 22.06.2018 | 31.03.2019 |

**നിർവ്വഹണ ഉദ്യോഗസ്ഥർ:**

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ജസ്വന്ത്.എം.സി | 01.04.2018 | 31.03.2019 |
| 2 | അസി.എഞ്ചിനീയർ | ശ്രീമതി.കുമാരി മിനി എസ്. | 01.04.2018 | 31.03.2019 |
| | | ശ്രീമതി.ഷീമ കെ.വി. | 01.04.2018 | 31.03.2019 |
| 3 | കൃഷി ഓഫീസർ | ശ്രീ. പ്രേമൻ കെ.എം. (കൃഷി ഫീൽഡ് ഓഫീസർ) | 01.04.2018 | 12.08.2018 |
| | | ശ്രീ.ഷിഹാബ് ബാബു | 13.08.2018 | 31.03.2019 |
| 4 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.വിനോദൻ.കെ | 01.04.2018 | 31.03.2019 |
| 5 | സീനിയർ വെറ്ററിനറി സർജൻ | ഡോ. പ്രജിത ജി. | 01.04.2018 | 19.04.2018 |

| | | | | |
|---|---|---|---|---|
| | | (വെറ്ററിനറി സർജൻ) | | |
| | | ഡോ.കെ.ജെ.വർഗ്ഗീസ് | 20.04.2018 | 31.03.2019 |
| 6 | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ. പി. ദേവി ഭരതൻ | 01.04.2018 | 19.09.2018 |
| | | ഡോ.ഷീജ.എം | 19.09.2018 | 25.11.2018 |
| | | ഡോ.പ്രിൻസി സെബാസ്റ്റ്യൻ | 25.11.2018 | 31.03.2019 |
| 7 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ദിവ്യ കെ. | 01.04.2018 | 31.03.2019 |
| 8 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. അഭിലാഷ് | 01.04.2018 | 21.11.2018 |
| | | ഡോ. ഷീന വിജയൻ | 21.11.2018<br>01.12.2018 | 29.11.2018<br>31.12.2018 |
| | | ഡോ.ഷീജ.വി.പി | 30.11.2018<br>01.01.2019 | --<br>31.03.2019 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷീജ വി. | 01.04.2018 | 07.07.2018 |
| | | ശ്രീമതി.സുജയ.വി.കെ | 07.07.2018 | 31.03.2019 |
| 10 | ഹെഡ്മാസ്റ്റർ,ജി.എൽ.പി.എസ്., ഗോപാലപ്പേട്ട | ശ്രീ.ജോസഫ് നിക്സൺ വി. | 01.04.2018 | 31.03.2019 |
| 11 | ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്.അയ്യലത്ത് | ശ്രീമതി. ഹേമലത പി.പി. | 01.04.2018 | 05.06.2018 |
| | | ശ്രീമതി.രാധാമണി.കെ.ബി | 06.06.2018 | 31.03.2019 |
| 12 | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് ജി.വി.എച്ച്.എസ്.എസ്., കൊട്ടുവള്ളി | ശ്രീ.പ്രകാശൻ മാസ്റ്റർ | 01.04.2018 | 31.05.2018 |
| | | ശ്രീ.സുനിൽകുമാർ.കെ.പി | 01.06.2018 | 04.06.2018 |
| | | ശ്രീ.പവനൻ.കെ | 05.06.2018 | 31.03.2019 |
| 13 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ.ഹരി പുത്തലത്ത് | 01.04.2018 | 05.08.2018 |
| | | ശ്രീമതി.ഷീന ലോറൻസ് | 06.08.2018 | 14.10.2018 |
| | | ശ്രീ.സജികുമാർ | 15.10.2018 | 31.03.2019 |
| 14 | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി | ഡോ.പിയൂഷ് .എം.നമ്പൂതിരിപ്പാട് | 01.04.2018 | 31.03.2019 |
| 15 | ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.വിജയൻ.എം.എം | 01.04.2018 | 31.03.2019 |
| 16 | സൂപ്രണ്ട്, മഹിളാമന്ദിരം | ശ്രീമതി.ജ്യോത്സ്ന.വി.വി | 01.04.2018 | 07.02.2019 |
| | | ശ്രീമതി ബിന്ദു.കെ.കെ | 08.02.2019 | 31.03.2019 |

ഉള്ളടക്കം :


| ഖണ്ഡിക നമ്പർ | ഭാഗം -1<br>ഓഡിറ്റ് റിപ്പോർട്ട് |
|---|---|
| 1-1 | ബജറ്റ് |
| | |

| | |
|---|---|
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് ബാലൻസ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം. |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 1-13 | ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. |
| 1-14 | ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ |
| 1-15 | വാർഡ്സഭ - സംഘാടനം |
| 1-16 | പ്രധാന വരവിനങ്ങളുടെ താരതമ്യം |
| 1-17 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചത് കാരണം നഗരസഭാ ഫണ്ടിന് നഷ്ടം |
| 1-18 | വസ്തുനികുതി - വേക്കൻസി റമിഷൻ അനുവദിക്കുന്നതിലെ അപാകതകൾ |
| 1-19 | നഗരസഭയിലെ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയില്ല – 71.36 ലക്ഷം രൂപയുടെ കുടിശ്ശിക . |
| 1-20 | വാണിജ്യ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച മുഴുവൻ വിസ്തൃതിക്കും വസ്തുനികുതി നിർണ്ണയിച്ചില്ല. |
| 1-21 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകളും രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതും |
| 1-22 | ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു - നഗരസഭയ്ക്ക് വരുമാന നഷ്ടം. |
| 1-23 | തൊഴിൽനികുതി കണക്കാക്കിയതിൽ ബോണസ്സ്/ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്തുന്നില്ല |
| 1-24 | തൊഴിൽനികുതി ഈടാക്കാത്തതും ഡിമാന്റ് രജിസ്റ്ററിലെ അപാകതകളും |
| 1-25 | തൊഴിൽനികുതി-ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| | |

| | |
|---|---|
| 1-26 | തൊഴിൽനികുതി-ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. |
| 1-27 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. |
| 1-28 | മാർക്കറ്റ് ഫീ പിരിക്കാനുള്ള അവകാശം ലേലം - ഓട്ടോറിക്ഷ സ്റ്റാന്റ് ഫീ - നഗരസഭയ്ക്ക് ലഭിക്കുന്നത് തുച്ഛമായ ലേലത്തുക |
| 1-29 | വിവിധ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ മുറികൾ ഒഴിഞ്ഞു കിടക്കുന്നു.- നഗരസഭയ്ക്ക് വരുമാന നഷ്ടം |
| 1-30 | ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് - ഡി-8 നമ്പർ മുറിയുടെ ലൈസൻസ് ഫീസ് യഥാസമയം പുതുക്കാത്തതും കുടിശ്ശിക ഈടാക്കാത്തതും സംബന്ധിച്ച് |
| 1-31 | നഗരസഭയിൽ സ്വീകരിക്കുന്ന ചെക്കുകൾ വരവ് വെക്കുന്നത് - കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. |
| 1-32 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, കുറവായി ഈടാക്കിയത് |
| 1-33 | സർക്കാർ സർവ്വീസിലെ ആർജ്ജിതാവധി ഉൾപ്പെടുത്തി ടെർമിനൽ സറണ്ടർ അനുവദിച്ചു. |
| 1-34 | കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. |
| 1-35 | തെറ്റായ ശമ്പള നിർണ്ണയങ്ങൾ വഴി കണ്ടീജന്റ് ജീവനക്കാർക്ക് അധിക തുക അനുവദിച്ചു. |
| 1-36 | റേഷ്യോ പ്രൊമോഷൻ അനുവദിച്ചത് പ്രകാരം അധിക ശമ്പള കുടിശ്ശിക നൽകിയത് അനുവദനീയമല്ല. |
| 1-37 | അർദ്ധവേതനാവധി കുറവ് വരുത്തിയിട്ടില്ല. |
| 1-38 | അർദ്ധവേതനാവധി - തുക അധികം നൽകി. |
| 1-39 | ത്രൈമാസപരിധിയിൽ അധികരിച്ച് യാത്രാബത്ത നൽകി |
| 1-40 | ക്യാഷ് ഹാന്റിലിങ്ങ് അലവൻസ് അനുവദിച്ചത് - സർക്കാർ ഉത്തരവിന്റെ ലംഘനം |
| 1-41 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ട്രഷറി ഡ്യൂട്ടി അലവൻസ് അനുവദിച്ചു. |
| 1-42 | കണ്ടീജന്റ് ജീവനക്കാർക്ക് അധിക വേതനം നൽകി |
| 1-43 | നഗരസഭ കണ്ടീജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെ കാലതാമസം |
| 1-44 | SLI പോളിസി പ്രീമിയം തുകകൾക്ക് രശീതിയില്ല |
| | |

| | |
|---|---|
| 1-45 | GIS – ചലാൻ ലഭ്യമാക്കിയില്ല. |
| 1-46 | ശമ്പളസർട്ടിഫിക്കറ്റ് അനിയന്ത്രിതമായി അനുവദിക്കുന്നത് ആശാസ്യമല്ല |
| 1-47 | വസ്തുനികുതി നിർണ്ണയ അസസ് മെന്റ് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കിയില്ല. പ്രതിഫലം നൽകി. |
| 1-48 | GIS മാപ്പിങ്ങ് - സർക്കാർ നിരക്കിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഉൾപ്പെടുത്തി കരാർ ഒപ്പുവെച്ചതും മറ്റ് അപാകതകളും |
| 1-49 | തെരുവ് നായകളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ട പരിഹാരം നൽകൽ - വികസന ഫണ്ടിന് ബാധ്യതയാകുന്നു. |
| 1-50 | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി-ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 1-51 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 1-52 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - മുൻകൂറായി നൽകിയ തുകകളുടെ വിനിയോഗ വിവരങ്ങളും വൗച്ചറുകളും യഥാസമയം ലഭ്യമാക്കാത്തതും മറ്റ് അപാകതകളും |
| 1-53 | ക്യാൻസർ നിർണ്ണയ ക്യാമ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 1-54 | ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 1-55 | ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ -നടപടിക്രമം പാലിച്ചില്ല. |
| 1-56 | പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല. |
| 1-57 | കെട്ടിട നിർമ്മാണം-നടപടിക്രമങ്ങളിലെ അപാകതകൾ |
| 1-58 | പാട്യം ഗോപാലൻ റോഡ് ഇന്റർലോക്കിംഗ്-നടപടിക്രമങ്ങളിലെ അപാകതകൾ. |
| 1-59 | മരാമത്ത് പ്രവൃത്തി നടപടിക്രമങ്ങളിലെ അപാകതകൾ |
| 1-60 | കോടിയേരി-ചാമക്കുളം റോഡ് റീ ടാറിംഗ് പ്രവൃത്തി - നടപടിക്രമങ്ങളിലെ അപാകതകൾ |
| 1-61 | കരാർ വൈകി വച്ചതിന് പിഴ ഈടാക്കിയില്ല |
| 1-62 | മഞ്ഞോടി ഷോപ്പിംഗ് കോംപ്ലക്സ് - അപാകതകൾ |
| 1-63 | കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമായില്ല |
| 1-64 | ഇൻവർട്ടർ വാങ്ങൽ -ആവശ്യമായ തുക വകയിരുത്തിയില്ല. |
| | |

| | |
|---|---|
| 1-65 | കണ്ടീജൻസി ചെലവുകൾ -ആവശ്യകതാ പട്ടികയും വിനിയോഗ സാക്ഷ്യപത്രവും ഇല്ല |
| 1-66 | തൊഴിൽ രഹിത വേതന വിതരണത്തിന് തനതു ഫണ്ടിൽനിന്നും പിൻവലിച്ച തുക തിരികെ ലഭിച്ചില്ല. - നഗരസഭ ഫണ്ടിന് നഷ്ടം |
| 1-67 | അച്ചീ ഹിന്ദി -ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടൽ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ |
| 1-68 | പ്രശ്നോത്തരി - ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗം പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 1-69 | സ്കൂളുകളിൽ സൈബർ കുറ്റകൃത്യങ്ങൾ, ലഹരി വിരുദ്ധ ബോധവൽക്കരണം- സർക്കാർ സംവിധാനം ഉപയോഗപ്പെടുത്താതെ സ്വകാര്യ സ്ഥാപനത്തെ ഏല്പിച്ചു |
| 1-70 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഇല്ല |
| 1-71 | ഗ്രീൻ ബോർഡ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. |
| 1-72 | പ്രശ്നോത്തരി പ്രൈമറി വിഭാഗം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - ചെലവ് തുകകൾ തടസ്സത്തിൽ വെക്കുന്നു |
| 1-73 | പ്രൈമറി വിദ്യാലയങ്ങൾക്ക് ശാസ്ത്രമാസിക, ബാലമാസിക വിതരണം - നിർവ്വഹണത്തിലെ അപാകതകൾ |
| 1-74 | ഗവ.മഹിള മന്ദിരം തലശ്ശേരിക്ക് സ്റ്റീൽ അലമാരകൾ വാങ്ങിയത് - റേറ്റ് കോൺട്രാക്ട് പരിഗണിക്കാതെ ക്വട്ടേഷൻ മുഖേന വാങ്ങി |
| 1-75 | നഗര ദാരിദ്ര്യ നിർമ്മാർജന നിധി - നഗരസഭ വിഹിതം നൽകുന്നില്ല. |
| 1-76 | പദ്ധതി അവസാനിപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും IHSDP നീക്കിയിരിപ്പ് തുക തിരിച്ചടച്ചില്ല. |
| 1-77 | ഗുണഭോക്തൃ വിഹിതം പിരിക്കാൻ അനുവദിച്ച രശീതി പുസ്തകങ്ങൾ നഗരസഭയ്ക്ക് തിരികെ നൽകുന്നില്ല. |
| 1-78 | പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല |
| 1-79 | ജീവനക്കാരുടെ എൽ.എെ.സി റിക്കവറി തുകയും എൽ.എെ.സി രശീതിയിലെ തുകയും തമ്മിൽ വ്യത്യാസം |
| 1-80 | വക്കീൽ ഫീസിനത്തിൽനിന്നും ആദായനികുതി കുറവ് ചെയ്തില്ല |
| 1-81 | വിവിധ ഫീ പിരിക്കാനുള്ള അവകാശം ലേലം - ആദായ നികുതി ഇൌടാക്കുന്നില്ല |
| 1-82 | മാർക്കറ്റ് ഫീ പിരിക്കാനുള്ള അവകാശം ലേലം - ജി.എസ്.ടി ഇൌടാക്കുന്നില്ല |
| | |

| | |
|---|---|
| 1-83 | സർക്കാർ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. |
| 1-84 | നഗരസഭാ പരിധിയിലുള്ള അങ്കണവാടികളുടെ ഭൗതിക സൗകര്യം സംബന്ധിച്ച വിശദാംശം ലഭ്യമല്ല |
| 1-85 | ഇ-പേ മെന്റ് സംവിധാനം ഉപയോഗിച്ചുള്ള വരവുകൾ |
| 1-86 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല |
| 1-87 | ഡെപ്പോസിറ്റുകൾ |
| 1-88 | പുരാവസ്തു/സംരക്ഷിത സ്മാരകം - ദൂര പരിധി അടയാളപ്പെടുത്തിയ രേഖകൾ ലഭ്യമല്ല. |
| 1-89 | സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 1-90 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച ഫയലുകൾ ലഭ്യമല്ല. |
| 1-91 | വാർഷിക റിപ്പോർട്ട് |
| 1-92 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ് |
| 1-93 | ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചടച്ചു |
| **ഭാഗം – 2**<br>**വരവിനം –വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| ഇല്ല | |
| **ഭാഗം – 3**<br>**ചെലവിനം-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം. |
| 3-2 | ഇടവിള കിറ്റ് വിതരണം - മുഴുവൻ വിതരണ രേഖകളും ഹാജരാക്കിയില്ല. |
| 3-3 | വാഴക്കന്ന് വിതരണ പദ്ധതി -മുഴുവൻ വിതരണ രേഖകളും ഹാജരാക്കിയില്ല. |
| 3-4 | പച്ചക്കറികൃഷി വിത്ത് കിറ്റ് വിതരണം പദ്ധതി - മുഴുവൻ കിറ്റുകളും വിതരണം ചെയ്തതിന്റെ രേഖയില്ല |
| 3-5 | കുറ്റികുരുമുളക് തൈകൾ വിതരണം പദ്ധതി - മുഴുവൻ വിതരണ രേഖകളും ഹാജരാക്കിയില്ല. |
| 3-6 | വീടുകളിൽ മുരിങ്ങ, പപ്പായ, കറിവേപ്പില, കാന്താരിമുളക് - തൈകൾ വിതരണ പദ്ധതി - മുഴുവൻ വിതരണ രേഖകളും ലഭ്യമാക്കിയില്ല. |
| ഭാഗം - 4<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |

| | |
|---|---|
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ്ജ് /സർച്ചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| **അനുബന്ധങ്ങൾ** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | വാർഷിക കണക്ക് - ബാലൻസ് ഷീറ്റ്, റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് എന്നിവയുടെ ശരിപ്പകർപ്പ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

നഗരസഭ കൗൺസിലിന്റെ 26.03.2018 തീയ്യതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം 9,60,74,425 രൂപ മുന്നിരിപ്പും 66,16,46,000 രൂപ വരവും 73,78,54,000 രൂപ ചെലവും 1,98,66,425 രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 21.02.2019 തീയ്യതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം 7,88,68,842 രൂപ മുന്നിരിപ്പും 73,28,30,632 രൂപ വരവും 71,42,73,000 രൂപ ചെലവും 9,74,26,474 രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിയില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | റിമാർക്സ് |
|---|---|---|
| 31-07-2019 | 02.07.2019 | സമയബന്ധിതമായി വാർഷിക കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 മുതൽ<br>20.08.2019 വരെ | കെ.എസ്.എ. ടി.എസ്.എം1/270/2019; തീയ്യതി: 29.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18,50,51,580.52 |
| വരവ് | 52,60,85,220.00 |
| ആകെ | 71,11,36,800.52 |
| ചെലവ് | 47,99,06,201.00 |
| നീക്കിയിരിപ്പ് | 23,12,30,599.52 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | -- | 8,74,65,684 | 8,74,65,684 | 6,77,36,831 | 0 | 77.44 |
| വികസനഫണ്ട് എസ്.സി.പി. | -- | 88,90,000 | 88,90,000 | 10,79,693 | 0 | 12.15 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | _ | 1,83,70,000 | 1,83,70,000 | 1,55,28,443 | 0 | 84.53 |
| സംരക്ഷണഗ്രാന്റ് (റോഡ്) | -- | 4,43,49,000 | 4,43,49,000 | 2,87,40,269 | 0 | 64.8 |

| | | | | | | | |
|---|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | – | 12,01,98,960 | 12,01,98,960 | 6,46,11,578 | 0 | 53.75 |
| K.L.S.G.D.P | | _ | -- | -- | -- | -- | - |
| ദുരിതാശ്വാസ നിധി | | 8,67,877.35 | 3,13,025 | 11,80,902.35 | 24,000 | 11,56,902.35 | 2.03 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | NULM | 1,65,762 | 36,63,011 | 38,28,773 | 25,32,260 | 12,96,513 | 66.14 |
| | വാംബേ | 44,353 | 1,573 | 45,926 | -- | 45,926 | 0 |
| | പൂരക പോഷകഹാരം | 10,42,601 | 29,66,786 | 40,09,387 | 23,25,755 | 16,83,632 | 58 |
| | RMSA | 1,38,418 | 5,17,173 | 6,55,591 | 75,071 | 5,80,520 | 11.45 |
| | UIDSSMT | 10,90,63,785 | 41,69,485 | 11,32,33,270 | 96,00,071 | 10,36,33,199 | 8.48 |
| | IHSDP | 1,00,51,419 | 7,55,634 | 1,08,07,053 | -- | 1,08,07,053 | 0 |
| | സ്വച്ഛ്ഭാരത് | 5,39,069 | 1,17,64,978 | 1,23,04,047 | 5,48,297 | 1,17,55,750 | 4.46 |
| | PMAY | 71,14,250 | 88,20,000 | 1,59,34,250 | 19,34,356 | 1,39,99,894 | 12.14 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | അയ്യങ്കാളി | 50,75,127 | 3,03,549 | 53,78,676 | 21,55,104 | 32,23,572 | 40.07 |
| | ശുചിത്വമിഷൻ | 11,06,875 | 13,12,778 | 24,19,653 | -- | 24,19,653 | -- |
| | സാക്ഷരതാമിഷൻ | 1,13,764.71 | 4,034 | 1,17,798.71 | | 1,17,798.71 | |
| ബി.ഫണ്ട് | | -- | 85,93,945 | 85,93,945 | 85,93,945 | -- | -- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 29,75,131 | 3,98,75,000 | 4,28,50,131 | 2,26,02,262 | *1,42,97,607 | 52.75 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 46492003 | 156349341 | 202841344 | 151699454 | 5,11,41,890 | 74.79 |
| | ട്രഷറി അക്കൗണ്ട് | 6880424 | 43707305 | 50587729 | 32778114 | 17809615 | 64.79 |

* 2018 മാർച്ച് മാസത്തിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ജനറൽ പർപ്പസ് ഗ്രാന്റിൽ നീക്കിയിരിപ്പുള്ള തുക സർക്കാർ തിരിച്ചു പിടിക്കുകയും പിന്നീട് 07.04.2018 ന് തിരികെ ലഭ്യമാക്കുകയും ചെയ്തതിനാലും പ്രസ്തുത അക്കൗണ്ടിൽ മറ്റ് ഡെപ്പോസിറ്റ് തുകകൾ നിക്ഷേപിക്കുന്നതിനാലും നീക്കിയിരിപ്പിൽ വ്യത്യാസമുണ്ട്.

# 1-6 പദ്ധതി അവലോകനം

## എ. ഫണ്ട് വിനിയോഗം

നഗരസഭ ലഭ്യമാക്കിയ രേഖകളും സുലേഖ, സാംഖ്യ എന്നിവയിൽ രേഖപ്പെടുത്തിയതുമായ വിവരങ്ങളും അടിസ്ഥാനമാക്കി വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, ലോകബാങ്ക് ധനസഹായം എന്നീ ഇനങ്ങളിൽ തൻവർഷത്തിൽ ലഭിച്ച അലോട്ട്മെന്റ് തുകകളുടെയും ഈ ഇനങ്ങളിൽ തൻവർഷം വിനിയോഗിച്ച തുകകളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | -- | 8,74,65,684 | 8,74,65,684 | 6,77,36,831 | 0 | 77.44 |
| വികസനഫണ്ട് എസ്.സി.പി. | -- | 88,90,000 | 88,90,000 | 10,79,693 | 0 | 12.15 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് | _ | 1,83,70,000 | 1,83,70,000 | 1,55,28,443 | 0 | 84.53 |

| | | | | | |
|---|---|---|---|---|---|
| (നോൺ റോഡ്) | | | | | |
| സംരക്ഷണഗ്രാന്റ് (റോഡ്) | -- | 4,43,49,000 | 4,43,49,000 | 2,87,40,269 | 0 | 64.8 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | – | 12,01,98,960 | 12,01,98,960 | 6,46,11,578 | 0 | 53.75 |
| | | 279273644 | 279273644 | 17,76,96,814 | 0 | 63.63 |

നഗരസഭയ്ക്ക് വിവിധ ഇനങ്ങളിലായി തൻവർഷം 27,92,73,644രൂപ ലഭിച്ചതിൽ 17,76,96,814 രൂപ മാത്രമാണ് ചെലവഴിച്ചത്. നഗരസഭയ്ക്ക് അലോട്ട്മെന്റിന്റെ 63.63% മാത്രമാണ് വിനിയോഗിക്കാൻ സാധിച്ചത്.

## ബി. പദ്ധതി നിർവ്വഹണം

നഗരസഭ ലഭ്യമാക്കിയ രേഖകളും സുലേഖ, സാംഖ്യ എന്നിവയിൽ രേഖപ്പെടുത്തിയതുമായ വിവരങ്ങളും പ്രകാരമുള്ള 2018-19 ലെ പദ്ധതി നിർവ്വഹണവും ഫണ്ട് വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

### 1. മേഖലാ അടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും കാണിക്കുന്ന പത്രിക

| മേഖല | അടങ്കൽ | ചെലവ് | ചെലവ് ശതമാനം (അടങ്കലിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|---|
| ഉൽപ്പാദനം | 2,67,72,413 | 1,35,94,942 | 50.78 |
| സേവനം | 13,09,49,566 | 5,70,00,713 | 43.53 |
| പശ്ചാത്തലം | 25,03,63,208 | 10,71,01,159 | 42.78 |
| ആകെ | 40,80,85,187 | 17,76,96,814 | 43.54 |

### 2. നിർവ്വഹണോദ്യോഗസ്ഥൻമാരുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം കാണിക്കുന്ന പത്രിക

| നിർവ്വഹണ | അംഗീകാരം | ഭാഗികമായോ | തീരെ | ശതമാനം |
|---|---|---|---|---|

| ഉദ്യോഗസ്ഥൻ | ലഭിച്ച പദ്ധതികളുടെ എണ്ണം | പൂർണ്ണമായോ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കാത്ത പദ്ധതികളുടെ എണ്ണം | (നടപ്പിലാക്കിയത് -അടങ്കലിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | -- | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 6 | 6 | -- | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 13 | 13 | -- | 100 |
| കൃഷി ഓഫീസർ | 11 | 10 | 1 | 90.9 |
| സെക്രട്ടറി, തലശ്ശേരി മുനിസിപ്പാലിറ്റി | 28 | 14 | 14 | 50 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 8 | 8 | -- | 100 |
| ഹെഡ്മാസ്റ്റർ ഗവ.യു.പി. സ്കൂൾ | 3 | 3 | -- | 100 |
| സീനിയർ വെറ്റിനറി സർജൻ | 10 | 10 | -- | 100 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 18 | 15 | 3 | 83.33 |
| ഹെൽത്ത് ഓഫീസർ | 10 | 6 | 4 | 60 |
| ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ | 12 | 12 | -- | 100 |
| നഗരസഭ എഞ്ചിനീയർ | 44 | 22 | 22 | 50 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 410 | 188 | 222 | 45.85 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 4 | 4 | -- | 100 |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 3 | 1 | 75 |
| സൂപ്രണ്ട് സാമൂഹ്യക്ഷേമ വകുപ്പ് | 4 | 4 | -- | 100 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 4 | 4 | -- | 100 |
| ആകെ | 592 | 325 | 267 | 54.90 |

40,80,85,187 രൂപ മൊത്തം അടങ്കലുള്ള 592 പദ്ധതികൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്. ഇതിൽ 325 പദ്ധതികളിൽ 17,76,96,814 രൂപ മാത്രമേ നഗരസഭ ചെലവഴിച്ചിട്ടുള്ളൂ. അതായത് വകയിരുത്തിയ തുകയുടെ 43.5% മാത്രമാണ് നഗരസഭയ്ക്ക് ചെലവഴിക്കാൻ സാധിച്ചത്. 267 പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തത് ആസൂത്രണത്തിന്റെയും നിർവ്വഹണത്തന്റെയും പോരായ്മയാണ്.

പൊതുമരാമത്ത് വിഭാഗത്തിൽ 454 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 210 പദ്ധതികളാണ് നടപ്പിലാക്കിയത്. 31,52,15,511 രൂപ അടങ്കലുള്ളതിൽ 12,19,41,932 രൂപ മാത്രമെ ചെലവഴിക്കാൻ സാധിച്ചത്. അടങ്കലിൽ 38.7% തുക മാത്രമേ 2018-19 വർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഇതിനുപുറമെ ട്രഷറി നിയന്ത്രണം കാരണം 94 ബില്ലുകളിലായി 3,69,62,108 രൂപ തൻവർഷം മാറാൻ സാധിക്കാതെ ക്യൂ ബില്ല് ആവുകയും ആയത് 2019-20 സാമ്പത്തിക വർഷം മാറുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ വിവരങ്ങൾ പ്രകാരം നഗരസഭകളിലെ വികസന ഫണ്ട് വിനിയോഗം സംസ്ഥാന ശരാശരി 81.68% വും ജില്ലാ ശരാശരി 84.43 ശതമാനവും ആയിരിക്കെ തലശ്ശേരി നഗരസഭ 70.73 ശതമാനം മാത്രമാണ് വികസനഫണ്ട് വിനിയോഗിച്ചിട്ടുള്ളത്. വികസനഫണ്ട് വിനിയോഗത്തിൽ സംസ്ഥാനത്തെ 87 നഗരസഭകളിൽ 80 ഉം ജില്ലയിലെ 8 നഗരസഭകളിൽ 7 ഉം ആണ് തലശ്ശേരി നഗരസഭയുടെ സ്ഥാനം. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലെ വീഴ്ചകൾ സംബന്ധിച്ച് ശരിയായ വിലയിരുത്തൽ നടത്തേണ്ടതും പോരായ്മകൾ തുടർവർഷങ്ങളിൽ പരിഹരിക്കേണ്ടതുമാണ്.

**3. നിർവ്വഹണോദ്യോഗസ്ഥൻമാരുടെ അടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും കാണിക്കുന്ന പത്രിക**

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം (അടങ്കലിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 17,30,000 | 10,36,872 | 59.93 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 23,98,000 | 23,47,376 | 97.89 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 6,07,000 | 5,66,343 | 93.3 |
| കൃഷി ഓഫീസർ | 22,45,250 | 12,50,779 | 55.71 |
| സെക്രട്ടറി, തലശ്ശേരി മുനിസിപ്പാലിറ്റി | 3,16,88,508 | 1,32,30,708 | 41.75 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 15,08,000 | 14,41,958 | 95.6 |
| ഹെഡ്മാസ്റ്റർ ഗവ.യു.പി. സ്കൂൾ | 4,40,080 | 3,98,760 | 90.6 |
| സീനിയർ വെറ്റിനറി സർജൻ | 38,44,500 | 19,28,596 | 50.2 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 2,57,08,000 | 1,53,69,898 | 59.79 |
| ഹെൽത്ത് ഓഫീസർ | 36,93,062 | 17,36,342 | 47.02 |
| ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ | 91,55,276 | 89,23,020 | 97.46 |
| നഗരസഭ എഞ്ചിനീയർ | 3,42,75,694 | 1,96,63,037 | 57.37 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 28,09,39,817 | 10,22,78,895 | 36.4 |
| | | | |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി | 13,00,000 | 12,56,625 | 96.66 |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | 65,56,000 | 44,87,757 | 68.45 |
| സൂപ്രണ്ട് സാമൂഹ്യക്ഷേമ വകുപ്പ് | 2,21,000 | 2,20,299 | 99.68 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 17,75,000 | 15,59,549 | 87.86 |
| **ആകെ** | **40,80,85,187** | **17,76,96,814** | **43.54%** |

# 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകളും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയതും | 50,75,127 | 3,03,549 | 53,78,676 | 21,55,104 | 32,23,572 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ചെലവ് തുകയും ഗുണഭോക്താക്കളുടെ എണ്ണവും താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിത വേതനം | 84,120 | 90 |
| കർഷകതൊഴിലാളി പെൻഷൻ | 23,27,000 | 214 |
| വിധവാപെൻഷൻ | 3,56,94,800 | 3274 |
| വാർദ്ധക്യകാല പെൻഷൻ | 7,86,12,400 | 7885 |
| വികലാംഗപെൻഷൻ | 99,48,400 | 860 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള<br>അവിവാഹിത പെൻഷൻ | 1,17,07,700 | 3838 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയ 29.01.2019 തീയ്യതിക്ക് ശേഷം 28.02.2019, 26.03.2019, 27.04.2019, 25.05.2019, 26.06.2019, 22.07.2019, 02.09.2019, 30.09.2019, 30.10.2019, 29.11.2019, 24.12.2019, 31.01.2020, 11.03.2020 തീയ്യതികളിൽ സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് പരിശോധനയിൽ വരവിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ട്. മറ്റ് അപാകതകൾ ഒന്നും ഉണ്ടായിരുന്നില്ല.

# 1-10 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ 22.12.2012 ലെ ജോലി വിഭജന രേഖ പ്രകാരം ഓരോ ഉദ്യോഗസ്ഥർക്കുമുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. ഓരോ സെക്ഷനും നിർവ്വഹിക്കേണ്ട ജോലികൾ, സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എന്നിവ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ കാര്യാലയതല യോഗ നടപടികളുടെ മിനുട്സ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ജീവനക്കാരുടെ യോഗങ്ങൾ എല്ലാ മാസവും വിളിച്ച് ചേർത്ത് നഗരസഭയുടെ വരവ് പുരോഗതി, ഫണ്ട് വിനിയോഗം, പദ്ധതി നിർവ്വഹണം തുടങ്ങിയ സുപ്രധാന കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്നും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നും ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററുകൾ വിവിധ സെക്ഷനുകളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഓരോ മാസവും മേലുദ്യോഗസ്ഥൻ പരിശോധിച്ച് തീർപ്പാക്കൽ നടപടികൾ സംബന്ധിച്ച വിലയിരുത്തൽ നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല . പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചിത സമയപരിധിക്കകം ലഭ്യമാക്കുന്നതായി പൊതുവായുള്ള പരിശോധനയിൽ കാണുന്നു. ജി.ഒ (പി) നമ്പർ 469/2005 ധന.28.10.2005 പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ നഗരസഭ സൂക്ഷിച്ചിട്ടില്ല. ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററിൽ പല ചെക്കുകളും പണമായി മാറ്റിയ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല . ഡി&ഒ ലൈസൻസ് രജിസ്റ്റർ ,തൊഴിൽനികുതി രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല . റോഡ് റിഫോർമേഷൻ വരവ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി ആധികാരിക മാക്കാത്തതിനാൽ സാംഖ്യയിലെ വരവുമായി പൊരുത്തപ്പെടുത്തി നോക്കാൻ സാധിച്ചിട്ടില്ല . നഗരസഭയുടെ സാമ്പത്തിക താൽപര്യം മുൻനിർത്തി രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.08.2015 മുതൽ 07.08.2015 വരെ | 2014-15 | 14.03.2016 |
| | | | 13.01.2020 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2019 മുതൽ 26.11.2019 വരെ | 2017-18 മുതൽ 2018-19 വരെ | |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് 29.08.2019 തീയ്യതിയിലെ കെ.എസ്.എ./ടി.എസ്.എം1/270/2019 നമ്പർ പ്രകാരം വിശേഷണങ്ങളോടുകൂടിയ ഓഡിറ്റ് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഖണ്ഡിക 1-3ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

1. നഗരസഭ തയ്യാറാക്കിയ അക്കൗണ്ട്സിലും വാർഷിക ധനകാര്യ പത്രികയിലും താഴെ പറയുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല (2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 58).

(a) ക്യാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ്

(b) അക്കൗണ്ട്സുമായി ബന്ധപ്പെട്ട കുറിപ്പുകൾ

(c) ബന്ധപ്പെട്ട അക്കൗണ്ട്സ് മാന്വലിലെ ധനകാര്യ അനുപാതങ്ങൾ

2. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15 (1) (6) പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(1) ഗ്രാന്റുകൾ ലഭിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും പത്രികകൾ

(2) വായ്പകൾ എടുത്തതിന്റെയും വിനിയോഗിച്ചതിന്റെയും പത്രികകൾ

(3) തൻവർഷം ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികളുടെയും ഓരോ പ്രവൃത്തികൾക്കുമായി ചെലവഴിച്ച തുകയുടെയും ഫണ്ടിൽ മിച്ചമുള്ള തുകകളുടെയും (ഉണ്ടെങ്കിൽ) വിവരങ്ങൾ കാണിക്കുന്ന പത്രികകൾ

3. വാർഷിക ധനകാര്യ പത്രിക ചെയർമാൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. [കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 58]

4. വാർഷിക ധനകാര്യ പത്രിക മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ചതിന്റെ രേഖകൾ പത്രികയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

5. ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്ററിൽ കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അഡ്വാൻസ് തിരിച്ചടവ് സംബന്ധിച്ച കൃത്യത ഉറപ്പ് കഴിയുന്നില്ല.

6. B-15 ഷെഡ്യൂളിൽ വസ്തുനികുതി (കറന്റ്) 1,45,40,637 ഉം വസ്തുനികുതി (അരിയർ) 1,73,03,327.42 മായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ 5% ലൈബ്രറി സെസ്സ് ഇനത്തിൽ നെഗറ്റീവ് ഫിഗറായി ഇതേ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

7. B-11(a) ഷെഡ്യൂളിലാണ് ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നതും പ്രവൃത്തി പൂർത്തിയാക്കാത്തതുമായ പ്രൊജക്ടുകളുടെ വിവരങ്ങൾ പ്രത്യേകമായി ചേർക്കേണ്ടത്. എന്നാൽ

ഇത്തരം ചെലവുകൾ Capital works in Progress എന്ന പേരിൽ B-11 ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

8. ഡപ്പോസിറ്റ് ഇനത്തിൽ 2017-18 വർഷത്തെ ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിലെ തുക + തൻവർഷം ലഭിച്ച അഡ്വാൻസ് തുക (RP-27 വരവ് ഭാഗം)- തൻവർഷത്തെ അഡ്വാൻസ് ഇനത്തിലെ ചെലവ് (RP-27 ചെലവ് ഭാഗം) = 2018-19 ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിലെ അഡ്വാൻസ് നീക്കിയിരിപ്പ് ആയിരിക്കേണ്ടതാണ്. എന്നാൽ ഇത് താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | | |
|---|---|---|
| 2017-18 B-7 | : | 18,28,52,596 |
| 2018-19 RP- -27 വരവ് ഭാഗം | : | (+) 1,81,84,828 |
| 2018-19 RP- -27 ചെലവ് ഭാഗം | : | (-) 52,79,565 |
| | : | 19,57,57,859 |
| 2018-19 AFS ഷെഡ്യൂൾ B-7 പ്രകാരം തുക | : | 19,57,17,859 |
| വ്യത്യാസം (195757859 - 195719859) | : | 40,000 |

9. നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും B-17 ഷെഡ്യൂളിൽ ഇത് ഉൾപ്പെടുത്തിക്കാണുന്നില്ല.

10. I-6 ഷെഡ്യൂളിൽ Unemployment Allowance Scheme എന്ന ഹെഡിൽ കാണിച്ച തുക 96,120 രൂപയാണ്. എന്നാൽ I-14 ഷെഡ്യൂളിലെ തുകയുമായി [(-)22,080] ഇത് പൊരുത്തപ്പെടുന്നില്ല.

11. വികസന ഫണ്ടുകളെല്ലാം പ്രത്യേക പദ്ധതികൾക്കായിട്ടാണ് ലഭിക്കുന്നത് എന്നതിനാൽ RP-24 എന്ന ഷെഡ്യൂളിലാണ് ഉണ്ടാവേണ്ടത്. എന്നാൽ വികസന ഫണ്ടുകൾ ഈ ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

12. RP-4 Bus Stand Fees ഇനത്തിലെ വരവ് 27,52,250 രൂപയാണ്. എന്നാൽ I-4 (b) ഷെഡ്യൂളിൽ Bus Stand Fess ആയി കാണിച്ച തുക 27,00,280 രൂപയാണ്.

13. I-4 (b) ഷെഡ്യൂളിൽ Advertisement fees ഇനത്തിൽ (-) 40,209 എന്ന തുക ചേർത്തു കാണുന്നു. RP-4 ൽ Advertisement Fees ഇനത്തിൽ വിവരങ്ങൾ ഇല്ല.
14. I-11 (b) ഷെഡ്യൂളിൽ Rent എന്ന ഹെഡിൽ 2,92,206 രൂപ അഡ് മിനിസ്ട്രേറ്റീവ് ചെലവായി കാണിച്ചിട്ടുണ്ട്. എന്നാൽ RP-11 ൽ ഈ ഇനത്തിൽ ചെലവ് കാണിച്ചിട്ടില്ല.
15. RP-11 = I-11 (b) ആയിരിക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്നവയിൽ വ്യത്യാസം കാണുന്നു.

a) I-11 ഷെഡ്യൂളിൽ Rent എന്ന ഹെഡിൽ 292206 രൂപ ചെലവായി കാണിച്ചിട്ടുണ്ടെങ്കിലും RP-11 ഷെഡ്യൂളിൽ ഈയിനത്തിൽ ചെലവൊന്നുമില്ല.
b) I-11 (b) ഷെഡ്യൂളിൽ water charges നെഗറ്റീവ് സംഖ്യയായിട്ടാണ് [(-)1059444] രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ RP-11 ഷെഡ്യൂളിൽ water charges ഇനത്തിലെ ചെലവ് 251462 ആണ്.
c) I-11 (b) ഷെഡ്യൂളിൽ News Paper Advertisement ചാർജിനത്തിലെ ചെലവായി കാണിച്ചരിക്കുന്നത് 227263 രൂപയാണ്. എന്നാൽ RP -11 ൽ കാണിച്ചിരിക്കുന്ന തുക 91,976 രൂപയാണ്. ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
വാർഷിക കണക്കിലെ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

# 1-13 ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധി സംബന്ധിച്ച വിവരം നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. 11.80 ലക്ഷം രൂപ വരവ് ഉള്ളപ്പോൾ 24,000/- രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഈ ഇനത്തിലെ ചെലവ്.

# 1-14 ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ

നഗരസഭയുടെ 1996-97 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ 27 ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ 26.08.2019 മുതൽ 31.08.2019 വരെയുള്ള തീയ്യതികളിൽ നടന്ന ഓഡിറ്റ് അദാലത്തിൽ പരിശോധിച്ച് 4 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുകയും വിവിധ റിപ്പോർട്ടുകളിലായി ആകെ 647 ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പായി പുറപ്പെടുവിച്ച 1973-74 മുതൽ 1995-96 വരെയുള്ള വർഷങ്ങളിലെ 18 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24.02.2020 ലെ ഡി.കെ.എസ്.എ 339/2020/എം.എൽ.3 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഈ കാര്യാലയത്തിലെ 11.03.2020 ലെ കെ.എസ്.എ-ടി.എസ്.എം.4/124/2020 നമ്പർ കത്ത്

പ്രകാരം നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വാർഡ്സഭ - സംഘാടനം

2015 ലെ കേരള മുനിസിപ്പാലിറ്റി (വാർഡുകളുടെ രൂപീകരണവും യോഗ നടപടിക്രമങ്ങളും) ചട്ടങ്ങളിലെ 4ാംചട്ടം പ്രകാരം വാർഡ് സഭകളുടെ കൺവീനർ മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭ യോഗം വിളിച്ച് കൂട്ടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും 2018-19 സാമ്പത്തിക വർഷത്തിൽ ജൂൺ മാസം വാർഡ് സഭ യോഗം ചേർന്നതിന് ശേഷം നവംബർ മാസത്തിലാണ് പിന്നീട് യോഗം ചേർന്നത് എന്ന് കാണുന്നു. വാർഡ് തല മിനുട്സ് പരിശോധിച്ചതിൽ വാർഡ് സഭകൾ നഗരസഭയുടെ വികസന പദ്ധതികൾ രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതായും മുൻഗണനാ ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കാൻ സഹായിക്കുന്നതായും മറ്റ് ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതായും കാണുന്നു.

## 1-16 പ്രധാന വരവിനങ്ങളുടെ താരതമ്യം

2017-18, 2018-19 വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള മുൻവർഷത്തെയും തൻവർഷത്തെയും ഡിമാന്റ് ചെയ്യപ്പെടുന്ന പ്രധാന വരവിനങ്ങൾ സംബന്ധിച്ച താരതമ്യം ചുവടെ ചേർത്തിരിക്കുന്നു.

| വരവിനം | സാമ്പത്തിക വർഷം | | വർദ്ധനവ്/കുറവ് (+/-) |
|---|---|---|---|
| | 2017-18 | 2018-19 | |
| വസ്തുനികുതി | 3,22,56,299 | 3,13,90,452 | (-)8,65,847 |
| തൊഴിൽനികുതി (ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൊഫഷണൽസ്, ട്രേഡേഴ്സ്) | 35,17,377 | 33,17,222 | (-)2,00,155 |
| വാടക | 2,15,97,407 | 2,33,81,994 | (+)17,84,587 |
| ഡി&ഓ ലൈസൻസ് | 26,23,917 | 54,37,896 | (+)28,13,979 |
| ആകെ | **5,99,95,000** | **6,35,27,564** | **(+)35,32,564** |

വസ്തുനികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിലെ വരവുകളിൽ മുൻവർഷത്തേക്കാൾ കുറവുണ്ടായിരിക്കുന്നതായും വാടക, ഡി&ഒ ലൈസൻസ് എന്നീ ഇനങ്ങളിലെ വരവുകളിൽ മുൻ വർഷത്തേക്കാൾ വളരെയധികം വർദ്ധനവ് ഉണ്ടായിരിക്കുന്നതായും കാണുന്നു. പ്രധാന വരവിനമായ വസ്തുനികുതിയുടെ പിരിവിൽ കുറവുണ്ടാകുന്നത് നിലവിൽത്തന്നെ സാമ്പത്തിക സ്ഥിതി മോശമായ നഗരസഭയെ സംബന്ധിച്ചിടത്തോളം ആശാസ്യമായ കാര്യമല്ല. വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചത് കാരണം നഗരസഭാ ഫണ്ടിന് നഷ്ടം

നഗരസഭയുടെ 1ാം വാർഡിലുള്ള 50 B നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിശ്ചിത നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചതിനാൽ ഡിമാന്റ് ചെയ്തിട്ടുള്ള വസ്തുനികുതിയിൽ ഒരു വർഷം 9,965 രൂപയുടെ കുറവുണ്ടായിട്ടുള്ളതായി കാണുന്നു. നഗരസഭ സെക്രട്ടറിയുടെ 18.01.2012 തീയ്യതിയിലെ ആർ1-3076/02 നം വിജ്ഞാപന പ്രകാരം 100$m^2$ ൽ താഴെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 60 രൂപ നിരക്കിലും 100$m^2$ ന് മുകളിൽ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്രമീറ്ററിന് 80 രൂപ നിരക്കിലുമാണ് വസ്തുനികുതി കണക്കാക്കേണ്ടത്. എന്നാൽ 352.61$m^2$ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന്റെ വസ്തുനികുതി 60 രൂപ നിരക്കിലാണ് 01.04.2016 മുതൽ നിർണ്ണയിച്ചിട്ടുള്ളത്. 29,907 രൂപയാണ് ഒരു വർഷത്തേക്ക് ഇപ്രകാരം നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതി. 80 രൂപ നിരക്കിൽ വസ്തു നികുതി കണക്കാക്കുമ്പോൾ താഴെ ചേർത്തത് പ്രകാരം 39,872 രൂപയാണ് ഒരു വർഷത്തേക്ക് ഈടാക്കേണ്ട വസ്തുനികുതി.

| | | |
|---|---|---|
| 80 രൂപ നിരക്കിൽ വസ്തുനികുതി<br>(80x352.61) | : | 28208.08 |
| ഇളവ് (10% | : | 2820.88 |
| വർദ്ധനവ് (20% ) | : | 5,641.62<br>31028.81<br>(വസ്തുനികുതി പൂർണ്ണസംഖ്യയിൽ) 31029.00 |
| L.C (5%)<br>ST (21.5%)<br>SC (2%) | | 1551.45<br>6671.24<br>620.58<br>39872.27 |

വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയതിന്റെ കാരണം അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 87/2018-19, തീയ്യതി 18.01.20) മറുപടി നൽകിയിട്ടില്ല. കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതുവഴി 01.04.2016 മുതൽ 9,965/- രൂപയുടെ ആവർത്തന നഷ്ടം നഗരസഭാ ഫണ്ടിന് ഉണ്ടായിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം നികത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 വസ്തുനികുതി - വേക്കൻസി റമിഷൻ അനുവദിക്കുന്നതിലെ അപാകതകൾ

നഗരസഭയിൽ 2018-19 വർഷം വസ്തുനികുതി വേക്കൻസി റമിഷൻ അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(3) ൽ ഒഴിവായിക്കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ ഫാറം 11 ൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നഗരസഭയിൽ 2018-19 വർഷത്തെ വേക്കൻസി റെമിഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ അനുവദിച്ച വേക്കൻസി റെമിഷന്റെ വിവരങ്ങൾ എല്ലാ സെക്ഷനുകളും എഴുതിത്തയ്യാറാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലും പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ 2018-19 വർഷം നഗരസഭ എത്ര കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ പ്രകാരമുള്ള വസ്തുനികുതി ഇളവ് അനുവദിച്ചുവെന്നോ ആകെ അനുവദിക്കപ്പെട്ട വസ്തുനികുതി ഇളവ് സംബന്ധിച്ച വിവരമോ ലഭ്യമല്ല.

2. വേക്കൻസി റെമിഷൻ അനുവദിക്കുന്നതിനു മുമ്പ് കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് പരിശോധന നടത്തേണ്ടതാണെന്ന് നഗരസഭാ സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ വസ്തുനികുതി കുടിശ്ശിക ഉള്ള കെട്ടിടങ്ങൾക്കും 2018-19 വർഷം വേക്കൻസി റെമിഷൻ അനുവദിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം | കെട്ടിട നമ്പർ | വസ്തുനികുതി കുടിശ്ശിക |
|---|---|---|
| 1 | 48/354 | 11477 |
| 2 | 45/1791 | 4645 |

3. സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ, കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചതിന്റെ വിവരവും വസ്തുനികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് വിവരങ്ങളും

പൊരുത്തപ്പെടുന്നില്ല. ഒരേ അർദ്ധ വർഷം തന്നെ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഡിമാന്റ് ചെയ്തതായും വേക്കൻസി റെമിഷൻ അനുവദിച്ചതായും കാണുന്നു.

ഉദാ : 12/666 മുതൽ 12/673 വരെ

45/1464 മുതൽ 45/1477 വരെ

4. വേക്കൻസി റെമിഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കാലതാമസമുണ്ടായതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം | കെട്ടിട നമ്പർ | വേക്കൻസി റെമിഷന് അപേക്ഷിച്ച അർദ്ധ വർഷവും അപേക്ഷ തീയ്യതിയും | പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അറിയിപ്പ് നൽകിയ തീയ്യതി | അന്വേഷണ റിപ്പോർട്ടിന്റെ തീയ്യതി | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം |
|---|---|---|---|---|---|
| 1 | 38/542B, 542C | 2018-19 2ാം അർദ്ധ വർഷം, 17.09.2018 | 01.02.2019 | 31.03.2019 | 12.12.2019 |
| 2 | 36/524 | 2018-19 2ാം അർദ്ധ വർഷം, 28.09.2018 | 01.02.2019 | 28.03.2019 | 12.12.2019 |
| 3 | 9/479A, 479C, 479F | 2018-19 1ാം അർദ്ധ വർഷം, 27.03.2018 | 17.09.2018 | 17.10.2018 | തീരുമാനം സംബന്ധിച്ച വിവരം ലഭ്യമല്ല. |

ചില ഫയലുകളിൽ മേൽ പ്രകാരമുള്ള തീയ്യതികൾ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റെമിഷന് അപേക്ഷിച്ച അർദ്ധ വർഷാവസാനവും അർദ്ധ വർഷം കഴിഞ്ഞും പരിശോധന നടത്തുമ്പോൾ പ്രസ്തുത കെട്ടിടം അപേക്ഷ കാലയളവിൽ ഒഴിഞ്ഞു കിടക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുകയില്ല. നിജസ്ഥിതി അറിയാതെ വേക്കൻസി റെമിഷൻ അനുവദിക്കുന്നതുവഴി നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്.

5. 2016-17, 2017-18 വർഷങ്ങളിലെ വേക്കൻസി റെമിഷനുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന് അസാധാരണ കാലതാമസം ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വേക്കൻസി റെമിഷൻ അനുവദിച്ച അർദ്ധ വർഷം | അപേക്ഷകളുടെ എണ്ണം | വസ്തുനികുതി ഇളവ് തുക | സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം |
|---|---|---|---|
| 2016-17 രണ്ടാം അർദ്ധ വർഷം | 115 | 290978 | 2019 ഏപ്രിൽ 9 ലെ 14ാം നമ്പർ തീരുമാനം |
| 2017-18 രണ്ടാം അർദ്ധ വർഷം | 26 | 68180 | 2019 ഏപ്രിൽ 9 ലെ 13ാം നമ്പർ തീരുമാനം |

മേൽ അപാകതകൾ ചൂണ്ടികാണിച്ച് 05.02.2020 തീയ്യതിയിൽ 105/2018-19 നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വേക്കൻസി റെമിഷൻ സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി ചെയ്തിട്ടുണ്ടെങ്കിലും ആയത് സാങ്കേതിക കാരണങ്ങളാൽ അപ്രൂവ് ചെയ്യാൻ സാധിക്കാത്തതിനാലാണ് സോഫ്റ്റ് വെയറിൽ അപാകതകൾ കാണുന്നതെന്നും അപാകതകൾ പരിഹരിക്കാൻ IKM നോട് ആവശ്യപ്പെട്ടിട്ടും പരിഹരിച്ചിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. IKM മായി ബന്ധപ്പെട്ട് മേൽ അപാകതകൾ പരിഹരിക്കേണ്ടതും വേക്കൻസി റെമിഷൻ അനുവദിക്കുന്നത് വഴി നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വേക്കൻസി റെമിഷൻ അനുവദിക്കുന്നതിൽ യഥാസമയം തീരുമാനമെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 നഗരസഭയിലെ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയില്ല – 71.36 ലക്ഷം രൂപയുടെ കുടിശ്ശിക .

സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം 2018-19 വർഷാവസാനം വരെ നഗരസഭയിൽ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുള്ള അനധികൃത കെട്ടിടങ്ങളുടെ എണ്ണം 115 ആണ്. ഒരു കെട്ടിടത്തിന്റെ നമ്പർ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള 116 അനധികൃത കെട്ടിടങ്ങളുടെ വിശദ വിവരമടങ്ങിയ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | 2018-19 അവസാനം വരെയുള്ള വസ്തുനികുതി കുടിശ്ശിക | കെട്ടിടത്തിന്റെ ഉപയോഗത്തിന്റെ തരം |
|---|---|---|---|---|
| 1 | 7 | 71/A (UAC) | 86739 | മൊബൈൽ ടവർ |
| 2 | 7 | 417/UAC | ഇല്ല | പാർപ്പിടം |
| 3 | 7 | 10000/ | നിർണ്ണയിച്ചിട്ടില്ല | ലഭ്യമായിട്ടില്ല |
| 4 | 9 | 449/A(UAC) | 69390 | മൊബൈൽ ടവർ |
| 5 | 9 | 458/A(UAC) | ഇല്ല | പാർപ്പിടം |
| 6 | 10 | 44/A(UAC) | ഇല്ല | പാർപ്പിടം |
| 7 | 10 | 189/(UAC) | 5124 | പാർപ്പിടം |
| 8 | 10 | 190/UAC) | 8220 | പാർപ്പിടം |
| 9 | 10 | 485/A(UAC) | 95415 | മൊബൈൽ ടവർ |
| 10 | 10 | 496/A(UAC) | 95415 | മൊബൈൽ ടവർ |
| 11 | 12 | 16/A(UAC) | ഇല്ല | വിദ്യാഭ്യാസം |

| | | | | |
|---|---|---|---|---|
| 12 | 12 | 719/A (UAC) | 95415 | മൊബൈൽ ടവർ |
| 13 | 13 | 204/A(UAC) | 95415 | മൊബൈൽ ടവർ |
| 14 | 13 | 206/B(UAC) | 95415 | മൊബൈൽ ടവർ |
| 15 | 14 | 278/A(UAC) | 15408 | പാർപ്പിടം |
| 16 | 16 | 82/A(UAC) | ഇല്ല | പാർപ്പിടം |
| 17 | 16 | 83/A(UAC) | ഇല്ല | പാർപ്പിടം |
| 18 | 16 | 94/(UAC) | 14256 | പാർപ്പിടം |
| 19 | 16 | 99/A(UAC) | 33774 | പാർപ്പിടം |
| 20 | 16 | 99/B(UAC) | 21222 | പാർപ്പിടം |
| 21 | 16 | 126/(UAC) | 6480 | പാർപ്പിടം |
| 22 | 16 | 155/(UAC) | 8844 | പാർപ്പിടം |
| 23 | 16 | 172/(UAC) | 11604 | പാർപ്പിടം |
| 24 | 16 | 173/(UAC) | 13938 | പാർപ്പിടം |
| 25 | 16 | 173/A(UAC) | 18504 | പാർപ്പിടം |
| 26 | 16 | 224/UAC) | 16734 | പാർപ്പിടം |
| 27 | 16 | 256/B(UAC) | 9488 | പാർപ്പിടം |
| 28 | 16 | 256/C(UAC) | 10974 | പാർപ്പിടം |
| 29 | 16 | 279/(UAC) | 20898 | പാർപ്പിടം |
| 30 | 16 | 287/(UAC) | 14118 | പാർപ്പിടം |
| 31 | 16 | 306/A(UAC) | 23928 | പാർപ്പിടം |
| 32 | 17 | 439/A(UAC) | 95415 | മൊബൈൽ ടവർ |
| 33 | 17 | 729/A(UAC) | 95415 | മൊബൈൽ ടവർ |
| 34 | 19 | 151/A(UAC) | 72282 | മൊബൈൽ ടവർ |
| 35 | 22 | 201/A | ഇല്ല | പാർപ്പിടാവശ്യം |
| 36 | 24 | 240/A(UAC) | 69390 | മൊബൈൽ ടവർ |
| 37 | 30 | 8/B(UAC) | 86739 | മൊബൈൽ ടവർ |
| 38 | 32 | 597/A(UAC) | 69390 | മൊബൈൽ ടവർ |
| 39 | 34 | 340/C(UAC) | 69390 | മൊബൈൽ ടവർ |
| 40 | 34 | 340/D(UAC) | 69390 | മൊബൈൽ ടവർ |
| 41 | 34 | 417/A | 1421 | പാർപ്പിടം |
| 42 | 37 | 30/A(UAC) | 5970 | പാർപ്പിടം |
| | | | | |

| | | | | |
|---|---|---|---|---|
| 43 | 37 | 100/A(UAC) | 5790 | പാർപ്പിടം |
| 44 | 37 | 110/A(UAC) | 6348 | പാർപ്പിടം |
| 45 | 37 | 116/A(UAC) | 2688 | പാർപ്പിടം |
| 46 | 37 | 118/A(UAC) | 5724 | പാർപ്പിടം |
| 47 | 37 | 118/B/(UAC) | 4566 | പാർപ്പിടം |
| 48 | 37 | 118/C(UAC) | 6372 | പാർപ്പിടം |
| 49 | 37 | 147/A(UAC) | 6720 | പാർപ്പിടം |
| 50 | 37 | 149/(UAC) | 7764 | പാർപ്പിടം |
| 51 | 37 | 149/A(UAC) | 2502 | പാർപ്പിടം |
| 52 | 37 | 152/A(UAC) | 4962 | പാർപ്പിടം |
| 53 | 37 | 169/A(UAC) | 1102 | പാർപ്പിടം |
| 54 | 37 | 203/A(UAC) | 6114 | പാർപ്പിടം |
| 55 | 37 | 306/A(UAC) | 23928 | പാർപ്പിടം |
| 56 | 37 | 433/A(UAC) | 4470 | പാർപ്പിടം |
| 57 | 37 | 433/B(UAC) | 5676 | പാർപ്പിടം |
| 58 | 37 | 433/C(UAC) | 5652 | പാർപ്പിടം |
| 59 | 37 | 456/A(UAC) | 7158 | പാർപ്പിടം |
| 60 | 37 | 456/B(UAC) | 4404 | പാർപ്പിടം |
| 61 | 37 | 466/A(UAC) | 3426 | പാർപ്പിടം |
| 62 | 37 | 466/B(UAC) | 3942 | പാർപ്പിടം |
| 63 | 37 | 466/C(UAC) | 4242 | പാർപ്പിടം |
| 64 | 37 | 467/A(UAC) | 3556 | പാർപ്പിടം |
| 65 | 37 | 468/A(UAC) | 6000 | പാർപ്പിടം |
| 66 | 37 | 490/A(UAC) | 7806 | പാർപ്പിടം |
| 67 | 37 | 490/B(UAC) | 5586 | പാർപ്പിടം |
| 68 | 37 | 490/C(UAC) | 5472 | പാർപ്പിടം |
| 69 | 37 | 490/D(UAC) | 8244 | പാർപ്പിടം |
| 70 | 37 | 490/E(UAC) | 1812 | പാർപ്പിടം |
| 71 | 38 | 554/A(UAC) | ഇല്ല | പാർപ്പിടം |
| 72 | 39 | 490/A(UAC) | 104085 | മൊബൈൽ ടവർ |
| 73 | 41 | 30/A(UAC) | 13996 | പാർപ്പിടം |
| 74 | 41 | 145/A(UAC) | ഇല്ല | പാർപ്പിടം |

| | | | | |
|---|---|---|---|---|
| 75 | 41 | 146/A(UAC) | 1389 | പാർപ്പിടം |
| 76 | 43 | 487/A(UAC) | 104085 | മൊബൈൽ ടവർ |
| 77 | 43 | 488/(UAC) | 104085 | മൊബൈൽ ടവർ |
| 78 | 44 | 399A(UAC) | 104085 | മൊബൈൽ ടവർ |
| 79 | 45 | 259A(UAC) | 104085 | മൊബൈൽ ടവർ |
| 80 | 45 | 1912/A(UAC) | 1454880 | 200 ചതുരശ്രമീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിങ്ങ് മാളുകൾ |
| 81 | 45 | 1929/A(UAC) | 47028 | 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ,ഗോഡൗണുകൾ |
| 82 | 45 | 2002/A(UAC) | ഇല്ല | മൊബൈൽ ടവർ |
| 83 | 45 | 2530/A(UAC) | 104085 | മൊബൈൽ ടവർ |
| 84 | 45 | 2641/A81 | 104085 | മൊബൈൽ ടവർ |
| 85 | 45 | 2665/T(UAC) | 544085 | 100 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ, ഷോപ്പുകൾ, |
| 86 | 45 | 2841/A(UAC) | 104085 | മൊബൈൽ ടവർ |
| 87 | 45 | 3488/A(UAC) | 4916 | ഇതര വ്യവസായം |
| 88 | 45 | 3566/A(UAC) | 28510 | ഇതര വ്യവസായം |
| 89 | 45 | 4033/A(UAC) | ഇല്ല | 200 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിങ്ങ് മാളുകൾ |
| 90 | 45 | 4633/A(UAC) | 104085 | മൊബൈൽ ടവർ |
| 91 | 45 | 4633/B(UAC)) | 104085 | മൊബൈൽ ടവർ |
| 92 | 47 | 166/A(UAC) | 202854 | 100 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ |
| 93 | | 166/B(UAC) | 335562 | 100 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ |

| | | | | |
|---|---|---|---|---|
| | | | | മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ |
| 94 | | 350/A(UAC) | 104085 | മൊബൈൽ ടവർ |
| 95 | | 350/B(UAC) | 104085 | മൊബൈൽ ടവർ |
| 96 | | 350/C(UAC) | 104085 | മൊബൈൽ ടവർ |
| 97 | | 1680/F1(UAC) | 171732 | 100 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, ഗോഡൗണുകൾ |
| 98 | | 1680/F2(UAC) | 64967 | 100 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, ഗോഡൗണുകൾ |
| 99 | 48 | 161/F/UAC | ഇല്ല | 200 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ. |
| 100 | 48 | 194/A(UAC) | 75366 | 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ , റസ്റ്റോറന്റുകൾ, ഷോപ്പിംഗ് മാളുകൾ, ഗോഡൗണുകൾ |
| 101 | 48 | 561/A(UAC) | 104085 | മൊബൈൽ ടവർ |
| 102 | 48 | 1045/A(UAC) | 185580 | 100 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, |
| 103 | 48 | 1045/B(UAC) | 167034 | 100 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, ഗോഡൗണുകൾ |
| 104 | 48 | 1045/C(UAC) | 254832 | 100 ച.മീക്ക് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, ഗോഡൗണുകൾ |
| 105 | 48 | 1170/A(UAC) | 104085 | മൊബൈൽ ടവർ |
| 106 | 48 | 101/A(UAC) | ഇല്ല | പാർപ്പിടം |

| | | | | |
|---|---|---|---|---|
| 107 | 48 | 303/A(UAC) | 104085 | മൊബൈൽ ടവർ |
| 108 | 48 | 489/A(UAC | 2764 | പാർപ്പിടം |
| 109 | 52 | 2/(UAC) | 8526 | പാർപ്പിടം |
| 110 | 52 | 3/(UAC) | 12897 | പാർപ്പിടം |
| 111 | 52 | 4/(UAC) | 13881 | പാർപ്പിടം |
| 112 | 52 | 5/(UAC) | 6210 | പാർപ്പിടം |
| 113 | 52 | 6/(UAC) | ഇല്ല | പാർപ്പിടം |
| 114 | 52 | 35/A(UAC) | 104085 | മൊബൈൽ ടവർ |
| 115 | 52 | 300/A(UAC) | ഇല്ല | അസംബ്ലി കെട്ടിടം, ഓഡിറ്റോറിയം A/c |
| 116 | 52 | 479/A(UAC) | 86739 | മൊബൈൽ ടവർ |

മേൽ വിവരിച്ച 116 അനധികൃത കെട്ടിടങ്ങളിൽ 15 കെട്ടിടങ്ങൾക്ക് മാത്രമേ 2018-19 വർഷാവസാനം വരെയുള്ള വസ്തുനികുതി ഒടുക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 101 കെട്ടിടങ്ങളുടെ പ്രസ്തുത കാലയളവ് വരെയുള്ള വസ്തുനികുതി കുടിശ്ശിക 71,36,559 രൂപയാണ്. ഇതിൽ പകുതിയോളം തുക (₹ 31,34,145/-) 34 മൊബൈൽ ടവറുകളുടെ വസ്തുനികുതി ആണ്. ഭീമമായ തുക വസ്തുനികുതി കുടിശ്ശികയായി തുടരുന്നതിനുള്ള കാരണം വ്യക്തമല്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 13 കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ തരം 'വാണിജ്യം' എന്നും 2 കെട്ടിടങ്ങൾക്ക് 'ഇതര വ്യവസായം' എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരവും ഡി&ഒ ലൈസൻസിന്റെ വിവരവും ലഭ്യമല്ല .

നഗരസഭയുടെ അനുമതിയില്ലാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചും നിർമ്മാണം നടത്തിയ മേൽ വിവരിച്ച അനധികൃത കെട്ടിടങ്ങൾക്കെതിരെ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ടും മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയായി തുടരുന്നതിന്റെ കാരണം അറിയിക്കുന്നതിനുമായി നൽകിയ നമ്പർ 106/2018-19 തീയ്യതി.15.02.2020 എൻക്വയറിക്ക് സമർപ്പിച്ച മറുപടി തൃപ്തികരമല്ല.

അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭീമമായ വസ്തുനികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുത്ത് നഗരസഭ ഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്.

# 1-20 വാണിജ്യ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച മുഴുവൻ വിസ്തൃതിക്കും വസ്തുനികുതി നിർണ്ണയിച്ചില്ല.

നഗരസഭയിലെ ടൗൺഹാൾ വാർഡിലെ , ശ്രീ.ഹബീബ് മുഹമ്മദ് കല്ലു വെട്ടുകുഴിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ 547.13 ച.മീ. വിസ്തീർണ്ണത്തിന്

ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. 10.05.2018 തീയ്യതിയിലാണ് കെട്ടിട നിർമ്മാണം പൂർത്തിയായത്. വസ്തുനികുതി നിർണ്ണയിച്ചപ്പോൾ മേൽ കെട്ടിടത്തിലെ മുറികൾക്ക് 12/775 മുതൽ 12/788 വരെയും 12/893A മുതൽ 12/893 D വരെയുമുള്ള നമ്പറുകളാണ് നൽകിയിട്ടുള്ളത്. സഞ്ചയയിൽ നിന്നും ലഭ്യമായ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചപ്പോൾ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച മുഴുവൻ വിസ്തൃതിക്കും വസ്തുനികുതി നിർണ്ണയിക്കാത്തതായി കാണുന്നു. വ്യത്യാസം ചുവടെ പറയുന്നു.

| കെട്ടിടത്തിന്റെ വിസ്തീർണ്ണം (നിലകൾ തിരിച്ച്) | | | വ്യത്യാസം ($m^2$) |
|---|---|---|---|
| | ഒക്യുപെൻസി അനുവദിച്ചത് ($m^2$) | വസ്തുനികുതി നിർണ്ണയിച്ചത് ($m^2$) | |
| താഴത്തെനില | 163.29 | 163.29 | -- |
| ഒന്നാം നില | 239.34 | 181 | 58.34 |
| രണ്ടാം നില | 144.5 | 128.88 | 15.62 |
| ആകെ | 547.13 | 473.17 | 73.96 |

ഒക്യുപൻസി അനുവദിച്ച മുഴുവൻ വിസ്തൃതിക്കും വസ്തുനികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ചും കെട്ടിടത്തിലെ മുറികൾക്ക് തുടർച്ചയായ നമ്പറുകൾ നൽകാതെ പുതിയതായി നിർമ്മിച്ച മുറികൾക്ക് മറ്റൊരു കെട്ടിടവുമായി ബന്ധപ്പെടുത്തി അഡീഷണൽ നമ്പറുകൾ നൽകിയത് സംബന്ധിച്ചും അഭിപ്രായം അറിയിക്കാൻ നൽകിയ നമ്പർ 91/2018-19, തീയ്യതി.21.01.2020 ഓഡിറ്റ് എൻക്വയറിക്ക് നിയമാനുസൃതമായി വസ്തുനികുതി പുനർനിർണ്ണയം നടത്തി വിവരം അറിയിക്കാമെന്ന് അറിയിച്ചെങ്കിലും പ്രസ്തുത വിവരം ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

# 1-21 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകളും രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതും

1. നഗരസഭയിൽ 2018-19 വർഷം വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് (പുതിയ കെട്ടിടങ്ങൾ) ഓരോ വാർഡുകൾക്കും അസസ്മെന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത രജിസ്റ്ററുകളിൽ കെട്ടിടവുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല. കെട്ടിട നിർമ്മാണം പൂർത്തിയായ തീയ്യതിയും കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതിന്റെ വിവരവും കൃത്യമായി എഴുതിച്ചേർക്കുന്നില്ല. മേൽ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ സൂക്ഷിച്ച രേഖകളിലും ലഭ്യമല്ല. പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തിയ ചില കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണം പൂർത്തിയായ തീയ്യതിയുടെ കോളത്തിലും പെർമിറ്റ് അനുവദിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന കോളത്തിലും 01.01.1900 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റോഡുകളുടെ പേരുകൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ റോഡ് തരം അടിസ്ഥാനമാക്കിയുള്ള ഇളവും വർദ്ധനവും

കണക്കാക്കിയതിലെ കൃത്യത പരിശോധിക്കുന്നതിനും ഇതുവഴി വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും കഴിയില്ല.

2. ഹാജരാക്കിയ വസ്തുനികുതി നിർണ്ണയ ഫയലുകളിൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനും ഒക്യുപൻസി സർട്ടിഫിക്കറ്റും ലഭ്യമല്ല. വസ്തുനികുതി നിർണ്ണയം നടത്തിയ ഷോപ്പിംങ് കോംപ്ലക്സുകളിലെ മുറികൾ വിഭജിച്ച് പുതിയ നമ്പറുകൾ നൽകുമ്പോൾ ആദ്യം വസ്തുനികുതി നിർണ്ണയിച്ച ഫയലും പുതിയതായി നമ്പറുകൾ അനുവദിക്കുന്ന ഫയലും വെവ്വേറെ നമ്പറുകളിൽ സൂക്ഷിക്കുന്നതിനാലും ഓഡിറ്റിന് ഹാജരാക്കാത്തതിനാലും എതെങ്കിലും കെട്ടിടഭാഗം വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിൽ നിന്നും ഒഴിവായിട്ടുണ്ടോ എന്ന് പരിശോധിക്കാനും ഇത് വഴി നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും സാധിക്കുന്നില്ല. ഫയലുകളിൽ കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുകയും രജിസ്റ്ററുകളിൽ പെർമിറ്റും മറ്റും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് വസ്തുനികുതി നിർണ്ണയങ്ങളുടെ കൃത്യമായ പരിശോധനയ്ക്ക് തടസ്സം സൃഷ്ടിക്കുന്നതിനാൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

3. നഗരസഭ സെക്രട്ടറിയുടെ 18.01.2012 തീയ്യതിയിലെ ആർ1-3076/02 നമ്പർ വിജ്ഞാപനത്തിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും വസ്തുനികുതി നിർണ്ണയത്തിന് പ്രത്യേകം നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഒരേ വിഭാഗത്തിലുള്ളതും ഏകദേശം ഒരേ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിലാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. വിസ്തീർണ്ണം കൂടിയ കെട്ടിടങ്ങൾക്ക് താഴ്ന്ന നിരക്കിലും കുറഞ്ഞ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിലും വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. ഇത്തരം വസ്തുനികുതി നിർണ്ണയത്തിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടം നമ്പർ | വിസ്തീർണ്ണം | നിരക്ക് | വസ്തുനികുതി |
|---|---|---|---|
| 45//158A to K | 193 | 80 | 23171 |
| 17/357 A to G | 169.42 | 80 | 15227 |
| 19/105 A to F | 220.49 | 60 | 17010 |
| 50/279 A to G | 274.54 | 60 | 20631 |
| 14/516 A to M | 1620.2 | 80 | 178276 |
| 12/437 A to U | 1513.59 | 130 | 262999 |

ഒരെ കെട്ടിടത്തിന്റെ തന്നെ ( കെട്ടിട നമ്പർ 45/155 A to E) 138 ച.മീ വിസ്തീർണ്ണമുള്ള താഴത്തെ നില മൂന്ന മുറികളാക്കി വസ്തുനികുതി നിർണ്ണയിച്ചതിനാൽ 60 രൂപ നിരക്കിലും 122.59 വീതം വിസ്തീർണ്ണമുള്ള രണ്ടും മൂന്നും നിലകൾക്ക് 80 രൂപ നിരക്കിലുമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

4. ഒരു കെട്ടിടത്തിലെ തന്നെ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിട ഭാഗങ്ങളെ വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ

ചട്ടം 6 പ്രകാരമുള്ള തറ നിർമ്മാണത്തിനുള്ള വർദ്ധനവ് പരിഗണിക്കാതെയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.

ഉദാ : 1 . 45/3777 A to W

2. 45/4116 A to C5

നഗരസഭയിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെയും വലിയ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയത്തിന് പലതിലും വ്യത്യസ്ത നിരക്കുകളിലായി വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു.

മേൽ അപാകതകൾ ചൂണ്ടികാട്ടി നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ 102/2018-19 തീയ്യതി 03.02.2020) സമർപ്പിച്ച മറുപടിയിൽ , ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ഒരേ തരം കെട്ടിടങ്ങൾക്ക് സമാന രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നമ്പർ (3) ൽ സൂചിപ്പിച്ച പ്രകാരമുള്ള കാര്യങ്ങളിൽ വിസ്തീർണ്ണം കൂടിയ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് പുനപരിശോധന നടത്തി വസ്തുനികുതി വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പൂർണ്ണ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

## 1-22 ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു - നഗരസഭയ്ക്ക് വരുമാന നഷ്ടം.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാര ങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ സെക്രട്ടറിക്ക് നൽകേണ്ടതും അപേക്ഷ ക്രമപ്രകാരമാണെങ്കിൽ ലൈസൻസ് പുതുക്കി നൽകാവുന്നതുമാണ്. മേൽ ചട്ടങ്ങളുടെ ലംഘനത്തിൽ കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ 511ാം വകുപ്പ് അല്ലെങ്കിൽ 565ാം വകുപ്പ് 4ാം ഉപവകുപ്പ് പ്രകാരമുള്ള പിഴ ശിക്ഷ നൽകേണ്ടതാണ്.

2018-19 വർഷം ഡി&ഒ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ2017-18ൽ പ്രവർത്തിച്ചിരുന്നവയും 2018-19 വർഷം ഡി&ഒ ലൈസൻസ് പുതുക്കാത്തതുമായ ഒട്ടേറെ സ്ഥാപനങ്ങൾ നഗരസഭയിലുള്ളതായി കാണുന്നു. 2018-19 വർഷത്തെ ഡി&ഒ ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസ് ഫീസ് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക അടച്ചതിന്റെ വിവരം ഇല്ല. കെട്ടിട നമ്പറും സ്ഥാപനത്തിന്റെ പേരും മാത്രം രേഖപ്പെടുത്തിയതും ഡി&ഒ ലൈസൻസ് ഡിമാന്റ് ചെയ്യാത്തതുമായ സ്ഥാപനങ്ങളും രജിസ്റ്ററുകളിൽ ഉണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

## 2018-19 വർഷം ഡി&ഒ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം | വാർഡ് നം/ കെട്ടിട നമ്പർ | ഉടമയുടെ/ സ്ഥാപനത്തിന്റെ പേര് | കച്ചവടത്തിന്റെ തരം | ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 40/306 | ടി.പി.ഇർഷാദ്, കൈരളി സ്റ്റോർ | ഗ്രോസറി | 450 |
| 2 | 43/185 | നടമ്മൽ ഫൈസൽ | കൺഫക്ഷനറി, കൂൾ ഡ്രിങ്ക്സ് | 450 |
| 3 | 43/347 | ഡോ.അബ്ദുൾ സലിം | മെഡിസിൻ സെയിൽസ് | 1000 |
| 4 | 48/647 to 650 | സിഗ്മ സെറാമിക്സ് | സാനിറ്ററി ഗുഡ്സ് ടൈൽസ് | 4000 |
| 5 | 45/443 | A.T.സദാനന്ദൻ, നളിനി.പി.പി | കൂൾ ഡ്രിങ്ക്സ്, സ്റ്റേഷനറി | 500 |
| 6 | 45/1727 | മഹറൂഫ്.കെ, GSM മൊബൈൽ | ഇലക്ട്രോണിക് ഗുഡ്സ് | 1000 |
| 7 | 45/1775 | ആന്റണി സെബാസ്റ്റ്യൻ | സ്റ്റുഡിയോ | 500 |
| 8 | 45/1888 | കെ.ബി.റാഹി | ക്ലോത്ത്സ് | 1000 |
| 9 | 45/1918 | എ.പി.പവിത്രൻ | ബ്യൂട്ടി പാർലർ | 750 |
| 10 | 45/2291, 2292 | എൻ.സി.രാമചന്ദ്രൻ | ബേക്കറി | 1500 |
| 11 | 45/2315 | കെ.പി.ലക്ഷ്മണൻ | ക്ലോത്ത്സ് & ടൈലറിംഗ് | 600 |
| 12 | 45/2498, 2499 | കെ.ഉസ്മാൻ | ഇലക്ട്രോണിക്സ് ഗുഡ്സ് | 1000 |
| 13 | 45/2573 | എ.എം.പ്രദീപൻ | പ്ലാസ്റ്റിക് ഗുഡ്സ് | 1000 |
| 14 | 46/2634G | യൂസഫ് വി.കെ | ഫാൻസി | 1000 |
| 15 | 45/2766 | കെ.പി.കുഞ്ഞിമൂസ | ഫാൻസി | 750 |
| 16 | 45/2884 | മുഹമ്മദ് ഫിറോസ് | പെയിന്റ്സ് | 1000 |
| 17 | 45/3390 | കുഞ്ഞികൃഷ്ണൻ നമ്പ്യാർ ടീ സ്റ്റാൾ | ടീ ഷോപ്പ് | 1000 |
| 18 | 45/3464, 3465 | കെ.സുരേഷ് ബാബു | ബ്യൂട്ടി പാർലർ | 750 |
| 19 | 45/3541 | പി.കെ.മുസ്തഫ | റെഡീ മെയ്ഡ്സ് | 500 |
| 20 | 10/1 | ഫിജാസ്.എ.പി | ടീ സ്റ്റാൾ & കൂൾബാർ | 750 |
| 21 | 10/ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല | റിയുഫ്.എ.കെ | ബിസ്ക്കറ്റ് & കൺഫക്ഷനറി | 750 |
| 22 | 10/2 | ഫിജാസ്.എ.പി | ഗ്ലാസ്സ് ഡിസൈനിംഗ് | 750 |
| 23 | 10/17 | എൻ.കെ.മഹിജ | സ്റ്റീൽ ഫർണ്ണിച്ചർ കോട്ടൺ ഗുഡ്സ് | 2000 |
| 24 | 10/കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല | എം.ടി.മനോജ് കുമാർ | മെറ്റൽ ബീറ്റിംഗ്, വെൽഡിംഗ് | 750 |
| 25 | 10/കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല | റീത്ത.ടി | ഫൂട്ട് വെയർ | 600 |

| | | | | |
|---|---|---|---|---|
| 26 | 11/22 | സി.ദിനേശൻ | ഹോട്ടൽ | 1000 |
| 27 | 11/319 | അബൂബക്കർ സിദ്ദിഖ് | വെഹിക്കിൾ ഇന്റീരിയർ ക്ലീനിംഗ് | 750 |
| 28 | 11/525 | കെ.കെ.ലക്ഷ്മണൻ | ടയർ റീസോളിംഗ് | 500 |
| 29 | 11/534 | കെ.സുരേന്ദ്രൻ | ബാറ്ററി ചാർജ്ജിംഗ് ഇലക്ട്രിക്കൽ ഗുഡ്സ് | 250 |
| 30 | 11/544 | ജിതേഷ്.കെ | ഇലക്ട്രോണിക് ഗുഡ്സ്, സെയിൽസ് & സർവ്വീസ് | 2000 |
| 31 | 12/GF4 | ഷിജിത്ത്.കെ | സ്റ്റിക്കർ വർക്ക് ഇലക്ട്രിക്കൽ എലിമെന്റ്സ് വെഹിക്കിൾ | 500 |
| 32 | 12/18 | പ്രകാശൻ.പി | ഓട്ടോറിക്ഷാ ബോഡി വർക്സ് വെൽഡിംഗ് | 750 |
| 33 | 12/165B | പി.എം.അബ്ദുൾ ബഷീർ | ഇൻസ്റ്റന്റ് ടീ | 500 |
| 34 | 12/കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല | ഷബാന.കെ.എം | കൂൾ ഡ്രിങ്ക്സ്&സ്റ്റേഷനറി | 700 |
| 35 | 12/220 | രാജീവ് വി.വി | ഇലക്ട്രിക്കൽ ഗുഡ്സ്, റിപ്പയറിംഗ് | 500 |
| 36 | 12/233 | പി.ഇ.അബ്ദുൾനാസർ | ഇലക്ട്രിക്കൽ ഗുഡ്സ്, പ്ലാസ്റ്റിക്ക് ഗുഡ്സ്, മൊബൈൽ ഷോപ്പ് | 1000 |
| 37 | 12/253 | തഫ്സീർ | കൂൾഡ്രിംങ്ക്സ്, കൺഫക്ഷനറി | 600 |
| 38 | 12/262 | രതി ദാമോദരൻ | ബീറ്റിംഗ് മെറ്റൽസ് അയൺ ഗുഡ്സ് | 600 |
| 39 | 12/358, 360, 366, 367 | സഹീർ.പി.കെ | ഗ്ലാസ്സ് ഹാന്റ് വർക്സ് | 600 |
| 40 | 12/378 | സവിത.പി | കമ്പ്യൂട്ടർ വർക്സ് | 550 |
| 41 | 12/440, 441, 442 | കെ.അനീഷ് | ഫർണ്ണിച്ചർ | 2000 |
| 42 | 12/461, 462, 463 | കെ.അനീഷ് | ഫർണ്ണിച്ചർ | 2000 |
| 43 | 12/465 | സുബിത്ത്.എസ് | കമ്പ്യൂട്ടർ സെയിൽസ് | 1000 |
| 44 | 12/511 | രഷിത.പി.കെ | പ്ലാസ്റ്റിക് ഗുഡ്സ്, പേപ്പർ ഗുഡ്സ് | 600 |
| 45 | 12/527A, B, C | കെ.അനീഷ് | ഫർണ്ണിച്ചർ | 3000 |
| 46 | 12/655, 656 | ലഹാൻ റഹ് ബാർഷക്കി | മോട്ടോർ വെഹിക്കിൾ | 1000 |

| | | | | |
|---|---|---|---|---|
| | | | ആക്സസറീസ് | |
| 47 | 12/കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല | സി.മുഹമ്മദ് | അയൺ ഗുഡ്സ് | 500 |
| 48 | 12/721 | ജിതേഷ്.ഇ | ഹാർഡ് വെയർ | 1000 |
| 49 | 12/783 | തഫ്സൽ ഇജാസ് | ചപ്പൽസ്, ബാഗ്സ് | 1000 |
| 50 | 12/791 | എൻ.കെ.പാത്തുട്ടി | കൺഫക്ഷനറി | 700 |
| 51 | 12/792 | കെ.കെ.മോഹൻദാസ് | ബാറ്ററി സെയിൽസ് | 1000 |
| 52 | 12/835, 836, 837 | കെ.കെ.നിഷാന്ത് | ഓട്ടോമൊബൈൽ | 600 |
| 53 | 12/788 | സുൽഫിക്കർ.കെ | അലോപ്പതി മെഡിസിൻ | 1000 |
| 54 | 12/833 | എൻ.വി.ഫർഹാൻ | ഇ-ലേണിംഗ് | 500 |
| 55 | 12/888 | വി.പി.ഉമ്മർ | മിൽക്ക് പ്രൊഡക്ട്സ് | 500 |
| 56 | 12/987 | സഫീറ എം.സി | ഇല്ട്രിക്കൽ ഗുഡ്സ് | 2000 |
| 57 | 12/934 | ഷിഹാബുദ്ദീൻ.കെ | സൺ ക്ലിംഗ് | 500 |
| 58 | 12/1012 GF-5 | റയീസി.പി.കെ | ബാറ്ററി ചാർജിംഗ് | 1000 |
| 59 | 13/434 | മുഹമ്മദ് മിഫ്ദാസ് | ഓട്ടോമൊബൈൽ സ്പെയർ പാർട്സ് | 1000 |
| 60 | 13/502 | സി.പി.സൈറ മുഹമ്മദ് | ടെയിലറിംഗ് | 400 |
| 61 | 13/523 | ജയരാജ് ടി.എ | ടെയിലറിംഗ് | 400 |
| 62 | 14/9 | പ്രകാശൻ ചാമരി | സ്ക്രാപ്പ് | 400 |
| 63 | 14/502 | സി.പി.സൈറ മുഹമ്മദ് | ടെയിലറിംഗ് | 400 |
| 64 | 7/42 | ഷാജി, മധുരിമ ബേക്കറി | ബേക്കറി എെറ്റംസ് | 500 |
| 65 | 5/221 | വിനീഷ്.പി | ബേക്കിംഗ് യൂണിറ്റ് | 1000 |
| 66 | 45/338 | എം.രവീന്ദ്രൻ | വെള്ളി ആഭരണങ്ങൾ | 400 |
| 67 | 45/354 to 356 | സാദിഖ്.കെ.പി | റെഡിമെയ്ഡ്സ് | 1000 |
| 68 | 45/500 | ഇഖ് ബാൽ.എ.കെ | ഫൂട്ട് വെയർ | 400 |
| 69 | 47/1560 | അബ്ദുൾ ലത്തീഫ് | ഗ്രോസറി | 800 |
| 70 | 47/1677, 1678 | കെ.പി.ഉമ്മർ | ഹോം അപ്ലയൻസസ് | 1500 |
| 71 | 47/987 | കെ.പി.മറിയു | ഗാർമെൻസ് | 1000 |
| 72 | 48/49 | സാറ.എ.പി | സോഡ മെയ്ക്കിംഗ് | രേഖപ്പെടുത്തിയിട്ടില്ല. |
| 73 | 48/64, 65, 66 | ആഫിക് താഹിർ | ടൈൽസ് & സാനിറ്ററി ഗുഡ്സ് | രേഖപ്പെടുത്തിയിട്ടില്ല |
| 74 | 48/966 | അബ്ദുൾ റഹമാൻ | രേഖപ്പെടുത്തിയിട്ടില്ല. | രേഖപ്പെടുത്തിയിട്ടില്ല. |
| | | | | |

| | | | | |
|---|---|---|---|---|
| 75 | 48/1036 | ഷൈനു.ബി | മിൽക്ക് പ്രൊഡക്ട്സ് | രേഖപ്പെടുത്തിയിട്ടില്ല. |
| 76 | 48/1075 | സഹദേവൻ.ടി.പി | ബേക്കറി &സ്വീറ്റ്സ് | രേഖപ്പെടുത്തിയിട്ടില്ല. |
| 77 | 47/11 | മനോഹരി.എൻ | കൺഫക്ഷനറി | രേഖപ്പെടുത്തിയിട്ടില്ല. |
| 78 | 47/203,204 | റിയാസ്.കെ.പി | റെസ്റ്റോറന്റ് | രേഖപ്പെടുത്തിയിട്ടില്ല. |
| 79 | 47/1131 | ബഷീർ.എ | സ്ക്രാപ്പ് അയൺ | 500 |
| 80 | 47/1224 | സമീർ.ടി.കെ | ഓൾഡ് വെഹിക്കിൾ പാർട്സ് | 500 |
| 81 | 47/1312 | ഫയിസത്ത് എ.പി | ലെതർ ഗുഡ്സ് | രേഖപ്പെടുത്തിയിട്ടില്ല. |

2018-19 വർഷം ഡി&ഒ ലൈസൻസ് പുതുക്കാത്തതിന്റെ കാരണവും സ്ഥാപനങ്ങൾക്കെതിരെ നഗരസഭ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ 112/2018-19 തീയ്യതി 25.02.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഹെൽത്ത് സൂപ്പർവൈസർ സമർപ്പിച്ച മറുപടിയിൽ ഏതാനും സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയതായും ചില സ്ഥാപനങ്ങൾ പൂട്ടിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ ചേർത്ത സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2018-19 വർഷം പ്രവർത്തിച്ചവയിൽ ഡി&ഒ ലൈസൻസ് പുതുക്കാത്ത എല്ലാ സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീ കുടിശ്ശിക ഈൗടാക്കേണ്ടതാണ്.

# 1-23 തൊഴിൽനികുതി കണക്കാക്കിയതിൽ ബോണസ്സ്/ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്തുന്നില്ല

തലശ്ശേരി ജനറൽ ഹോസ്പിറ്റൽ ജീവനക്കാരുടെ 2018-19 വർഷത്തെ തൊഴിൽനികുതി റിട്ടേണുകൾ പരിശോധിച്ചതിൽനിന്നും ബോണസ്സ്/ഫെസ്റ്റിവെൽ അലവൻസ് ഉൾപ്പെടുത്താതെ അർദ്ധ വാർഷിക വരുമാനം കണക്കാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും മറ്റ് വിവരങ്ങളും | അർദ്ധ വർഷം | അടിസ്ഥാന ശമ്പളം | ഡി.എ. | ബോണസ്സ്/ അഡ്വാൻസ്സ് | അവധി ശമ്പളം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ അർദ്ധ വാർഷിക നികുതി |
|---|---|---|---|---|---|---|---|---|
| 1 | നിർമ്മല പി., ഹോസ്പിറ്റൽ അറ്റന്റന്റ് | I | 99000 | 14250 | 0 | 0 | 113850 | 1000 (200770 / 29.9.18) |
| | | II | 102000 | 15300 | 0 | 0 | 117300 | 1000 (200172 /14.3.19) |
| 2 | സുമതി എ., ഹോസ്പിറ്റൽ അറ്റന്റന്റ് | I | 99000 | 14250 | 0 | 0 | 113850 | 1000 (200770/ 29.9.18 ) |
| | | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഗ്രേഡ് II | II | 101500 | 15225 | 0 | 0 | 116725 | 1000 200172/ 14.3.19) |
| 3 | ശ്രീജിത്ത് കെ., ഹോസ്പിറ്റൽ അറ്റന്റന്റ് | I | 99000 | 14150 | 0 | 0 | 113850 | 1000 (200770/ 24.4.18) |
| | | II | 99000 | 14850 | 0 | 0 | 113850 | 1000 (200172/ 24.3.19 |
| 4 | ബെബി ത്രേസ്യ ഗോൺസാൽവസ്സ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II | I | 99000 | 14850 | 0 | 0 | 1139850 | 1000 (200770/ 24.4.18) |
| | | II | 99000 | 14850 | 0 | 0 | 113985 | 1000 ((200172/ 24.3.19) |
| 5 | ബിന്ദു എം., ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II | I | 105000 | 15400 | 0 | 0 | 120750 | 1000 (200770/ 24.4.18) |
| | | II | 108000 | 16200 | 0 | 0 | 121200 | 1000 (200172/ 24.3.19 |
| 6 | പ്രസീദ കെ., ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 11 | I | 105000 | 15400 | 0 | 0 | 120750 | 1000 (200770/ 24.4.18) |
| | | II | 108000 | 16200 | 0 | 0 | 124200 | 1000 (200172/ 24.3.19 |

ബോണസ്സ്/ഫെസ്റ്റിവെൽ അലവൻസ് എന്നിവ രണ്ട് അർദ്ധ വർഷത്തിലും ഉൾപ്പെടുത്താതെ റിട്ടേണുകൾ സമർപ്പിച്ചതിൽനിന്നും റിട്ടേണുകളുടെ കൃത്യതയില്ലായ്മ വ്യക്തമാണ്. ക്രമനമ്പർ 6 ന്റെ രണ്ടാം അർദ്ധ വർഷത്തിൽ ഇവ ഉൾപ്പെടുത്തുമ്പോൾ അർദ്ധ വാർഷിക വരുമാനം 1,25,000 രൂപയിൽ അധികമാകാനും തൊഴിൽനികുതി 1,250 രൂപ നിരക്കിൽ ഈടാക്കേണ്ടതായും വരും. കൂടാതെ മേൽ ജീവനക്കാരിൽ ആരുടെയും ആർജ്ജിതാവധി സറണ്ടർ തുകയുടെ വിവരവും റിട്ടേണിൽ ഉൾപ്പെടുത്തിയിട്ടില്ല. 2018-19 വർഷത്തിൽ ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ നികുതി നിരക്കിൽ മാറ്റം വരാൻ സാധ്യതയുണ്ട്. ഇത് സംബന്ധിച്ച് 17.12.2019 തീയ്യതിയിലെ 81/2018-19 നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ട് അർദ്ധ വർഷ വരുമാന കാര്യത്തിൽ കൃത്യത വരുത്തി തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-24 തൊഴിൽനികുതി ഈൗടാക്കാത്തതും ഡിമാന്റ് രജിസ്റ്ററിലെ അപാകതകളും

**I. തൊഴിൽനികുതി ഈൗടാക്കിയില്ല.**

2018-19 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽനികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽനിന്നും നഗരസഭ പരിധിയിൽ ഉൾപ്പെട്ട നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും സ്ഥാപനത്തിൽനിന്നും തൊഴിൽനികുതി ഈൗടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷം 'X ' എന്ന് മാർക്ക് ചെയ്തിരിക്കുന്നു)

| നം | സ്ഥാപനം | വാർഡ് | അർദ്ധവർഷം | |
|---|---|---|---|---|
| | | | I | II |
| 1 | എസ്.കെ.എം ഫീഡ്സ്, കൊളശ്ശേരി | 9 | | X |
| 2 | ദീക്ഷാ കോപ്പറേറ്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് | 10 | X | X |
| 3 | ഭാഷിത എഞ്ചിനീയറിംഗ് വർക്സ് , ചിറക്കര | 11 | | X |
| 4 | ബെസ്റ്റ് നഴ്സറി സ്കൂൾ, ചിറക്കര | 12 | X | X |
| 5 | ജയഭാരതി കൺഫെക്ഷനറി, ചിറക്കര | 12 | X | X |
| 6 | യൂണിറ്റി ഹോസ്പിറ്റൽ | 12 | | X |
| 7 | അസി.വാല്യൂവേഷൻ ഓഫീസറുടെ കാര്യാലയം | 12 | X | X |
| 8 | അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ, തലശ്ശേരി, PCARD Bബാങ്ക് ലിമിറ്റഡ് | 12 | X | X |
| 9 | ഗണേശ് ഇൻഡസ്ട്രീസ് | 12 | X | X |
| 10 | ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസ് | 12 | | X |
| 11 | കോ-ഓപ്പറേറ്റീവ് കയർ സൊസൈറ്റി, എരഞ്ഞോളി | 14 | | X |
| 12 | PWD ഇറിഗേഷൻ സെക്ഷൻ, അസി.എക്സി.എഞ്ചിനീയർ | 15 | X | X |
| 13 | PWD ഇറിഗേഷൻ ASE സെക്ഷൻ | 15 | X | X |
| 14 | മലബാർ പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 17 | X | X |
| 15 | KSEB സൗത്ത് എച്ച് സെക്ഷൻ, തലശ്ശേരി | 17 | X | X |
| 16 | സ്കൂൾ ഓഫ് ആർട്സ്, മഞ്ഞോടി | 17 | X | |
| 17 | കണ്ണൂർ ജില്ലാ ബാങ്ക് | 17 | X | X |
| 18 | പുന്നോൽ ബ്രാഞ്ച് പോസ്റ്റോഫീസ് | 34 | | X |
| 19 | ടാഗോർ വിദ്യാപീഠം, നങ്ങാറത്ത് പീടിക | 36 | X | X |

| | | | | |
|---|---|---|---|---|
| 20 | ക്ലാസ്സിക് മാർബിൾ | 37 | X | |
| 21 | ലൈഫ് കെയർ ക്ലിനിക് & ഫാർമസി | 38 | X | |
| 22 | സെക്രട്ടറി, അർബൻ ബാങ്ക് | 43 | X | X |
| 23 | ലിൻഡാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് | 45 | X | X |
| 24 | FLF ഫ്യൂച്ചർ ലൈഫ് സ്റ്റൈൽ ഫാഷൻസ് | 45 | | X |
| 25 | ഗുരുകുലം കമ്പ്യൂട്ടർ എഡ്യൂക്കേഷൻ | 45 | X | X |
| 26 | സുജിത്ത് ഡ്രസ്സ് ലാന്റ് | 45 | X | |
| 27 | എെ.ഡി.ബി.എെ ബാങ്ക്, തലശ്ശേരി | 45 | | X |
| 28 | സാതോ ടൈലറിംഗ് , പി.വി കോംപ്ലക്സ് | 45 | X | X |
| 29 | എയിറോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ | 45 | X | X |
| 30 | കല്യാൺ ജ്വല്ലേർസ് | 45 | | X |
| 31 | ജി.ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ | 45 | X | X |
| 32 | ഫാഷൻസ് ഫാമിലി പ്ലാസ്റ്റിക്ക് & മെറ്റൽസ് ലോഗൻസ് റോഡ് & മണവാട്ടി ജംഗ്ഷൻ | 45 | X | X |
| 33 | എെഡിയ ഷോറൂം | 45 | X | X |
| 34 | നെടുമ്പറമ്പിൽ ക്രെഡിറ്റ്സ് | 45 | X | X |
| 35 | സാംസങ്ങ് കസ്റ്റമർ കെയർ | 45 | X | |
| 36 | എയർബോൺ കോളേജ് ഓഫ് ഏവിയേഷൻ | 45 | X | X |
| 37 | CTAC ഡിസ്റ്റൻസ് എഡ്യുക്കേഷൻ | 45 | X | X |
| 38 | വനിത കോ-ഓപ്പറേറ്റീവ് കോളേജ് | 45 | X | X |
| 39 | ഇന്ത്യൻ കോപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | 45 | X | |
| 40 | പ്രൊഫഷണൽ കൊറിയേഴ്സ്, പാരീസ് ലോഡ്ജ് | 45 | X | X |
| 41 | പ്രൊഫഷണൽ കൊറിയേഴ്സ്, ന്യൂ ബസ്റ്റാന്റ് | 45 | X | X |
| 42 | നീതി ലാബ് | 45 | X | |
| 43 | കണ്ണൂർ സർവ്വോദയ ഖാദി വ്യവസാം -NCC റോഡ് | 45 | X | |
| 44 | എൽ.ബി.എസ് പുതിയ ബസ് സ്റ്റാന്റ് | 45 | X | X |
| 45 | ഇൻഡോ അറബ് ട്രാവൽ ഏജൻസീസ് | 45 | | X |
| 46 | സിലിക്കോൺ ഫൂട്ട് വെയർ & ബാഗ്സ് | 45 | X | X |
| 47 | എക്സ് പാന്റ് സയൻസ് സെന്റർ | 45 | X | X |
| 48 | Syosys | 45 | X | X |
| 49 | ICICI പ്രുഡൻഷ്യൽ ലൈഫ് ഇൻഷൂറൻസ് | 45 | | X |
| 50 | ലിബർട്ടി പാരഡൈസ് | 45 | X | X |

| | | | | |
|---|---|---|---|---|
| 51 | ബാറ്റാ സ്റ്റോർ, ലിബർട്ടി കോംപ്ലക്സ് | 45 | | X |
| 52 | ഇൻഡോ ഫോറിൻ ലിങ്ക് പ്രൈവറ്റ് ലിമിറ്റഡ് | 45 | X | X |
| 53 | Quess | 45 | | X |
| 54 | ആദിത്യ ബിർല ഫാഷൻ റീട്ടെയിൽ | 45 | | X |
| 55 | വിൻഡോ സോഫ്റ്റ് | 45 | X | X |
| 56 | Foodex | 45 | X | X |
| 57 | ശാന്തിഗിരി ആയുർവേദിക് ഹോസ്പിറ്റൽ | 45 | X | X |
| 58 | മൈന്റ്-പ്ലസ്സ് സൈക്കോളജിക്കൽ സർവ്വീസസ്, എവറസ്റ്റ് ബിൽഡിംഗ്, നാരാങ്ങാപ്പുറം | 45 | X | X |
| 59 | SECT അക്കാദമി | 45 | X | X |
| 60 | കെൽട്രോൺ ഫ്രാഞ്ചൈസ് ആനിമേഷൻ സെന്റർ | 45 | X | X |
| 61 | കോ-ഓപ്പറേറ്റീവ് നീതി സ്റ്റോർ | 45 | X | X |
| 62 | MCSI tobes | 45 | X | X |
| 63 | ശ്രീ ഗുരുവായൂരപ്പൻ ചിറ്റ്സ് | 45 | X | |
| 64 | ഗൾഫ് വെഡിംഗ് | 45 | X | X |
| 65 | Tech CNC പ്രോഗ്രാം സെന്റർ | 45 | X | X |
| 66 | അശ്വിൻ ഫാസ്റ്റ് ഫുഡ് | 45 | X | |
| 67 | ടേസ്റ്റി ഹാറ്റ് | 45 | | X |
| 68 | ഹാന്റക്സ് എംബോറിയം - സ്റ്റേറ്റ് ഹാന്റ് ലൂം വീവേർഴ്സ് കോപ്പറേറ്റീവ് സോസൈറ്റി. | 47 | X | |
| 69 | ടെക്സ്റ്റൈൽ സിൻഡിക്കേറ്റ് | 47 | | X |
| 70 | ഫൈവ് സ്റ്റാർ എെസ് ഫാക്ടറി. | 47 | X | X |
| 71 | M/s സോണിക്ക് ഹാർഡ് വെയർ & ഇലക്ട്രിക്കൽസ് | 47 | X | X |
| 72 | മാർക്ക് ടെക് സ്റ്റൈൽസ് | 47 | X | |
| 73 | നിത്യാനന്ദൻ പീപ്പിൾസ് റേഡിയോ | 47 | X | X |
| 74 | ജൂബിലി റസ്റ്റോറന്റ് | 47 | X | X |
| 75 | ആർ.കെ.വെഡിംഗ് കലക്ഷൻ | 47 | X | X |
| 76 | ഗ്രീൻ ലീഫ് റസ്റ്റോറന്റ് | 47 | X | X |
| 77 | അൽബെയ്ക്ക് ഫാമിലി റസ്റ്റോറന്റ് | 47 | X | |
| 78 | സിറ്റി ലാബ് | 47 | X | X |
| 79 | മെഡിനോവ സ്കാനിംഗ് സെന്റർ | 47 | X | |
| 80 | മെഡിനോവ ലാബ് | 47 | X | X |
| | | | | |

| | | | | |
|---|---|---|---|---|
| 81 | സൈബറേജ് മൊബൈൽ സർവ്വീസ് സെന്റർ | 47 | X | X |
| 82 | മൊണാർക്ക് ജന്റസ് ഫാഷൻസ് | 48 | X | X |
| 83 | ജയഭാരതി സ്വീറ്റ്സ് | 48 | | X |
| 84 | സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് | 48 | X | |
| 85 | സൺ ഷൈൻ DTH സർവ്വീസസ് | 48 | X | X |
| 86 | തലശ്ശേരി അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 48 | | X |
| 87 | സിഗ്മാ സെറാമിക്സ് | 48 | X | X |
| 88 | പുഷ്പ സാരീസ് & റെഡിമെയ്ഡ് | 48 | X | X |
| 89 | റിലയൻസ് ജിയോ | 48 | | X |
| 90 | കോ-ഓപ്പറേറ്റീവ് ബാങ്ക് മെഡിക്കൽ സ്റ്റോർ | 48 | X | X |
| 91 | ATK എന്റർ പ്രൈസസ് | 48 | X | X |
| 92 | നിയ ഡെന്റൽ ക്ലിനിക്ക് | 48 | X | X |
| 93 | സൗന്ദര്യ ഫാൻസി | 48 | X | X |
| 94 | ഹോട്ടൽ നവരത്ന | 48 | X | X |
| 95 | മോഡേൺ ഹോട്ടൽ | 48 | X | X |
| 96 | പ്രൊഫഷണൽ കൊറിയർ | 48 | X | X |
| 97 | ദിൽനാ ഗ്ലാസ്സ് & പ്ലൈവുഡ് | 49 | X | X |
| 98 | വി.കെ.ഫാമിലി സൂപ്പർമാർക്കറ്റ്, വെജിറ്റബിൾസ് & ഫ്രൂട്ട്സ് | 49 | X | X |
| 99 | സുനിത ടിമ്പർ വർക്സ് | 50 | X | X |
| 100 | ബ്രൈറ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 51 | | X |
| 101 | സിറ്റി മറ്റേണിറ്റി സെന്റർ, തലശ്ശേരി | 52 | X | X |

**II. <u>ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് തൊഴിൽനികുതി ഈടാക്കിയില്ല</u>**

നഗരസഭ റവന്യൂ ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ തലശ്ശേരി നഗരസഭ പരിധിയിൽ വരുന്ന 2018-19 വർഷം തൊഴിൽനികുതി ഈടാക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളുടെ വിവരം കാണിക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങളെയും അവയിലെ ജീവനക്കാരെയും തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുകയോ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | വാർഡ് നം |
|---|---|---|
| 1 | HAR കാർ പ്രൈവറ്റ് ലിമിറ്റഡ് | 44 |
| 2 | മാരുതി സുസുകി | 45 |

| | | |
|---|---|---|
| 3 | നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് | 47 |
| 4 | ഷൈല്ല ഹിന്ദ് | 47 |
| 5 | കെ.ആർ.ബിസ്കറ്റ് | 48 |
| 6 | കണ്ണൂർ ജില്ലാ എൽ.എെ.സി ഏജന്റ്സ് വെൽഫയർ സൊസൈറ്റി, ഷകാസ് ബിൽഡിംഗ് | 48 |
| 7 | ഹോം ഫാക്ടറി, ഗുഡ് ഷെഡ് റോഡ് | 48 |
| 8 | സാറാ എമ്പോറിയം, ഗുഡ് ഷെഡ് റോഡ് | 48 |
| 9 | കെ.വി.ആർ മോട്ടോർ | 48 |
| 10 | വിക്ടോറിയ ബാർ | 52 |
| 11 | കെയർ ഫെസിലിറ്റീസ് മനേജ്മെന്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് | 12 |
| 12 | ടെൽക്കോ എെസ് & കോൾഡ് സ്റ്റോറേജ് , തലായി | 37 |
| 13 | പവർ & ഫ്ലോർ (II ാം അർദ്ധ വർഷം മുതൽ) | 15 |

III. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ പേരു വിവരം, രസീത് നമ്പർ എന്നിവ ചേർക്കുന്നില്ല. ആകെ തുകയും അടച്ച തീയ്യതിയും മാത്രമാണ് ചേർക്കുന്നത്. ഡിമാന്റ് രജിസ്റ്ററിലെ തുകകൾ കൂട്ടിയിട്ട് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി ആധികാരികമായിട്ടില്ല.

ക്രമ നമ്പർ I ൽ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും റിട്ടേണുകൾ ലഭ്യമാക്കി തൊഴിൽനികുതി ഇൗടാക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണെന്നും തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കാത്തതിന് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും ക്രമ നമ്പർ II ൽ ചേർത്ത സ്ഥാപനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർക്കാതിരുന്നതിനും തൊഴിൽനികുതി ഇൗടാക്കാതിരുന്നതിനും കാരണം അറിയിക്കേണ്ടതാണെന്നും നഗരസഭയ്ക്കുണ്ടായ തൊഴിൽ നികുതി നഷ്ടം ഇൗടാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് 17.12.2019 തീയ്യതിയിലെ 80/2018-19 നമ്പറിലുള്ള ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ പട്ടിക I ലെ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഇൗടാക്കിയ വിവരം അറിയിച്ചിട്ടില്ല.

I, II എന്നീ ക്രമ നമ്പറുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ട സ്ഥാപനങ്ങളിൽനിന്ന് ആയതും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-25 തൊഴിൽനികുതി-ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

2018-19 വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ താഴെ കൊടുത്തിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

1. ചട്ടം 5 പ്രകാരം II- ാം നമ്പർ ഫോറത്തിൽ വിവരങ്ങൾ സമർപ്പിക്കാൻ സ്ഥാപനത്തിന്റെ ഉടമയോട് /കൈവശക്കാരനോട് ആവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സെക്രട്ടറി ഫോറം/ നോട്ടീസ് നൽകുന്നില്ല.
2. ചട്ടം 6 പ്രകാരം IV- ാം നമ്പർ ഫോറത്തിൽ വിവരങ്ങൾ സമർപ്പിക്കാൻ തൊഴിലുടമയോ അവരുടെ പ്രതിനിധികളോടോ ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ സെക്രട്ടറി ഫോറം III ൽ നോട്ടീസ് നല്കുന്നില്ല.
3. ചട്ടം 8 പ്രകാരം ഓരോ വർഷവും ഏപ്രിൽ മാസത്തിൽ ഓരോ ഓഫീസ് മേധാവിക്കും അല്ലെങ്കിൽ 252ാം വകുപ്പ് പ്രകാരം തൊഴിൽനികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൽ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും മറ്റുവിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ സെക്രട്ടറി ഫോറം V ൽ നോട്ടീസ് നൽകുന്നില്ല.

മേൽ രേഖകൾ ആവശ്യപ്പെട്ട് 22.11.2019 തീയ്യതിയിൽ 10/2018-19 നമ്പർ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതിനും രേഖകൾ സൂക്ഷിക്കാത്തത് സംബന്ധിച്ചും അഭിപ്രായം ലഭ്യമാക്കാനാവശ്യപ്പെട്ട് 02.12.2019 തീയ്യതിയിലെ 77/2018-19 നമ്പരിലുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരമുള്ള II-ാം നമ്പർ ഫോറം പ്രകാരവും, ചട്ടം (6) പ്രകാരം IV-ാം നമ്പർ ഫോറം പ്രകാരവും ഉള്ള നോട്ടീസ് തയ്യാറാക്കി ആർക്കും അയച്ചിട്ടില്ലാത്തതാണെന്നും ചട്ടം (8) ഫോറം V പ്രകാരമുള്ള നോട്ടീസും ഇതേവരെ ആർക്കും നൽകിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ചട്ടം 9 ലെ VI, VII പ്രകാരമുള്ള നോട്ടീസ് പ്രകാരമാണ് വിവരശേഖരണം നടത്തിയിരിക്കുന്നത് എന്നും സ്ഥാപനങ്ങൾക്ക് നോട്ടീസ് പ്രകാരം വിവരം ആരായുകയും സ്ഥാപനങ്ങൾ കൃത്യമായും റിട്ടേൺസ് നൽകുകയും ചെയ്തിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. റിട്ടേൺ നൽകാത്ത സ്ഥാപന മേധാവികൾക്ക് ചട്ടപ്രകാരം നോട്ടീസ് നൽകുകയും ലിസ്റ്റ് നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൊഴിൽനികുതി പിരിവിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യപ്പെട്ട നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-26 തൊഴിൽനികുതി-ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

W.P(c)No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ ബി.എസ്.എൻ.എൽ-ന്റെ

സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ നിയമ തടസ്സമില്ല എന്ന് ബഹു.കേരളാ ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽനിന്ന് 1250 രൂപ നിരക്കിൽ ഒരു അർദ്ധ വർഷം തൊഴിൽനികുതി ഈടാക്കണമെന്ന് 2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തലശ്ശേരി നഗരസഭാ പരിധിയിലെ ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽനിന്ന് 2018-19 ൽ രണ്ട് അർദ്ധവർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖയില്ല. ഇത് സംബന്ധിച്ച് 05.02.2020 തീയ്യതിയിലെ 103/2018-19 നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൊഴിൽനികുതി ഒടുക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത സ്ഥാപനത്തിന് കത്തും ഡിമാന്റ് നോട്ടീസും അയച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27 സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല

2018-19 സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലും താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം. | സ്ഥാപനം | വാർഡ് നം. |
|---|---|---|
| 1 | തലശ്ശേരി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്(മഞ്ഞോടി ബ്രാഞ്ച്) | ലഭ്യമല്ല |
| 2 | തലശ്ശേരി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്(വനിതാ ഹോസ്റ്റൽ) | ലഭ്യമല്ല |
| 3 | തലശ്ശേരി പ്രൈമറി കോപ്പറേറ്റീവ് & റൂറൽ ബാങ്ക് ലിമിറ്റഡ് (തലശ്ശേരി ബ്രാഞ്ച്) | ലഭ്യമല്ല |

17.02.2020 തീയ്യതിയിലെ 107/2018-19 നമ്പരിൽ നൽകിയ ഓഡിറ്റ് എൻക്വയറിയിൽ 15 സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ലെങ്കിൽ നിയമാനുസൃത പലിശ സഹിതം ആയത് ഈടാക്കി അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതിന്

മറുപടിയായി പതിമൂന്ന് സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മേൽ പട്ടികയിൽ കൊടുത്ത ബാക്കി മൂന്ന് സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുകയാണെന്നാണ് മറുപടിയിൽ അറിയിച്ചത്. പ്രസ്തുത സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ അടവ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് നഷ്ടം ഈടാക്കേണ്ടതാണ്.

# 1-28 മാർക്കറ്റ് ഫീ പിരിക്കാനുള്ള അവകാശം ലേലം - ഓട്ടോറിക്ഷ സ്റ്റാന്റ് ഫീ - നഗരസഭയ്ക്ക് ലഭിക്കുന്നത് തുച്ഛമായ ലേലത്തുക

ഫയൽ നമ്പർ : ആർ 7/496/2018

2018-19 വർഷം നഗരസഭയുടെ അധീനതയിലുള്ള ഓട്ടോറിക്ഷ സ്റ്റാന്റുകളിൽ നിന്നുള്ള ഫീ പിരിക്കുന്നതിനുള്ള അവകാശം പരസ്യ ലേലം വഴി ശ്രീ.പി.പി.സഹദേവൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ടിയാൻ ജി.എസ്.ടി ഉൾപ്പെടെ 2,10,000 രൂപയ്ക്കാണ് ലേലം കൊണ്ടിട്ടുള്ളത്. (1,77,964 രൂപ + 32,036 ജി.എസ്.ടി) നഗരസഭ ലഭ്യമാക്കിയ കണക്ക് പ്രകാരം 70 ൽ അധികം അംഗീകൃത ഓട്ടോറിക്ഷാ സ്റ്റാന്റുകൾ നിലവിലുണ്ട്. ലേല നിബന്ധനകൾ പ്രകാരം ഒരു ഓട്ടോറിക്ഷയ്ക്ക് ഒരു ദിവസത്തേക്ക് 3 രൂപ നിരക്കിലാണ് ഫീ ഈടാക്കുന്നത്. നഗരസഭ പരിധിയിൽ ടി.എം.സി രജിസ്ട്രേഷൻ നമ്പർ പ്രകാരം നിലവിൽ 2606 ഓട്ടോറിക്ഷകൾ ഉണ്ട്. ഇതനുസരിച്ച് കരാറുകാരന് ഒരു വർഷം 28,53,570 രൂപ വരെ ലഭിക്കും. (2606x3x365 = 28,53,570). ലൈസൻസിക്ക് 28.54 ലക്ഷം രൂപ ലഭിക്കുമ്പോൾ ഈ ഇനത്തിൽ നഗരസഭയ്ക്ക് 1.78 ലക്ഷം രൂപ മാത്രമാണ് ലഭിക്കുന്നത്. സാമ്പത്തിക പ്രതിസന്ധി കാരണം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യമായിട്ടുപോലും ലേലത്തുക കുറയുന്നതിന്റെ കാരണം നഗരസഭ വിശകലനം ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 17.01.2020 ന് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 28.01.2020 ന് സമർപ്പിച്ച മറുപടിയിൽ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്ത് കൊണ്ട് ആധുനികമായ ഒരു ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് അലോചിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ മുൻപാകെ ആയത് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിലും നഗരസഭ കൗൺസിലിലും വിശദമായ ചർച്ച നടത്തി നഗരസഭയ്ക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-29 വിവിധ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ മുറികൾ ഒഴിഞ്ഞു കിടക്കുന്നു.- നഗരസഭയ്ക്ക് വരുമാന നഷ്ടം

നഗരസഭയുടെ അധീനതയിലുള്ള വിവിധ ഷോപ്പിങ്ങ് കോപ്ലക്സുകളിലെ താഴെ വിശദീകരിച്ച 12 മുറികൾ വാടകയ്ക്ക് നൽകാതെ 22.02.2020 തീയ്യതിയിലും ഒഴിഞ്ഞു കിടക്കുന്നതായി നഗരസഭ ലഭ്യമാക്കിയ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കാണാൻ സാധിച്ചു . ഇതു സംബന്ധിച്ച് 25.02.2020 ന് നഗരസഭ സെക്രട്ടറിക്ക് രേഖാമൂലം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 13.03.2020 ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ക്രമ നമ്പർ (1) ലെ മുറികൾ ബദൽ സംവിധാനം വഴി അനുവദിക്കുന്നതിന് 27.07.2017 ലെ കൗൺസിൽ തീരുമാനപ്രകാരം മാറ്റിവച്ചിട്ടുള്ളതാണെന്നും ക്രമ നമ്പറുകൾ (2), (3) മുറികൾ പലതവണ ലേലം വിളിച്ചിട്ടും ആരും ഏറ്റെടുത്തിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകി നഗരസഭയ്ക്ക് റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് . ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് | ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ വിവരണം | ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം |
|---|---|---|---|
| 1 | കീർത്തി ഷോപ്പിംങ്ങ് കോംപ്ലക്സ് | FF1, FF3, FF5, FF6 | 4 |
| 2 | പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംങ്ങ് കോംപ്ലക്സ് | FF4, FF7, | 2 |
| | | | |

| | | | |
|---|---|---|---|
| 3 | ടൗൺ ഹാൾ ഷോപ്പിംഗ് കോപ്ലക്സ് | GF7, GF8, FF5, FF6, FF7, FF8 | 6 |
| | ആകെ | | 12 |

# 1-30 ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് - ഡി-8 നമ്പർ മുറിയുടെ ലൈസൻസ് ഫീസ് യഥാസമയം പുതുക്കാത്തതും കുടിശ്ശിക ഈടാക്കാത്തതും സംബന്ധിച്ച്.

ഫയൽ നമ്പർ : ആർ7-16323/2010

നഗരസഭാവക ജൂബിലി ഷോപ്പിംഗ് കോപ്ലക്സിലുള്ള ഡി -8 നമ്പർ മുറിയുടെ (വിജയ ബാങ്ക് പ്രവർത്തിച്ചു വരുന്നു) ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.09.2010 ലെ 1ാം നമ്പർ തീരുമാനപ്രകാരവും നഗരസഭ കൗൺസിലിന്റെ 27.11.2011 ലെ 25ാം നമ്പർ തീരുമാനപ്രകാരവും 01.04.2010 മുതൽ 31.03.2013 വരെ പ്രതിമാസ വാടക 15,191 രൂപയായി നിശ്ചയിക്കുകയും ആയത് 05.08.2011 ലെ ആർ7-16323/2010 നമ്പർ നോട്ടീസ് പ്രകാരം വിജയ ബാങ്കിന് നഗരസഭ സെക്രട്ടറി അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും പ്രതിമാസ വാടകയായി 15,180 രൂപയാണ് വിജയബാങ്ക് ഒടുക്കി വരുന്നത് . ബാങ്ക് അടവാക്കുന്ന ലൈസൻസ് ഫീസിൽനിന്നും അതാത് കാലത്തെ സർവ്വീസ് ടാക്സ് ഇനത്തിലേക്കുള്ള തുക കുറവ് വരുത്തി ബാക്കി ലൈസൻസ് ഫീസിലേക്ക് വകയിരുത്തിയാണ് നഗരസഭ ബാങ്കിന് രശീതി നൽകുന്നത്.

2. ലൈസൻസ് ഫീസ് എഗ്രിമെന്റ് കാലാവധി 31.03.2013 ന് അവസാനിച്ചെങ്കിലും യഥാസമയം ലൈസൻസ് ഫീസ് പുതുക്കി കരാർ വെക്കുന്നതിൽ വീഴ്ച വരുത്തി. ലൈസൻസ് ഫീസ് പുതുക്കുന്നതിന് 01.08.2018 ലെ വിജയ ബാങ്ക് അധികൃതരുടെ അപേക്ഷ പരിഗണിച്ച് 01.04.2013 മുതൽ 31.03.2016 വരെ 10% ലൈസൻസ് ഫീസ് വർദ്ധനവ് വരുത്തിയും തുടർന്ന് 01.04.2016 മുതൽ 31.03.2019 വരെ ലൈസൻസ് ഫീസ് വീണ്ടും 10% വർദ്ധനവ് വരുത്തുകയും തുടർന്ന് 01.04.2019 മുതൽ 31.03.2022 വരെ വീണ്ടും10% ലൈസൻസ് ഫീസ് വർദ്ധനവ് വരുത്തിയും ലൈസൻസ് കാലാവധി ദീർഘിപ്പിക്കുന്നതിന് 12.12.2019 ലെ 8ാം നമ്പറായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുകയും 27.01.2020 ലെ 3ാം നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ എഗ്രിമെന്റ് ചമച്ച് ലൈസൻസ് ഫീസ് കുടിശ്ശികയും സർവ്വീസ് ടാക്സ് കുടിശ്ശികയും ഈടാക്കിയിട്ടില്ല.

3. 02/2020 ന് ഉള്ള കുടിശ്ശിക 3,53,174 രൂപയാണ്. (പട്ടിക അനുബന്ധമായി ചേർക്കുന്നു.) എന്നാൽ നഗരസഭ സെക്രട്ടറിയുടെ 06.02.2020 ന് ആർ7-16323/2010 നമ്പർ നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക 2,92,763 രൂപയാണ്. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

4. 6 മാസത്തെ ലൈസൻസ് ഫീസ് തുക ഡെപ്പോസിറ്റായി സൂക്ഷിക്കേണ്ടത് പ്രകാരം വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായി ലൈസൻസ് ഫീ ഡെപ്പോസിറ്റ് വാങ്ങിയിട്ടില്ല.

31.03.2013 ന് ലൈസൻസ് കാലാവധി കഴിഞ്ഞ മുറിയുടെ ലൈസൻസ് ഫീസ് യഥാസമയം വർദ്ധനവ് വരുത്താതെയും കരാർ ചമക്കാതെയും ലക്ഷക്കണക്കിന് രൂപ ലൈസൻസ് ഫീസ് കുടിശ്ശികക്ക് ഇടയാക്കിയതും നഗരസഭയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ഇത് സംബന്ധിച്ച് 123/2018-19, തീയ്യതി 16.03.2020 നമ്പറിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി കരാർ ചമച്ച് വർദ്ധിപ്പിച്ച നിരക്കിൽ ലൈസൻസ് ഫീസ്, സർവ്വീസ് ടാക്സ്, വാടക ഡപ്പോസിറ്റ് എന്നിവ കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

| ഡി8- മുറിയുടെ ലൈസൻസ് ഫീസ്/സർവ്വീസ് ടാക്സ് കുടിശ്ശിക<br>കാണിക്കുന്ന പത്രിക |
|---|

| മാസം | | | ലൈസൻസ് ഫീസ് | | സർവ്വീസ് ടാക്സ് | | സെസ്സ് | | ആകെ ഈടാക്കേണ്ടത് | ഈടാക്കിയത് | ഈടാക്കാൻ ബാക്കി | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| മുതൽ | വരെ | ആകെ മാസം | പ്രതിമാസ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | സർവ്വീസ് ടാക്സ് % | സർവ്വീസ് ടാക്സ് ഒടുക്കേണ്ടത് | സെസ്സ് % | ഈടാക്കേണ്ട സെസ്സ് | | | | |
| (1) | (2) | (3) | (4) | (5) [(3)x(4)] | (6) | (7) | (8) | (9) | (10) [(5)+(7)+(9)] | (11) | (12) [(10)-(11)] | (13) |
| 07/07 | 02/09 | 20 | 13810 | 276200 | 12.36 | 34138 | 0 | 0 | 310338 | 276000 (20x13800) | 34,338 | |
| 03/09 | 03/10 | 13 | 13810 | 179530 | 10.30 | 18492 | 0 | 0 | 198022 | 179400 13x13800) | 18,622 | |
| 04/10 | 03/12 | 24 | 15191 | 364584 | 10.30 | 37552 | 0 | 0 | 402136 | 364320 (24x15180) | 37,816 | |
| 04/12 | 03/13 | 12 | 15191 | 182292 | 12.36 | 22531 | 0 | 0 | 204823 | 182160 (12x15180) | 22,663 | |
| 04/13 | 05/15 | 26 | 16710 | 434460 | 12.36 | 53699 | 0 | 0 | 488159 | 394680 (26x15180) | 93479 | |
| 06/15 | 10/15 | 5 | 16710 | 83550 | 14.00 | 11697 | 0 | 0 | 95247 | 75900 (5x15180) | 19,347 | |
| 11/15 | 03/16 | 5 | 16710 | 83550 | 14.50 | 12115 | 0 | 0 | 95665 | 75900 (5x15180) | 19,765 | |
| 04/16 | 05/16 | 2 | 18381 | 36762 | 14.50 | 5330 | 0 | 0 | 42092 | 30360 (2x15180) | 11,732 | |
| 06/16 | 03/19 | 34 | 18381 | 624954 | 15.00 | 93743 | 0 | 0 | 718697 | 516120 (34x15180) | 2,02,577 | |
| 04/19 | 07/19 | 4 | 20219 | 80876 | 15.00 | 12131 | 0 | 0 | 93007 | 60720 (4x15180) | 32,287 | |
| 08/19 | 02/20 | 7 | 20219 | 141533 | 15.00 | 21230 | 1.00 | 1415 | 164178 | 106260 (7x15180) | 57,918 | |
| ആകെ ബാക്കി | | | | | | | | | | | **5,50,514** | |
| **24.05.2014 ന് 200870 നമ്പർ ഡിഡി പ്രകാരം കുടിശ്ശിക ഇനത്തിൽ ഒടുക്കിയത്** | | | | | | | | | | | **1,97,340** | |
| **02/2020 വരെയുള്ള ലൈസൻസ് ഫീസ് കുടിശ്ശിക (സർവ്വീസ് ടാക്സ്, സെസ്സ് ഉൾപ്പെടെ)** | | | | | | | | | | | **3,53,174** | |

# 1-31 നഗരസഭയിൽ സ്വീകരിക്കുന്ന ചെക്കുകൾ വരവ് വെക്കുന്നത് - കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

**1. ചെക്ക് പ്രകാരമുള്ള തുകകൾ നഗരസഭ ഫണ്ടിൽ വരവ് വന്നതിന്റെ വിശദാംശം ലഭ്യമല്ല.**

നഗരസഭയിലെ 2018-19 വർഷത്തെ ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ ഉൾപ്പെട്ട ചുവടെ ചേർത്ത ചെക്കുകൾ പ്രകാരമുള്ള തുകകൾ നഗരസഭ ഫണ്ടിൽ വരവ് വന്നതിന്റെ വിശദാംശം ലഭ്യമല്ല.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നമ്പർ | ചെക്ക് നം.തീയ്യതി | തുക | ഇനം | ആരിൽനിന്നും ലഭിച്ച |
|---|---|---|---|---|---|
| 1 | Vol -I -54 | 5575214<br>15.05.2018 | 33,813 | വസ്തുനികുതി | അസി.എക്സി.എഞ്ചിനീയർ, ഹാർബർ എഞ്ചിനീയർ |
| 2 | Vol-I – 65 | 445113<br>30.05.2018 | 5,00,000 | RMSA | പ്രൊജക്റ്റ് ഓഫീസർ, കണ്ണൂർ |
| 3 | Vol -I 544 | 6274951<br>31.10.2018 | 30,350 | തൊഴിൽ നികുതി | എക്സി.എഞ്ചിനീയർ, P.W.D ബിൽഡിംഗ് സെക്ഷൻ |
| 4 | Vol -II -217 | 51745557<br>01.03.2019 | 21,000 | | എക്സി.എഞ്ചിനീയർ, P.W.D<br>N.H സബ്ഡിവിഷൻ |
| 5 | Vol -II -272 | 9186547<br>12.03.2019 | 23,300 | | പ്രിൻസിപ്പാൾ,<br>ചിറക്കര H.S.S |
| 6 | Vol -II - 281 | 1316734<br>05.03.2019 | 49,250 | | പ്രിൻസിപ്പൾ, ബ്രണ്ണൻ എച്ച്.എസ്.എസ് |
| 7 | Vol -II -286 | 6274956<br>16.03.2019 | 5,000 | | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി, ബിൽഡിംഗ് സെക്ഷൻ W-52 |
| 8 | Vol -II - 287 | 6274957<br>16.03.2019 | 26,750 | | |
| 9 | Vol -II - 288 | 6274958<br>16.03.2019 | 600 | | |
| 10 | Vol -II - 312 | 6461322<br>19.03.2019 | 3,750 | | ജനറൽ ആശുപത്രി, തലശ്ശേരി |
| 11 | Vol -II - 313 | 6461323<br>19.03.2019 | 750 | | |
| 12 | Vol -II -314 | 6461324<br>19.03.19 | 1800 | | |

| | | | | | |
|---|---|---|---|---|---|
| 13 | Vol -II -315 | 6461325<br>19.03.2019 | 8,750 | | |
| 14 | Vol – II -316 | 6461326<br>19.03.2019 | 8,750 | | |
| 15 | Vol -II -317 | 6461327<br>19.03.2019 | 2500 | | |
| 16 | Vol -II -318 | 6461328<br>19.03.2019 | 1,250 | | |
| 17 | Vol -II 319 | 6461329<br>19.03.2019 | 29,750 | | |
| 18 | Vol -II -320 | 6461330<br>19.03.2019 | 57,500 | | |
| 19 | Vol -II -321 | 6461331<br>19.03.2019 | 5,000 | | |
| 20 | Vol -II - 322 | 7014040<br>15.03.2019 | 3,68,100 | | |
| 21 | Vol -II -331 | 6461024<br>21.03.2019 | 1,250 | | തഹസിൽദാർ, തലശ്ശേരി |
| 22 | Vol -II - 332 | 7014758<br>21.03.2019 | 1250 | | തഹസിൽദാർ, തലശ്ശേരി |

**2.ചെക്ക് ലഭിക്കുന്ന തീയ്യതിയിൽ ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.**

നഗരസഭയിൽ സ്വീകരിക്കുന്ന ചെക്കുകൾക്ക് ചെക്കിന്റെ നമ്പറോ തുകയോ രേഖപ്പെടുത്താത്ത ഒരു താൽക്കാലിക കൈപ്പറ്റ് രശീത് ആണ് നൽകുന്നത്. സാംഖ്യ രശീതി നൽകുന്നില്ല. സാംഖ്യ രസീതി പ്രകാരം ചെക്കുകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയ തീയ്യതിയും ചെക്ക് /ഡ്രാഫ്റ്റ് കലക്ഷൻ രജിസ്റ്ററിൽ ചെക്കുകൾ വരവായി രേഖപ്പെടുത്തിയ തീയ്യതിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബാങ്ക് ബുക്കിൽ വരവായി രേഖGF7, GF8, FF5, FF6, FF7, FF8പ്പെടുത്തിയ തീയ്യതിക്ക് ശേഷമുള്ള തീയ്യതികളാണ് ചെക്ക് /ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചെക്ക് ലഭിച്ച തീയ്യതിയായി ചേർത്തിട്ടുള്ളത്. ചെക്ക് ലഭിക്കുന്ന തീയ്യതിയിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി രശീതി നൽകാത്തത് 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

**3.ചെക്കുകൾ പണമാക്കി ബാങ്ക് പാസ്സ് ബുക്കിൽ വരവ് വെച്ചിട്ടും സാഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.**

2019-20 ചെക്ക്/ഡ്രാഫ്റ്റ് കലക്ഷൻ രജിസ്റ്റർ വോള്യം I പ്രകാരം 04.10.2019 തീയ്യതിയിൽ കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് ഒടുക്കുന്നതിന് നഗരസഭയിൽ സമർപ്പിച്ച 99,020/- രൂപയുടെ ചെക്ക് (നം/തീയ്യതി : 306447/30.09.2019) 09.10.2019 തീയ്യതിയിൽ ബാങ്ക് പാസ്സ് ബുക്കിൽ വരവ് വന്നിട്ടുണ്ടെങ്കിലും രശീത് നൽകാത്തതിനാൽ മേൽ ചെക്ക് തുകയായ 99,020

രൂപ ഓഡിറ്റ് എൻക്വയറി തീയ്യതിയായ 22.11.2019 വരെയും നഗരസഭയുടെ ബാങ്ക് ബുക്കിൽ വരവ് വന്നിട്ടില്ല. ചെക്കുകളും ഡിമാന്റ് ഡ്രാഫ്റ്റുകളും നഗരസഭയിൽ ലഭിക്കുന്ന തീയ്യതിയിൽ തന്നെ രസീത് നൽകാത്തതിനാലും ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർക്കാത്തതിനാലും നഗരസഭയിൽ ലഭിച്ച മുഴുവനും ചെക്കുകളും ഡിമാന്റ് ഡ്രാഫ്റ്റുകളും ബാങ്കിൽ കലക്ഷന് യഥാസമയം അയച്ച് നഗരസഭ അക്കൗണ്ടിൽ വരവ് വെയ്ക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയില്ല . ചെക്കുകളും ഡ്രാഫ്റ്റുകളും സ്വീകരിക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 21.05.2019 ലെ 02/2018-19, 22.11.2019 ലെ 75/2018 നമ്പറുകളിലുള്ള ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് , ക്രമവൽക്കരണ ഫീസ്, കുറവായി ഈടാക്കിയത്

2018-19 വർഷത്തെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിൽ അടവാക്കേണ്ട കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ് എന്നിവ താഴെ പറയുന്ന അപേക്ഷകളിൽനിന്നും കുറവായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നിർമ്മാണ അപേക്ഷ/ ഫയൽ നമ്പർ | ഫീസിനം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് തുക | രശീതി നം / തീയ്യതി |
|---|---|---|---|---|---|---|
| 1 | B.A.313<br>2018-19<br>E5/31751/18 | ക്രമ വൽക്കരണ ഫീസ് | $110m^2$x3.5x3 =1155<br>(18.06.18 ന് പെർമിറ്റ് കാലഹരണപ്പെട്ടു) | 770 | 385 | 5869/24.09.18 |
| 2 | B.A.26<br>2018-19<br>E3/16386/17 | ക്രമ വൽക്കരണ ഫീസ് | പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണം<br>= $138.78m^2$<br>കംപ്ലീഷൻ പ്രകാരമുള്ള വിസ്തീർണ്ണം<br>= $187.66m^2$<br>48.88x7x2<br>= 684 | -- | 684 | -- |
| 3 | B.A.488<br>2017-18<br>(പുതിയത്<br>B.A.771/17-18) | ക്രമ വൽക്കരണ ഫീസ് | 1049.53x10x3 =31486<br>(പെർമിറ്റ് നം. E3.B.A.609/04-05 08.09.15 ന് കാലഹരണപ്പെട്ടു) | 21000 | 10486 | 2130/25.04.18 |
| 4 | B.A.72/2018-19<br>E5/18380/18 | ക്രമവൽക്കരണ ഫീസ് | $148.37m^2$x3.5x3 = 1558 | 1040 | 518 | 16524<br>29.09.2018 |

| | | | | | | |
|---|---|---|---|---|---|---|
| 5 | B.A.112/2018-19<br>E5/20371/18 | ക്രമവൽക്കരണ ഫീസ് | പെർമിറ്റ് പ്രകാരം വിസ്തീർണ്ണം = 96.22<br>കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം - 108.92<br>12.7x3.5x2 =89 | -- | 89 | -- |
| 6 | B.A.138/2018-19<br>E5/31219/18 | ക്രമവൽക്കരണ ഫീസ് | 74.18x3.5x3<br>= 779 | 280 | 499 | 120736<br>21.11.2018 |
| 7 | B.A.141/2018-19<br>E5/21338/18 | ക്രമവൽക്കരണ ഫീസ് | 188x7x3<br>= 3948 | 3240 | 708 | 14640<br>11.09.2018 |
| 8 | B.A.142/2018-19<br>E5/21478/18 | ക്രമവൽക്കരണ ഫീസ് | 88.12x3.5x3<br>=925 | 330 | 595 | 54560<br>17.09.2018 |
| 9 | B.A.142/2018-19<br>E5/21478/18 | ക്രമവൽക്കരണ ഫീസ് | 162.73x7x3<br>= 3417 | 1200 | 2217 | 2840<br>17.08.2018 |
| 10 | B.A.298/2018-19<br>E5/30732/18 | പെർമിറ്റ് ഫീസ് | 128x3.5 = 448 | 180 | 268 | 5771<br>19.09.2018 |
| 11 | B.A.620/2018-19 | ക്രമവൽക്കരണ ഫീസ് | 132.25x3.5x3<br>=1389 | 210 | 1179 | 125684<br>31.01.2019 |
| 12 | B.A.696/2018-19<br>E5/6292/19 | ക്രമവൽക്കരണ ഫീസ് | 210.66x7x3<br>= 4424 | 2330 | 2094 | 101712<br>27.04.2019 |
| 13 | B.A.313/2018-19<br>E5/31751/18 | ക്രമവൽക്കരണ ഫീസ് | 109.60x3.5x3<br>= 1151 | 810 | 341 | 5869<br>24.09.2018 |
| 14 | B.A.325/2018-19<br>E5/32264/18 | ക്രമവൽക്കരണ ഫീസ് | 109.72x3.5x3<br>=1152 | 210 | 942 | 7161<br>06.10.2018 |
| 15 | B.A.342/2018-19<br>E5/32922/18 | പെർമിറ്റ് ഫീസ് | 270.06 (റസിഡൻഷ്യൽ )x7<br>165.01 (കൊമേർഷ്യൽ)x10<br>= 3540 | 1740 | 1800 | 19245<br>01.11.2018 |
| 16 | B.A.389/2018-19<br>E5/35828/18 | ക്രമവൽക്കരണ ഫീസ് | 103.25x3.5x3=1084 | 380 | 704 | 19643<br>07.11.2018 |
| 17 | B.A.403/2018-19<br>E5/36312/18 | ക്രമവൽക്കരണ ഫീസ് | 166.40x7x3 = 3494 | 570 | 2924 | 120410<br>16.11.2018 |
| 18 | B.A.458/2018-19<br>E5/38449/18 | പെർമിറ്റ് ഫീസ് | 249.71x7 = 1748 | 1415 | 333 | 121320<br>29.11.2018 |
| 19 | B.A.463/2018-19<br>E5/38337/18 | ക്രമവൽക്കരണ ഫീസ് | 195.63x7x3 = 4108 | 2070 | 2038 | 123191<br>26.12.2018 |

| | | | | | | |
|---|---|---|---|---|---|---|
| 20 | B.A.500/2018-19<br>E5/40277/18 | ക്രമവൽക്കരണ ഫീസ് | 177.97x7x3 = 3737 | 1870 | 1867 | 108373<br>25.07.2019 |
| 21 | B.A.509/2018-19<br>E5/40714/19 | ക്രമവൽക്കരണ ഫീസ് | 72.86x7x3 = 1530<br>[92.65 -Existing] | 540 | 990 | 125658<br>31.01.2019 |
| 22 | B.A.581/2018-19<br>E5/40714/19 | ക്രമവൽക്കരണ ഫീസ് | 232.22x7x3= 4877 | 3430 | 1447 | 125729<br>01.02.2019 |
| | | | | | 33108 | |

കെട്ടിട നിർമ്മാണ പെർമിറ്റ്, ക്രമവൽക്കരണ ഫീസ് എന്നീയിനങ്ങളിൽ കുറഞ്ഞ നിരക്കിൽ തുക ഈടാക്കിയത് വഴി 39,091 രൂപയുടെ നഷ്ടം നഗരസഭ ഫണ്ടിനുണ്ടായത് ഈടാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് 23.01.2020, 05.02.2020 നം നൽകിയ ഒ.എസ് നമ്പർ 93/2018-19, 104/2018-19 എന്നിവയ്ക്ക് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ (3), (14), (22) ലെ ഫീസിനത്തിലെ കുറവ് തുക ഈടാക്കാൻ നോട്ടീസ് നൽകിയതായും ക്രമനമ്പർ (4) ന്റെ കാര്യത്തിൽ ക്രമവൽക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് പെർമിറ്റ് ഫീസിന്റെ ഇരട്ടി വാങ്ങിയത് ശരിയാണെന്നുമാണ് അറിയിച്ചത്. മറ്റുള്ളവയെക്കുറിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ (4) അനുവദിച്ച പെർമിറ്റിന്റെ കാലവധി കഴിഞ്ഞ ശേഷമാണ് ക്രമവൽക്കരണം നടത്തിയിട്ടുള്ളത്. ആയതിനാൽ പെർമിറ്റ് നിലവിലില്ലാത്തതായി കാണക്കാക്കി പെർമിറ്റ് ഫീസും തുടർന്ന് പെർമിറ്റ് ഫീസിന്റെ ഇരട്ടി ക്രമവൽക്കരണത്തിനുള്ള രാജിയാക്കൽ ഫീസും ഈടാക്കണം. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറിയുടെ 229813/ ആർ.ഡി2/15ത.സ്വ.ഭ.വ നമ്പർ കത്തിൽ ഇക്കാര്യം സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ പെർമിറ്റ് ഫീസ്/ക്രമവൽക്കരണ ഫീസ് എന്നീ ഇനങ്ങളിൽ കുറവായി ഈടാക്കിയ 33108 രൂപയുടെ നഷ്ടം ബന്ധപ്പെട്ട കക്ഷികളിൽനിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കേണ്ടതാണ്.

# 1-33 സർക്കാർ സർവ്വീസിലെ ആർജ്ജിതാവധി ഉൾപ്പെടുത്തി ആർജ്ജിതാവധി ടെർമിനൽ സറണ്ടർ 1,21,353/- രൂപ അനുവദിച്ചു

തലശ്ശേരി നഗരസഭാ കാര്യാലയത്തിൽ നിന്നും 31.05.2018 തീയ്യതിയിൽ വിരമിച്ച സീനിയർ ക്ലാർക്ക് ശ്രീ. രാജൻ ചാലിയാട്ട് പൊയിൽ 19.07.1999 മുതൽ 08.11.2005 വരെ നീതിന്യായവകുപ്പിലും 09.11.2005 മുതൽ മുനിസിപ്പൽ കോമൺ സർവ്വീസിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ധനകാര്യ റൂൾസ്(ബി) വകുപ്പിന്റെ 03.07.2017 ലെ ഇ-515663/ റൂൾസ് ബി1/17/ധന. നമ്പർ കത്ത് പ്രകാരം സർക്കാർ സർവ്വീസിലെ ആർജ്ജിതാവധി മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് ക്യാരി ഓവർ ചെയ്യാവുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീ. രാജൻ ചാലിയാട്ട് പൊയിലിന്റെ സേവനപുസ്തകം പേജ് 116 ൽ മുൻകാല സർവ്വീസിലെ ആർജ്ജിതാവധിയിലെ മുൻബാക്കിയായ $95^{10}/_{11}$ എണ്ണം മുനിസിപ്പൽ കോമൺ സർവ്വീസിലെ ആർജ്ജിതാവധിയോടൊപ്പം ചേർത്തിട്ടുണ്ട്. ടിയാന്റെ സേവനപുസ്തകം പേജ് 65, 119 എന്നിവയിൽ ടിയാന് 124 ദിവസം ആർജ്ജിതാവധി ടെർമിനൽ സറണ്ടർ അനുവദിച്ചിട്ടുണ്ട്.

ഇതുപ്രകാരം 06.06.2018 തീയ്യതിയിൽ 226 നമ്പർ വൗച്ചർ പ്രകാരം 124 ദിവസത്തെ ആർജ്ജിതാവധിയ്ക്ക് തുല്യമായ തുകയായ 1,58,398 രൂപ ടിയാന് പണമായി നല്കിയിട്ടുണ്ട്. സർക്കാർ സർവ്വീസിലെ 95 ആർജ്ജിതാവധി നീക്കിയിരിപ്പ് കൂടി ഉൾപ്പെടുത്തി ടെർമിനൽ സറണ്ടർ അനുവദിച്ചത് വഴി 1,21,353/- രൂപ അധികം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് 08/08/2019 ന് 27/2018-19 നമ്പർ ആയി ഓഡിറ്റ് അന്വേഷണം നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ നീതിന്യായ വകുപ്പിലെ ശമ്പളം സംരക്ഷിച്ച നൽകുന്നതിന് ബഹു.അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ലഭ്യമാക്കിയിരുന്നു. എന്നാൽ ആർജ്ജിതാവധി സംബന്ധിച്ച് ഈ ഉത്തരവിൽ പരാമർശമില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ സർവ്വീസിലെ നീക്കിയിരിപ്പായിരുന്ന 95 ആർജ്ജിതാവധി ടെർമിനൽ സറണ്ടറിന് അനുവദിച്ചത് അംഗീകരിക്കുന്നില്ല. നഗരസഭ സെക്രട്ടറി 18.03.2020 ന് നൽകിയ മറുപടിയിൽ പ്രസ്തുത തുക ടിയാന്റെ ഡി.സി.ആർ.ജിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടെർമിനൽ സറണ്ടർ ഇനത്തിൽ അധികമായി അനുവദിച്ച 1,21,353 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക ശ്രീ.രാജൻ ചാലിയാട്ട് പൊയിലിന്റെ ഡി.സി.ആർ.ജിയിൽ നിന്ന് ഈടാക്കുന്നതിനെതിരെ ശ്രീ.രാജൻ ചാലിയാട്ട് പൊയിൽ ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിനാൽ ബഹു.ട്രൈബ്യൂണലിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മേൽ ഖണ്ഡികയിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

നഗരസഭയിലെ കണ്ടിജന്റ് വർക്കർമാരുടെ സേവനപുസ്തകങ്ങളുടെ വിശദമായ പരിശോധനയിൽ പല സേവനപുസ്തകങ്ങളിലും പൊതുവായി ധാരാളം അപാകതകൾ ഉള്ളതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സേവനപുസ്തകത്തിൽ ജീവനക്കാരന്റെ ഫോട്ടോ പതിക്കുന്നില്ല.

2. ജനനത്തീയ്യതിയും സേവനവിവരങ്ങളും അധികൃതർ സാക്ഷ്യപ്പെടുത്തുന്നില്ല.

3. വർഷാവർഷം സേവന പരിശോധന നടത്തുന്നില്ല.

4. ശമ്പള നിർണ്ണയ അംഗീകാരത്തിനും സേവനപുസ്തക പരിശോധനയ്ക്കുമായി സേവനപുസ്തകം ഹാജരാക്കുമ്പോൾ ജീവനക്കാരന്റെ അവധി (സേവനകാലം ആരംഭിക്കുന്നതു മുതലുള്ളത്) ക്രമീകരിക്കുന്നില്ല.

5. വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകളില്ല.

6. സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കുമ്പോൾ കൗൺസിൽ തീരുമാനവും സെക്രട്ടറിയുടെ നടപടിക്രമങ്ങളും സേവനപുസ്തകത്തിൽ പതിക്കുന്നില്ല.

7. നഗരസഭയിൽനിന്ന് ഭവനനിർമ്മാണ വായ്പ എടുത്ത് ആയതിന്റെ തിരിച്ചടവ് പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

8. ആർജ്ജിതാവധി സറണ്ടർ ചെയ്യുമ്പോൾ അവധി രേഖപ്പെടുത്തുന്ന പേജിലും സേവനപുസ്തകത്തിന്റെ ആദ്യഭാഗത്തും രേഖപ്പെടുത്തൽ വരുത്തുന്നില്ല.
9. ശമ്പള നിർണ്ണയങ്ങൾക്ക് യഥാസമയം ഓഡിറ്റിന്റെ അംഗീകാരം വാങ്ങുന്നില്ല.

കണ്ടിജന്റ് വർക്കർമാരുടെ സേവന പുസ്തകത്തിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-35 തെറ്റായ ശമ്പള നിർണ്ണയങ്ങൾ വഴി കണ്ടിജന്റ് ജീവനക്കാർക്ക് അധിക തുക അനുവദിച്ചു.

താഴെ പറയുന്ന കണ്ടിജന്റ് ജീവനക്കാർക്ക് തെറ്റായ ശമ്പള നിർണ്ണയങ്ങൾ വഴി അധികം തുക നൽകിയത് സംബന്ധിച്ചും ആയത് തിരിച്ചു പിടിക്കുന്നതിനുമായി നഗരസഭയ്ക്ക് കത്ത് നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ.

| ക്രമ നം | ജീവനക്കാരന്റെ പേര് | അധികം കൈപ്പറ്റിയ തുക | റിമാർക്സ് | കത്ത് നമ്പർ |
|---|---|---|---|---|
| 1. | സത്താർ.പി.എം | 12550+38% DA+HRA+other allowances | 15ദിവസത്തെ ആർജ്ജിതാവധിയുടെ തുക അധികം കൈപ്പറ്റി . | KSA/TSM2/490/2019 (7) തീ.24.01.2020 |
| 2. | ടി.പുരുഷോത്തമൻ | 59,191 | ജൂലൈ 2014 മുതൽ മെയ്2019 വരെ കാലയളവിൽ അധികം കൈപ്പറ്റിയ തുക. 2019 ജൂൺ മുതൽ ശമ്പളത്തിൽ നിന്നും തിരിച്ചു പിടിക്കുന്നതാണെന്ന് അറിയിച്ചു. | KSA/TSM2/252/2019 തീ.30.08.2020 |
| 3. | രത്നാകരൻ.എ.എം | 41,182 | ജൂലൈ 2014 മുതൽ നവംബർ 2017 കാലയളവിൽ അധികം കൈപ്പറ്റിയ തുക. 2019 ജനവരി മുതൽ ശമ്പളത്തിൽ നിന്നും തിരിച്ചു പിടിക്കുന്നതാണെന്ന് അറിയിച്ചു. | KSA/TSM2/199/2017 തീ.12.06.2017 |
| 4. | സുരേന്ദ്രൻ. എം | 31,470 | ജൂലായ് 2014 മുതൽ നവംബർ 2017 കാലയളവിൽ അധികം കൈപ്പറ്റിയ തുക 2019 മാർച്ച് മുതൽ ശമ്പളത്തിൽ നിന്നും തിരിച്ചു പിടിക്കുന്നതാണെന്ന് അറിയിച്ചു | KSA/TSM2/271/2017 തീ.27.12.2017 |
| 5. | അൽഫോൺസ് ബെർനാർഡ് | 6,000 | 2019 ഏപ്രിലിൽ സറണ്ടർ ചെയ്ത തുക. നാല് ആർജ്ജിതാവധിയുടെ തുക അധികം കൈപ്പറ്റി. | KSA/TSM2/160(4)/2019 തീ.07.09.2019 |

| | | | | |
|---|---|---|---|---|
| 6. | നിർമ്മല ഫെർണ്ണാണ്ടസ് | 64,346 | 04/1992 മുതൽ 09/2009 വരെ കാലയളവിൽ അധികം കൈപ്പറ്റിയ തുക . | KSA/TSM2.17/2020 തീ.07.02.2019 |
| 7. | സുരേഷ് ചിറമ്മൽ | 229 | 14.07.2006 ന് 8 വർഷ ഹയർഗ്രേഡ് അനുവദിക്കുമ്പോൾ അധികം കൈപ്പറ്റി. | KSA/TSM2/180/2019(2) തീയ്യതി 30.08.2019 |

അഞ്ച് വർഷം കൂടുമ്പോഴുള്ള ശമ്പള നിർണ്ണയങ്ങൾക്കും ഹയർഗ്രേഡ് അനുവദിക്കുന്നതു വഴിയുള്ള ശമ്പള നിർണ്ണയങ്ങൾക്കും യഥാസമയം ഓഡിറ്റിന്റെ അംഗീകാരത്തിനായി സേവനപുസ്തകങ്ങൾ അയച്ചു തരാത്തതിനാൽ തെറ്റായി നടത്തിയ ശമ്പള നിർണ്ണയങ്ങൾ യഥാസമയം കണ്ടെത്തി പരിഹരിക്കാനാവാതെ വരികയും വർഷങ്ങൾക്ക് ശേഷം സേവനപുസ്തക പരിശോധനയിൽ അപാകതകൾ കണ്ടെത്തുമ്പോൾ തെറ്റായി അധികം കൈപ്പറ്റിയ വൻതുക ജീവനക്കാരിൽനിന്ന് ഈടാക്കേണ്ടതായി വരുകയും ചെയ്യുന്നു. മുഴുവൻ ജീവനക്കാരുടെയും ശമ്പള നിർണ്ണയങ്ങൾക്ക് യഥാസമയം ഓഡിറ്റിന്റെ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അധികം കൈപ്പറ്റിയ തുകകൾ മേൽ ജീവനക്കാരിൽനിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടക്കേണ്ടതാണ്.

# 1-36 റേഷ്യോ പ്രൊമോഷൻ അനുവദിച്ചത് പ്രകാരം അധിക ശമ്പള കുടിശ്ശിക നൽകിയത് അനുവദനീയമല്ല.

വൗച്ചർ നമ്പർ : 271/06/18 തിയ്യതി:18.06.2018

തുക : G3-12572/06, G3-188/17

നഗരകാര്യ ഡയറക്ടറുടെ 08.12.2017 ലെ ഇ6-19710/13 നമ്പർ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നഗരസഭയിലെ എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീ.വിബിൻ ചന്ദ്രോത്തിന് 01.04.2016 പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് വിധേയമായി യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരം ശ്രീ.വിബിൻ ചന്ദ്രോത്തിന് ടിയാൻ തലശ്ശേരി നഗരസഭയിൽ ജോലിചെയ്ത 03.08.2016 മുതൽ 21.02.2018 വരെയുള്ള കാലയളവിലെ ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. ജി.ഒ (പി) 515/2007 ഫിൻ തീയ്യതി 19.10.2007 പ്രകാരം ആദ്യമായി പ്രൊമോഷൻ നൽകിയ ഉത്തരവ് തീയ്യതി മുതൽ പുറകിലേക്ക് ഒരു വർഷത്തെ ശമ്പള കുടിശ്ശികയ്ക്കാണ് ജീവനക്കാരന് അർഹതയുള്ളത്. ആയതിനാൽ ശ്രീ.വിബിൻ ചന്ദ്രോത്തിന് യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച ആദ്യ ഉത്തരവ് തീയ്യതിയായ 08.12.2017 മുതൽ പുറകിലേക്ക് 08.12.2016 വരെയുള്ള കാലയളവിലെ കുടിശ്ശികയ്ക്ക് മാത്രമാണ് അർഹതയുള്ളത്. എന്നാൽ ടിയാന് 03.08.2016 മുതൽ 07.12.2016 വരെ അധിക ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കൈപ്പറ്റിയത് | | | | അർഹതയുള്ളത് | | | | അധികം |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

| Month | Pay | DA | HRA | Total | Pay | DA | HRA | Total | |
|---|---|---|---|---|---|---|---|---|---|
| 03.08.16 മുതൽ 31.08.16 വരെ | 23574 | 2122 | 1403 | 27099 | 20253 | 1823 | 1403 | 23479 | 3620 |
| 09/2016 | 25200 | 2268 | 1500 | 28968 | 21650 | 1949 | 1500 | 25099 | 3869 |
| 10/2016 | 25200 | 2268 | 1500 | 28968 | 21650 | 1949 | 1500 | 25099 | 3869 |
| 11/2016 | 25200 | 2268 | 1500 | 28968 | 21650 | 1949 | 1500 | 25099 | 3869 |
| 01.12.2016 മുതൽ 07.12.2016 വരെ | 5690 | 512 | 339 | 6541 | 5013 | 451 | 339 | 5803 | 738 |
| അധിക കുടിശ്ശിക | | | | | | | | | **15965** |

അധിക കുടിശ്ശിക അനുവദിച്ചത് സംബന്ധിച്ച് അഭിപ്രായം അറിയിക്കുവാൻ 10.06.2019 ന് ഓഡിറ്റ് അന്വേഷണ നമ്പർ 05/2018-19 നൽകിയിരുന്നുവെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 15,965 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികം നൽകിയ തുക ജീവനക്കാരനിൽനിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടച്ച് വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

# 1-37 അർദ്ധവേതനാവധി കുറവ് വരുത്തിയിട്ടില്ല.

നഗരസഭയിലെ സീനിയർക്ലാർക്ക് ആയിരുന്ന ശ്രീമതി. സജിതകുമാരി എന്നവർ 12.3.2018 മുതൽ 25.04.2018 വരെ ആർജ്ജിതാവധിയിലും 26.04.2018 മുതൽ 20.05.2018 വരെ അർദ്ധവേതനാവധിയിലും ആയിരുന്നു. 04/2018 ലെ ശമ്പള ബില്ലിൽ 5 ദിവസത്തെ അർദ്ധവേതനാവധി കണക്കാക്കി ശമ്പളം നൽകിയിട്ടുണ്ട്. എന്നാൽ 05/2018 ലെ ശമ്പളബില്ലിൽ 20 ദിവസത്തെ അർദ്ധവേതനാവധി ശമ്പളം കുറവ് വരുത്താതെ ടിയാരിക്ക് മുഴുവൻ ശമ്പളവും നൽകിയിട്ടുണ്ട്. ഇത് വഴി ടിയാരി 8,315/- രൂപ അധികം ശമ്പളം കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരം ചുവടെ,

<table>
<tr><td colspan="2">05/2018 ൽ കൈപ്പറ്റിയ തുക</td><td colspan="2">അർഹമായ തുക</td><td>അധികം കൈപ്പറ്റിയത്</td><td>ചെക്ക് നം/ തീയ്യതി</td></tr>
<tr><td>ശമ്പളം</td><td>32,300</td><td>ശമ്പളം</td><td>21,880</td><td rowspan="5">8,315</td><td rowspan="5">775054<br>31.05.2018</td></tr>
<tr><td>ഡി.എ</td><td>4,522</td><td>ഡി.എ</td><td>4,522</td></tr>
<tr><td>എച്ച്.ആർ.എ</td><td>1,500</td><td>എച്ച്.ആർ.എ</td><td>1,500</td></tr>
<tr><td rowspan="2">ആകെ</td><td rowspan="2">38,322</td><td>സ്പെഷ്യൽ ലീവ് അലവൻസ്</td><td>2,105</td></tr>
<tr><td>ആകെ</td><td>30,007</td></tr>
</table>

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2019 തീയ്യതി 26.06.2019) മറുപടിയായി ജീവനക്കാരി അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരി അധികം കൈപ്പറ്റിയ 8,315/ രൂപയുടെ

ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികം കൈപ്പറ്റിയ തുക ജീവനക്കാരിയിൽനിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 1-38 അർദ്ധവേതനാവധി - 3,469 രൂപ അധികം നൽകി

കോടിയേരി ഡിവിഷനിലെ കണ്ടിജന്റ് ജീവനക്കാരനായ ശ്രീ വിൻസന്റ് ഹെന്റി 9 അർദ്ധ വേതനാവധികൾ (08.06.2018, 11.06.2018 മുതൽ 17.06.2018 വരെ, 29.06.2018 തീയ്യതികളിൽ) എടുത്തതായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹാജർ പുസ്തകത്തിൽ 3 അർദ്ധവേതനാവധികൾ മാത്രം (07.06.2018, 08.06.2018, 22.06.2018) എടുത്തതായാണ് രേഖപ്പെടുത്തിയത്. 2018 ജൂൺമാസത്തെ ശമ്പള ബില്ലിൽ ഒരു ദിവസത്തെ അർദ്ധവേതനാവധി മാത്രം കണക്കാക്കിയാണ് വേതനം നൽകിയിരിക്കുന്നത്. (Duty Pay : 29676.67, Leave Pay : 511.67, SLA : 99.77, DA: 4605, HRA 1500, Allowances : 628.33, Rounding Adjustment : 0.23, Total : 37021)

സേവന പുസ്തകത്തിൽ 9 ദിവസത്തെ അർദ്ധ വേതനാവധിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ താഴെ പറയും പ്രകാരമുള്ള വേതനത്തിനാണ് ജീവനക്കാരന് അർഹതയുള്ളത്.

| | |
|---|---|
| 21 ദിവസത്തെ മുഴുവൻ ശമ്പളം | 30700 x $^{21}/_{30}$ =21490 |
| 9 ദിവസത്തെ അർദ്ധ വേതനം | 30700 x $^{9}/_{30}$ x $^{1}/_{2}$ = 4605 |
| മുഴുവൻ ക്ഷാമബത്ത | 30700 x $^{15}/_{100}$ = 4605 |
| വീട്ടു വാടക ബത്ത | 1500 |
| മറ്റ് അലവൻസുകൾ-21ദിവസത്തേക്ക് (@RA=200, BA=250, WA:200) | 140+175+140=455 |
| സ്പെഷ്യൽ ലീവ് അലവൻസ് | 897 |
| അർഹതയുള്ള ശമ്പളം ആകെ | 33,552 |
| നൽകിയത് | 37,021 |
| അധികം നൽകിയത് | 3,469 |

സേവനപുസ്തകം, ഹാജർ പുസ്തകം, ശമ്പള ബിൽ എന്നിവയിലെ അർദ്ധവേതനാവധികളിൽ വ്യത്യാസം വന്നത് സംബന്ധിച്ച് അഭിപ്രായം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 26.07.2019 തീയ്യതിയിലെ 22/2019 നമ്പരിൽ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ അധികമായി നൽകിയ 3,469 രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികം നൽകിയ തുക ജീവനക്കാരനിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കേണ്ടതാണ്.

# 1-39 ത്രൈമാസപരിധിയിൽ അധികരിച്ച് യാത്രാബത്ത നൽകി

09.09.2016 ലെ സ.ഉ (അ) 137/2016/ധന. പ്രകാരം ജില്ല, ഉപജില്ല അധികാരപരിധിയുള്ള ഉദ്യോഗസ്ഥന്റെ ജില്ല വിട്ടുള്ള, എന്നാൽ സംസ്ഥാന തലത്തിനുള്ളിലെ യാത്രകൾക്ക് യാത്രാബത്ത പരിധി അതേ തലത്തിലുള്ള സംസ്ഥാനതല ഉദ്യോഗസ്ഥന്റേതിന് സമമായിരിക്കും.മേൽ ഉത്തരവ് പ്രകാരം, ഓഫീസർ ഗ്രേഡ് I വിഭാഗത്തിൽപെടുന്ന ശ്രീ.ചന്ദ്രഭാനു (സെക്രട്ടറിയുടെ പി.എ, സെക്രട്ടറിയുടെ അധിക ചുമതല), ശ്രീ.എ.എസ്.സുഭഗൻ (നഗരസഭ സെക്രട്ടറി) എന്നിവർക്ക് അനുവദിക്കാവുന്ന ത്രൈമാസയാത്രാബത്ത 14700 രൂപയാണ്. ടി ഉദ്യോഗസ്ഥർക്ക് അനുവദിച്ച യാത്രാബത്തയുടെ വിവരം ചുവടെ ചേർക്കുന്നു.

(1) ശ്രീ.ചന്ദ്രഭാനു (സെക്രട്ടറിയുടെ പി.എ),അടിസ്ഥാനശമ്പളം-56700 രൂ

| യാത്ര ചെയ്ത മാസം | അനുവദിച്ച ടി.എ | വൗച്ചർ നമ്പർ/തീയ്യതി |
|---|---|---|
| 04/2018 | 3,341 | 698/10/2018<br>06.10.2018 |
| 05/2018 | 6,682<br>3,341 | 699/10/2018<br>06.10.2018<br>716/10/2018<br>09.10.2018 |
| 06/2018 | 6,682 | 700/10/2018<br>06.10.2018 |
| **ആകെ** | **20,046** | |

അധികമായി 5,346/- രൂപ യാത്രാബത്ത അനുവദിച്ചു.

(2) ശ്രീ.എ.എസ്.സുഭഗൻ (സെക്രട്ടറി),അടിസ്ഥാനശമ്പളം-60900 രൂ

| യാത്ര ചെയ്ത മാസം | അനുവദിച്ച ടി.എ | വൗച്ചർ നമ്പർ/തീയ്യതി |
|---|---|---|
| 10/2017 | 7,280 | 69/24.04.2018 |
| 11/2017 | 7,480 | 70/24.04.2018 |
| 12/2017 | 4,470 | 71/24.04.2018 |
| **ആകെ** | **19,230** | |

അധികമായി 4,530/- രൂപ യാത്രാബത്ത അനുവദിച്ചു.

പരിധിയിൽ കവിഞ്ഞ് യാത്രബത്ത അനുവദിച്ചതിന്റെ കാരണം അറിയിക്കാൻ നൽകിയ നമ്പർ 07/2018-19 തീയ്യതി.13.06.2019, 08/2018-19 തീയ്യതി.20.06.2019 ഓഡിറ്റ് എൻക്വയറികൾക്ക് സമർപ്പിച്ച മറുപടി തൃപ്തികരമല്ല. അധികം അനുവദിച്ച 9,876/- രൂപ (5,346 + 4,530) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കേണ്ടതാണ്.

# 1-40 ക്യാഷ് ഹാന്റിലിങ്ങ് അലവൻസ് അനുവദിച്ചത് - സർക്കാർ ഉത്തരവിന്റെ ലംഘനം

സ.ഉ.(അ) 125/2017/(81)/ധന. തീയ്യതി 23.09.2017 പ്രകാരം വിവിധ വിഭാഗങ്ങളിൽ പെടുന്ന ജീവനക്കാർക്ക് ക്യാഷ് കൈകാര്യം ചെയ്യുന്നതിന് അനുവദിച്ചിരുന്ന സ്പെഷ്യൽ അലവൻസ് 01.04.2017 പ്രാബല്യത്തിൽ നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ 2018-19 കാലയളവിൽ നഗരസഭയിലെ കാഷ്യർക്ക് പ്രതിമാസം 500 രൂപ നിരക്കിൽ ക്യാഷ് ഹാന്റിലിങ്ങ് അലവൻസ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സെക്രട്ടറിക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/2018-19 തീയ്യതി 21.06.2019) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്യാഷ് ഹാന്റിലിങ്ങ് അലവൻസ് അനുവദിച്ച തുക കണക്കാക്കി ആയത് കൈപ്പറ്റിയ ജീവനക്കാരനിൽനിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-41 സർക്കാർ ഉത്തരവിന് വിരുദ്ധമായി ട്രഷറി ഡ്യൂട്ടി അലവൻസ് അനുവദിച്ചു - കൈപ്പറ്റിയ തുക ജീവനക്കാരിൽനിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

സ.ഉ.(അ) 202/2014/ധന. തീയ്യതി 31.05.2014, കെ.എസ്.ആർ പാർട്ട് II ചട്ടം 64 നോട്ട്3 പ്രകാരം ഓഫീസ് ആസ്ഥാനത്തുനിന്നും രണ്ട് കിലോമീറ്ററിൽ കൂടുതലും എട്ട് കിലോമീറ്ററിൽ കവിയാത്തതുമായ ദൂരത്തുള്ള ട്രഷറിയിൽ പണമിടപാട് നടത്തുന്ന ഓഫീസ് അറ്റൻഡർമാർക്ക് ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ട്രഷറി ഡ്യൂട്ടി അലവൻസ് ലഭിക്കുന്നതാണ്. എന്നാൽ നഗരസഭയിൽനിന്നും ഒരു കിലോമീറ്ററിൽ പരിധിയിലുള്ള ട്രഷറിയിൽ പോകുന്നതിന് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ട്രഷറി ഡ്യൂട്ടി അലവൻസായി പ്രതിമാസം 200/- രൂപ വീതം 2018-19 വർഷം കൈപ്പറ്റിയിട്ടുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി കൈപ്പറ്റിയ തുക കണക്കാക്കി ജീവനക്കാരിൽനിന്നും തിരിച്ചു പിടിച്ച് നഗരസഭ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

## 1-42 കണ്ടിജന്റ് ജീവനക്കാർക്ക് 3,474 രൂപ അധിക വേതനം നൽകി. തുക തടസ്സപ്പെടുത്തുന്നു.

2018-19 വർഷം അർദ്ധവേതനാവധി എടുത്ത കണ്ടിജന്റ് ജീവനക്കാർക്ക് അധിക വേതനം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ഡിവിഷൻ | മാസം | അടിസ്ഥാന ശമ്പളം | അർദ്ധവേതാനാവധികളുടെ എണ്ണം | ഡ്യൂട്ടി ചെയ്ത ദിവസങ്ങളിലെ വേതനം | അവധി ദിവസങ്ങളിലെ അർദ്ധ വേതനം | എച്ച്.ആർ എ | മുഴുവൻ ഡിഎ | അവധി ദിവസങ്ങളിലെ മുഴുവൻ വേതനം മുഴുവൻ ഡി എ എന്നിവയുടെ 65% | അവധി ദിവസങ്ങളിലെ അർദ്ധ വേതനം+ മുഴുവൻ ഡിഎ | സ്പെഷ്യൽ ലീവ് അലവൻസ് | അർഹയ വേതനം (6+7+8 +9+12) | നൽകിയ വേതനം (അലവൻസുകൾ ഒഴികെ) | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| രത്നാകരൻ. എ.എം | കൊളശ്ശേരി | 08/2018 | 31500 | 1 | 30484 | 508 | 1500 | 4725 | 759 | 660 | 99 | 37316 | 37725 | 409 |
| | | 09/2018 | 31500 | 5 | 26250 | 2625 | 1500 | 4725 | 3925 | 3413 | 512 | 35612 | 36458 | 846 |
| ലതിക | കൊളശ്ശേരി | 09/2018 | 29900 | 1 | 28903 | 498 | 1500 | 4485 | 745 | 647 | 98 | 35484 | 35885 | 401 |
| | | 10/2018 | 29900 | 7 | 23148 | 3376 | 1500 | 4485 | 5047 | 4389 | 658 | 33167 | 33944 | 777 |
| ജേക്കബ് ഷൈജൻ സുപ്രി | കോടിയേരി | 6/2018 | 25850 | 3 | 23265 | 1292 | 1250 | 3878 | 1932 | 1680 | 252 | 29937 | 30978 | 1041 |
| ആകെ | | | | | | | | | | | | | | 3474 |

അധിക വേതനം നൽകിയത് സംബന്ധിച്ച് 23.07.2019 തീയ്യതിയിലെ 20/2019 നമ്പരിൽ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 3,474 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. അധികം നൽകിയ വേതനം പ്രസ്തുത ജീവനക്കാരിൽനിന്ന് ഈടാക്കേണ്ടതാണ്.

## 1-43 നഗരസഭ കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ

# ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെ കാലതാമസം

**ഫയൽ നമ്പർ** : എ4/4265/90, എ4/20664/06

1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടീജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 8(1) , (2) എന്നിവ പ്രകാരം ഒരു കണ്ടീജന്റ് ജീവനക്കാരൻ വിരമിക്കുന്നതിന് ഒരു വർഷം മുമ്പ് പെൻഷൻ പേപ്പറുകൾ തയ്യാറാക്കി ഓഡിറ്റ് വകുപ്പിലേക്ക് അയച്ചുകൊടുക്കേണ്ടതും ഓഡിറ്റ് അധികാരപ്പെടുത്തിയ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പേമന്റ് ഓർഡർ തയ്യാറാക്കി പെൻഷൻ ആനുകൂല്യങ്ങൾ വിരമിച്ചതിന് ശേഷം കാലതാമസം കൂടാതെ ജീവനക്കാരന് നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭ കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻഫണ്ട് കണക്കുകൾ പരിശോധിച്ചതിൽ താഴെ വിശദീകരിച്ചത് പ്രകാരം 31.10.2018 മുതൽ 31.12.2019 വരെ വിരമിച്ച 10 ജീവനക്കാർക്ക് ഡി.സി.ആർ.ജി ഇനത്തിൽ 52,86,531 രൂപയും പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ 69,24,284 രൂപയും ചേർത്ത് ആകെ 1,22,10,815 രൂപയുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ട്.

കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള കാലതാമസം സംബന്ധിച്ച് 27.04.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 06.05.2019 ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ നഗരസഭയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണമാണ് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കാലതാമസം നേരിടുന്നതെന്ന് അറിയിച്ചിട്ടുണ്ട്. 1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടീജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7 (2) ൽ ഓരോ മാസവും ജീവനക്കാരുടെ ശമ്പള ബിൽ പാസ്സാക്കുന്നതോടൊപ്പം ഓരോ കണ്ടീജന്റ് ജീവനക്കാരന്റെയും 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽനിന്നും പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ് എന്നും കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടെയുള്ള തുക ആയിരിക്കും ശമ്പള ബില്ലിന്റെ മൊത്തം തുക എന്നും ശമ്പള ബില്ലിന്റെ മൊത്തം തുക ഒന്നായി പിൻവലിക്കേണ്ടതും ജീവനക്കാർക്ക് യഥാർത്ഥത്തിൽ നൽകേണ്ട തുക പിൻവലിക്കാൻ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും തലശ്ശേരി നഗരസഭ കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിന് ട്രഷറിയിൽ സൂക്ഷിച്ച അക്കൗണ്ടിൽ (TPA 143) പ്രതിമാസ പെൻഷൻ വിഹിതം ഒടുക്കുന്നില്ല. ഇത് കൊണ്ടാണ് നഗരസഭയ്ക്ക് കണ്ടീജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കാത്തതെന്ന് വ്യക്തമാകുന്നു.

വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ കാലതാമസം ഉണ്ടാകരുതെന്ന് വിവിധ സർക്കാർ ഉത്തരവുകളും കോടതി വിധികളും നിലവിലുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നഗരസഭയ്ക്ക് പിരിച്ചു കിട്ടാനുള്ള മുഴുവൻ തുകയും (വസ്തുനികുതി, തൊഴിൽനികുതി, വാടക, വിവിധ ലൈസൻസ് തുകകൾ തുടങ്ങിയവ) പിരിച്ചെടുക്കേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കേണ്ടതും കണ്ടീജന്റ് ജീവനക്കാരുടെ പെൻഷൻ

വിഹിതം യഥാസമയം മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ ഒടുക്കി പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-44 എസ്.എൽ.എ൦ പോളിസി പ്രീമിയം തുകകൾക്ക് രശീതിയില്ല – 2,99,630/- രൂപ തടസ്സപ്പെടുത്തുന്നു

നഗരസഭയിലെ ജീവനക്കാരിൽനിന്നും സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പോളിസി പ്രീമിയം തുക ഈടാക്കുകയും പ്രതിമാസം ജില്ലാ ഇൻഷുറൻസ് കാര്യാലയത്തിലേക്ക് ഡി.ഡി എടുത്ത് അയക്കുന്നുമുണ്ട്. എന്നാൽ പോളിസി പ്രീമിയം തുക ഇൻഷുറൻസ് കാര്യാലയത്തിൽ ലഭ്യമായതിന്റെ രശീതിയോ കൈപ്പറ്റ് രേഖകളോ ഫയലിൽ ലഭ്യമല്ല. പ്രതിമാസം ശമ്പളത്തിൽനിന്നും ഈടാക്കുന്ന പോളിസി പ്രീമിയം തുകയുടെ വിശദവിവരം ചുവടെ;

| മാസം | വൗച്ചർനം./തീയ്യതി | ഡിഡി നം. തീയ്യതി | തുക |
|---|---|---|---|
| 04/18 | 123 - 07/05/18 | 104283 07.05.18 | 23,355 |
| 05/18 | 241 - 12/06/18 | 104344 12.06.18 | 23,055 |
| 06/18 | 330 - 05/0718 | 104390 07.07.18 | 23,055 |
| 07/18 | 464 - 08/08/18 | 104461 08.08.18 | 22,905 |
| 08/18 | 582 - 07/09/18 | 104508 07.09.18 | 21,555 |
| 09/18 | 724 - 11/10/18 | 104565 15.10.18 | 25,055 |
| 10/18 | 830 - 09/11/18 | 104605 13.11.18 | 25,675 |
| 11/18 | 935 -06/12/18 | 104646 06.12.18 | 26,975 |
| 12/18 | 1057 - 16/01/19 | 104695 17.01.19 | 27,475 |
| 01/19 | 1167 - 02/02/19 | 104735 06.02.19 | 26,975 |
| 02/19 | 1310 - 12/03/19 | 104774 13.03.19 | 26,775 |
| 03/19 | 45 - 09/04/19 | 547036 10.04.19 | 26,775 |
| 2018-19 വർഷം ശമ്പളത്തിൽ നിന്നും ഈടാക്കിയ ആകെ SLIതുക | | | 2,99,630 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (21/2019 തീയ്യതി 24.07.2019) സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പോളിസി പ്രീമിയം തുക ഒടുക്കിയതിന്റെ രസീതി ലഭ്യമാകാത്തതിനാൽ ഇതു സംബന്ധിച്ച് ജില്ലാ ഇൻഷുറൻസ് ഓഫീസർക്ക് കത്തയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ട്. എസ്.എൽ.ഐ തുക ഇൻഷുറൻസ് ഓഫീസിൽ

കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. കൈപ്പറ്റ് രേഖയുടെ അഭാവത്തിൽ ചെലവ് തുക 2,99,630/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-45 ജി.എെ.എസ് – ചലാൻ ലഭ്യമാക്കിയില്ല. 5,400/- രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഭയിലെ ജീവനക്കാരുടെ 04/2018 ലെ ജി.ഐ.എസ് പ്രീമിയം തുകയായ 5400/- രൂപ ജില്ലാ ഇൻഷുറൻസ് ഓഫീസിൽ അടവാക്കിയതിന്റെ ചലാൻ ഫയലിൽ ലഭ്യമല്ല. വിശദവിവരം ചുവടെ,

| മാസം | വൗച്ചർനം./തീയ്യതി | ചെലാൻ നം. തീയ്യതി | തുക |
|---|---|---|---|
| 04/18 | 121 - 07/05/18 | ചെലാൻ ഇല്ല | 5,400 |

ഇതു സംബന്ധിച്ച് 24.07.2019 ന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 4/2018-19 ലെ ജി.എെ.എസ്.പ്രീമിയം തുകയായ 5,400 രൂപ KL00150217818 M, തീയ്യതി 17.05.2018 പ്രകാരം ഒടുക്കിയിട്ടുണ്ടെങ്കിലും ചലാൻ നഷ്ടപ്പെട്ടു പോയതിനാൽ തുക ഒടുക്കിയത് സംബന്ധിച്ച സാക്ഷ്യപത്രം അനുവദിക്കുന്നതിന് ജില്ലാ ഇൻഷുറൻസ് ഓഫീസർക്ക് കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായാൽ വിവരം ഓഡിറ്റിനെ അറിയിക്കാമെന്നും 03.02.2020 ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ചലാൻ ലഭ്യമല്ലാത്തതിനാൽ ചെലവ് തുകയായ 5,400 രൂപ തടസ്സത്തിൽ വെക്കുന്നു. തുക അടവാക്കിയതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-46 ശമ്പള സർട്ടിഫിക്കറ്റ് അനിയന്ത്രിതമായി അനുവദിക്കുന്നത് ആശാസ്യമല്ല.

സഹകരണ ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുന്നതിനായി ജീവനക്കാർക്ക് നഗരസഭയിൽനിന്നും അനിയന്ത്രിതമായ രീതിയിൽ ശമ്പളസർട്ടിഫിക്കറ്റ് അനുവദിച്ചു വരുന്നതായി കാണുന്നു. ശമ്പള സർട്ടിഫിക്കറ്റ് പ്രകാരം എടുക്കുന്ന വായ്പകൾ സേവനകാലയളവിനുള്ളിൽ അടച്ച് തീർക്കേണ്ടവയാണ്. എന്നാൽ വായ്പ തുകയുടെ ബാഹുല്യം കാരണവും കൃത്യമായി അടച്ചു തീർക്കാത്തതിനാലും ജീവനക്കാർ വിരമിക്കുന്ന വേളയിൽ ലക്ഷക്കണക്കിന് രൂപ പെൻഷൻ ആനുകൂല്യത്തിൽനിന്നും ഈടാക്കേണ്ടതായി വരുന്നു. ചില ജീവനക്കാരുടെ ബാധ്യത തുക പെൻഷൻ ആനുകൂല്യമായ ഡി.സി.ആർ.ജിയേക്കാൾ അധികവുമാണ്. ഇത്തരം അവസ്ഥ ആശാസ്യമല്ല. ജീവനക്കാരുടെ നിലവിലുള്ള ബാധ്യതകൾ പരിഗണിക്കാതെ വായ്പ എടുക്കുന്നതിന് ശമ്പളസർട്ടിഫിക്കറ്റ് അനുവദിക്കുന്നത് കാരണമാണ് ഇത്തരം സാഹചര്യം ഉണ്ടാകുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു,

| തസ്തിക | നിലവിലെ ബാധ്യത (പെൻഷൻ ബുക്ക് പേജ് 31 പ്രകാരം) | അർഹമായ ഡി.സി.ആർ.ജി. തുക |
|---|---|---|

| | | |
|---|---|---|
| ഡഫേദാർ | 11,61,668 | 8,85,060 |
| സാനിറ്റേഷൻ വർക്കർ | 8,86,321 | 7,90,500 |

ജീവനക്കാരുടെ നിലവിലുള്ള ബാധ്യതകളും തിരിച്ചടവിന്റെ പുരോഗതിയും പരിഗണിച്ച് കൊണ്ട് മാത്രം വായ്പകൾക്ക് വേണ്ടി ശമ്പള സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-47 വസ്തുനികുതി നിർണ്ണയ അസസ് മെന്റ് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കിയില്ല. പ്രതിഫലം നൽകി - തുക തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | സെക്രട്ടറി, തലശ്ശേരി നഗരസഭ |
| **ഫയൽ നമ്പർ** | : | ആർ1.39165/2017 |
| **ബിൽ നമ്പർ/തീയ്യതി** | : | 43/2018-19 തീ.22.01.2019 |
| **തുക** | : | 30,671 |
| **ഫണ്ട്** | : | വികസനഫണ്ട് (പൊതുവിഭാഗം) |

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നഗരസഭയിലെ 52 വാർഡുകളുടെ വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയതിന് (45ാം വാർഡിലേത് ഒഴികെ 51 വാർഡുകളിലെ 30671 രേഖപ്പെടുത്തലുകൾ നടത്തിയതിന്) സ.ഉ (സാധാ) നം.2414/2011/ത.സ്വ.ഭ.വ തീയ്യതി 20.10.2011 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി.ബേബി.എൻ എന്നവർക്ക് 30,671 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഫയൽ പ്രകാരം ശ്രീമതി.ബേബി.എൻ, സുനില.സി എന്നിവരെയാണ് അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കാൻ ഇവരെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
2. ശ്രീമതി.ബേബി.എൻ, സുനില.സി എന്നിവർ അസസ്മെന്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭയുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.
3. 45 ാം വാർഡ് ഒഴികെ ആകെ 51 വാർഡുകളുടെ രജിസ്റ്റർ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. മുഴുവൻ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കാതെയാണ് തുക അനുവദിച്ചത്. 45ാം വാർഡിന്റെ അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനുള്ള കാരണം വ്യക്തമല്ല.

4. സ.ഉ(അ) നം.03/2013 തീയ്യതി 15.03.2013 പ്രകാരം [2013 കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ ] ഫോറം 4ൽ തയ്യാറാക്കിയ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

5. അസസ്സ്മെന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ടുതന്നെ നഗരസഭയിൽ സൂക്ഷിച്ച വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്ററിന് നിയമപരമായ സാധുതയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 07.11.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 18.02.2020 ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ഓഫീസ് നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും കൗൺസിലിന്റെ അംഗീകാരത്തോടുകൂടിയാണ് മേൽ പ്രവൃത്തി ഏല്പിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. 45ാം വാർഡിന്റെ ഫോറം -6 കമ്പ്യൂട്ടർ പ്രിന്റ് എടുത്ത് ബുക്ക് രൂപത്തിലാക്കിയ ഡാറ്റ ഉള്ളതിനാലാണ് പ്രസ്തുത വാർഡിന്റെ അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കാത്തത് എന്നും അപാകതകൾ പരിശോധിച്ച് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നതാണ് എന്നും അപൂർണ്ണമായ രേഖപ്പെടുത്തലുകൾ പരിശോധിച്ച് ആവശ്യം വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അസസ്സ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ലാത്തതിനാൽ ആയതിന് വേണ്ടി ചെലവഴിച്ച 30,671 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-48 ജി.ഐ.എസ് മാപ്പിങ്ങ് - സർക്കാർ നിരക്കിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഉൾപ്പെടുത്തി കരാർ ഒപ്പുവെച്ചതും മറ്റ് അപാകതകളും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, തലശ്ശേരി നഗരസഭ |

| | | |
|---|---|---|
| പ്രൊജക്ട് നം | : | 328/2019 |
| ചെലവ് | : | 34,06,718 |
| ഫണ്ട് | : | വികസനഫണ്ട് - (പൊതുവിഭാഗം സാധാരണ വിഹിതം) |
| ഫയൽ നമ്പർ | : | ഇ1/36752/2017 |

നഗരസഭയിൽ GIS മാപ്പിങ്ങ് നടത്തിയതിന് 2018-19 കാലയളവിൽ 34,06,718 രൂപ ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് താഴെ വിശദീകരിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. (2017-18 കാലയളവിൽ 20,43,484രൂപയും 2018-19 കാലയളവിൽ 34,06,718

രൂപയും ചേർത്ത് അകെ 54,50,202 രൂപ ചെലവ്)

| ക്രമ നം | ബിൽനമ്പർ/ തീയ്യതി | തുക | കുറിപ്പ് |
|---|---|---|---|
| 1 | 7/2018-19/22.06.2018 | 6,93,686 | സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 67251412738) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. |
| 2 | 17/2018-19/21.08.2018 | 14,57,695 | |
| 3 | 38/2018-19/17.12.2018 | 11,21,330 | |
| 4 | 48/2018-19/28.02.2018 | 1,34,007 | |
| ആകെ | | 34,06,718 | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം GIS മാപ്പിങ്ങ് നടത്തുന്നതിന് 19.02.2016 ലെ സ.ഉ.(സാധാ) നം.687/2016/ത.സ്വ.ഭ.വ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ.ഉ (സ.ധാ) നം.2556/2018 ത.സ്വ.ഭ.വ. തീയ്യതി 04.10.2018 പ്രകാരം GIS മാപ്പിങ്ങിനുള്ള നിരക്കും അംഗീകരിച്ച് നൽകിയിട്ടുണ്ട്.

നഗരസഭയിൽ GIS മാപ്പിങ്ങ് നടത്തുന്നതിന് ULCCS ലിമിറ്റഡിന്റെ ചെയർമാനും തലശ്ശേരി നഗരസഭ സെക്രട്ടറിയും തമ്മിൽ 29.01.2018 ൽ കാരാർ ഒപ്പു വെച്ചിട്ടുണ്ട്.

ഓഡിറ്റിന് സമർപ്പിച്ച ഫയലും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ സംബന്ധിച്ച് 09.01.2020, 28.01.2020 തീയ്യതികളിൽ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 04.02.2020 ലെ R1-3184/2020, 25.02.2020 ലെ E1-36752/17 എന്നിവ പ്രകാരം മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. മേൽ മറുപടികൾ പരിഗണിച്ചതിന് ശേഷവും പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

I . <u>സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല</u>

തലശ്ശേരി നഗരസഭ ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം നടത്തിയ GIS മാപ്പിങ്ങിന് 19.02.2016 ലെ സ.ഉ.(സാധാ) നം.687/2016/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

- സർക്കാർ ഉത്തരവിൽ GIS മാപ്പിങ്ങ് IKM സൂപ്പർ വൈസ് ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നഗരസഭയിൽ ULCCS നടത്തിയ GIS മാപ്പിങ്ങ് പ്രവൃത്തികൾ IKM മേൽനോട്ടം വഹിച്ചത് സാധൂകരിക്കുന്ന രേഖകൾ ഇല്ല. മാപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം 06.12.2019 തീയ്യതിയിൽ IKM ന്റെയും

പ്രതിനിധികൾ ULCCS ന്റെയും പ്രതിനിധികൾ പങ്കെടുത്ത യോഗ മിനുട്സാണ് ഇത് സംബന്ധിച്ച് നഗരസഭ ഹാജരാക്കിയത്.

- സർക്കാർ ഉത്തരവിൽ GIS മാപ്പിങ്ങ് IKM ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം GIS മാപ്പിങ്ങ് നടത്തേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും IKM വികസിപ്പിച്ച സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിച്ചതായി കാണുന്നില്ല.
- സർക്കാർ ഉത്തരവിൽ GIS മാപ്പിങ്ങ് പ്രോപ്പർട്ടി അസസ്സ്മെന്റിന് ഉപകരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ നടത്തിയ GIS മാപ്പിങ്ങ് നഗരസഭയിലെ പ്രോപ്പർട്ടി അസസ്സ്മെന്റിന് എപ്രകാരം ഉപകരിക്കും എന്ന് വ്യക്തമല്ല.
- സർക്കാർ ഉത്തരവിൽ GIS മാപ്പിങ്ങ് പരിധിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി കൊണ്ടു വരണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ULCSS നടത്തിയ മാപ്പിങ്ങിൽ കുടുംബങ്ങളുടെ വിവരങ്ങളൊന്നും ശേഖരിച്ചിട്ടില്ല.

II. <u>ULCCS Ltd ശേഖരിച്ച വിവരങ്ങളും നഗരസഭയിലുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല</u>

വസ്തുനികുതി സംബന്ധിച്ചും കെട്ടിടത്തിന്റെ അടിസ്ഥാന വിവരം സംബന്ധിച്ചും നഗരസഭ സൂക്ഷിച്ച ഫോറം 6 ലെ പല വിവരങ്ങളും ULCCS Ltd തയ്യാറാക്കിയ ഡാറ്റയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

III. <u>ULCCS Ltd തയ്യാറാക്കിയ ഡാറ്റയിലെ വിവരങ്ങൾ അപ് ഡേറ്റ് ചെയ്യാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല</u>

ULCCS Ltd തയ്യാറാക്കിയ ഡാറ്റയിലെ വിവരങ്ങൾ അപ് ഡേറ്റ് ചെയ്യാൻ സാധിക്കുമോ എന്ന് വ്യക്തമല്ല. ആയത് കൊണ്ട് തന്നെ നഗരസഭയിലെ കെട്ടിടങ്ങൾ/റോഡുകൾ/പലാങ്ങൾ/ കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ തുടങ്ങിയവയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി വിവരങ്ങൾ കാലികമാക്കാൻ സാധിക്കുമോ എന്ന് വ്യക്തമല്ല. വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഒന്നോ രണ്ടോ വർഷം കഴിഞ്ഞാൽ നിലവിൽ ULCCS Ltd തയ്യാറാക്കിയ വിവരങ്ങൾ കാലഹരണപ്പെട്ടു പോകുന്നതാണ്. ഈ വിഷയത്തിൽ നഗരസഭ ULCCS Ltd-ൽനിന്നും വ്യക്തത വരുത്തിയതായി കാണുന്നില്ല. ഡാറ്റ അപ്ഡേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

IV. <u>ULCCS Ltd ന് 10.31 ലക്ഷം രൂപ അധികം അനുവദിച്ചു</u>

GIS മാപ്പിങ്ങ് നടത്തിയതിന് 2017-18 കാലയളവിൽ 20,43,484രൂപയും 2018-19 കാലയളവിൽ 34,06,718 രൂപയും ചേർത്ത് അകെ 54,50,202 രൂപ ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചിട്ടുണ്ട്.

തലശ്ശേരി നഗരസഭ **ULCCS Ltd** മായി 29.01.2018 ന് ഏർപ്പെട്ട കരാർ ഉടമ്പടിയിലെ അനുബന്ധം -സി പ്രകാരം അംഗീകരിച്ച നിരക്ക് താഴെ കൊടുക്കുന്നു.

- Satelite image - Rs. 2500 /Sq.Km
- General Feature Attraction – Rs.7000/Sq.Km
- Building footprint Extraction – Rs.1/building
- House hold survey – Rs.110/household
- Integration – Rs.2/Building

സ.ഉ (സാധാ) നമ്പർ 2556/2018 ത.സ്വ.ഭ.വ തീയ്യതി 04.10.2018 പ്രകാരം ജി.ഐ.എസ് മാപ്പിങ്ങിന് നിരക്ക് നിശ്ചയിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി 2016 ൽ അംഗീകരിച്ച നിരക്ക് താഴെ പറയും പ്രകാരമാണ്.

- Rs.110/household
- Rs.7000/Square KM which includes detailed road survey.
- Software development -Nil

തലശ്ശേരി നഗരസഭയുടെ ആകെ വിസ്തീർണ്ണം 23.98 ച.കി.മീ ആണ്. (അവലംബം - നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റ്, നഗരസഭ കൗൺസിൽ അംഗീകരിച്ച പദ്ധതി രേഖകൾ തുടങ്ങിയവ) സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ വിവരങ്ങളനുസരിച്ച് തലശ്ശേരി നഗരസഭയിൽ 31.07.2018 ന് 38640 കെട്ടിടങ്ങളാണുള്ളത്. ഇതനുസരിച്ച് ULCCS Ltd ന് താഴെ കാണിച്ച പ്രകാരം 44,18,260 രൂപ മാത്രമേ അനുവദിക്കേണ്ടതുള്ളൂ. . സർക്കാർ ഉത്തരവ് വരുന്നതിന് മുമ്പ് നിരക്ക് സംബന്ധിച്ച കരാറിൽ ഏർപ്പെട്ടുവഴി ULCCS Ltd ന് 10,31,942 രൂപ നഗരസഭ അധികം അനുവദിച്ചിട്ടുണ്ട്. 04.10.2018 ലെ സർക്കാർ ഉത്തരവിൽ ചേർത്ത നിരക്ക് 2016 ൽ ഇതു സംബന്ധിച്ച കമ്മിറ്റി അംഗീകരിച്ചതാണെന്ന് മേൽ ഉത്തരവിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ അധികം അനുവദിച്ച തുക തിരികെ ഈടാക്കാൻ നഗരസഭ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. കരാർ പ്രകാരമുള്ള നിരക്കുകൾക്ക് സർക്കാർ അംഗീകാരം വാങ്ങുകയോ അധികം അനുവദിച്ച തുക ULCCS Ltd നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ് .

| | |
|---|---|
| 110 രൂപ നിരക്കിൽ 38640 കെട്ടിടങ്ങൾക്ക് അനുവദിക്കേണ്ട തുക | 42,50,400.00 |
| 7000 രൂപ നിരക്കിൽ 23.98 ച.കിമിക്ക് അനുവദിക്കേണ്ട തുക | 1,67,860.00 |
| ആകെ | 44,18,260.00 |
| ULCCS Ltd ന് അനുവദിച്ച തുക | 54,50,202.00 |
| അധികം അനുവദിച്ചത തുക | 10,31,942.00 |

**V.<u>വസ്തുനികുതി യുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നത് സംബന്ധിച്ച്</u>**

ജി.എെ.എസ് മാപ്പിങ്ങുമായി ബന്ധപ്പെട്ട് ഉരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കി നൽകിയ IPMS (Intelligent Property Management System) റിപ്പോർട്ട് പ്രകാരം നഗരസഭയ്ക്ക് നികുതിയിനത്തിലും മറ്റുമായി വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട് എന്ന് കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു. മേൽ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ തനത് വരുമാനം കുറവുള്ള നഗരസഭ വരുമാന നഷ്ടം ഒഴിവാക്കാൻ ആവശ്യമായ നടപടികളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല. .

1. <u>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലയിൽ വ്യത്യാസം</u>

IPMS റിപ്പോർട്ട് പ്രകാരം നഗരസഭയിൽ പ്രഥമ മേഖലയിൽ (Prime Zone) ഉൾപ്പെടേണ്ട 18 കെട്ടിടങ്ങൾ തൃതീയ മേഖലയിലും (Tertiary Zone) 373 കെട്ടിടങ്ങൾ ദ്വിദീയ മേഖലയിലും (Secondary Zone) ആണ് നഗരസഭ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. മേഖലയിലെ വ്യത്യാസം കാരണം തൃതീയ മേഖലയിൽ തെറ്റായി ഉൾപ്പെടുത്തിയ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയന്മേൽ 20% വും ദ്വിതീയ മേഖലയിൽ തെറ്റായി ഉൾപ്പെടുത്തിയ കെട്ടിടങ്ങൾക്ക് 10% കിഴിവ് അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇതുവഴി നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ കുറവ് സംഭവിക്കുകയും വരുമാന നഷ്ടം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ഇക്കാര്യം പരിശോധിച്ച് നഷ്ടം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>ജമ മാറ്റാത്ത കെട്ടിടങ്ങൾ</u>

IPMS റിപ്പോർട്ട് പ്രകാരം നഗരസഭയിൽ 1041 കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം നഗരസഭ രേഖകളിലുള്ള ഉടമസ്ഥരിൽ നിന്നും വ്യത്യാസമുള്ളതായി കാണുന്നു. ഈ കെട്ടിടങ്ങളുടെ ജമ നാളിതുവരെ മാറ്റിയതായി കാണുന്നില്ല . ആയതിനാൽ ജമ മാറ്റുമ്പോൾ നഗരസഭയ്ക്ക് ഫീ/ചട്ട പ്രകാരമുള്ള പിഴ എന്നീ ഇനങ്ങളിൽ ലഭിക്കേണ്ട തുകയും ലഭിച്ചിട്ടില്ല. ഇതുവഴി നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ വിഷയം പരിശോധിച്ച് നഷ്ടം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. <u>കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ മാറ്റം</u>

IPMS റിപ്പോർട്ട് പ്രകാരം നഗരസഭയിൽ 1303 കെട്ടിടങ്ങൾ നഗരസഭ അനുവദിച്ച പെർമിറ്റ് പ്രകാരമുള്ള ഉപയോഗ ക്രമത്തിൽനിന്നും വ്യത്യസ്തമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. (നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഒഴിച്ച്) നഗരസഭയുടെ അനുമതി ഇല്ലാതെയാണ് പ്രസ്തുത 1303 കെട്ടിടങ്ങൾ അനുവദിച്ചതിൽനിന്നും വ്യത്യസ്തമായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. ഇത് വഴി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പല ചട്ടങ്ങളും ലംഘിക്കപ്പെടുന്നുണ്ട്. ഉപയോഗ ക്രമം മാറുന്നതിനനുസരിച്ച് വസ്തുനികുതിയിലും മാറ്റങ്ങൾ വരും. എന്നാൽ രേഖപ്രകാരം ഉപയോഗക്രമം മാറ്റാത്തതിനാൽ വസ്തുനികുതി പുനർനിർണ്ണയിക്കപ്പെട്ടിട്ടില്ല . ഇതുവഴി നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ വിഷയം പരിശോധിച്ച് നഷ്ടം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. <u>കെട്ടിട നമ്പർ നൽകാത്തതും നികുതി നിർണ്ണയിക്കാത്തതും നഗരസഭാ രേഖകളിൽ ഇല്ലാത്തതുമായ കെട്ടിടങ്ങൾ</u>

IPMS റിപ്പോർട്ട് പ്രകാരം രേഖകൾ ഇല്ലാത്തതും കെട്ടിട നമ്പർ ഇല്ലാത്തതും നികുതി നിർണ്ണയിക്കാത്തതുമായി 4179 കെട്ടിടങ്ങൾ നഗരസഭയിൽ നിലവിലുണ്ട്. (UAC നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് പുറമെ) 4179 കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്താത്തത് വഴി നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ വിഷയം പരിശോധിച്ച് നഷ്ടം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

VI <u>പുരാവസ്തു/സംരക്ഷിത സ്മാരകം – ദൂര പരിധി അടയാളപ്പെടുത്തിയിട്ടില്ല</u>

നഗരസഭാ പരിധിയിൽ സ്ഥിതിചെയ്യുന്ന തലശ്ശേരി കോട്ട 28.02.1921 ലെ MD 77 നമ്പർ വിജ്ഞാനപന പ്രകാരം സംരക്ഷിത സ്മാരകങ്ങളുടെ ഗണത്തിൽ പെടുന്നതാണ്. 1958 ലെ Ancient Monuments and Archaeological Sites and Remains Act (2010 ലെ ഭേദഗതി നിയമം) ലെ വകുപ്പ് 20 (എ) പ്രകാരം സംരക്ഷിത സ്മാരകത്തിന്റെ 100 മീറ്റർ ചുറ്റളവ് നിരോധിത മേഖലയും 20 (ബി) പ്രകാരം നിരോധിത മേഖലയ്ക്ക് ശേഷം 200 മീറ്റർ ചുറ്റളവ് നിയന്ത്രിത മേഖലയുമാണ്. എന്നാൽ ULCCS തയ്യാറാക്കിയ ഡാറ്റയിൽ നിരോധിത/നിയന്ത്രിത മേഖലയുടെ അതിരുകൾ അടയാളപ്പെടുത്തിയതായി കാണുന്നില്ല.

VII. <u>ഡാറ്റയുടെ സൂക്ഷിപ്പ് – സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്</u>

ULCCS GIS മാപ്പിംഗ് നടത്തുന്നത് next gis.com എന്ന വെബ്സൈറ്റ് ഉപയോഗിച്ചാണെന്നും next gis എന്നത് ഒരു റഷ്യൻ കമ്പനിയാണെന്നും ഇത് പ്രസ്തുത കമ്പനിയുടെ വെബ്സൈറ്റ് ഉപയോഗിക്കുന്നതിന് നിയമപരമായി അനുമതി തേടിയിട്ടുണ്ടോ എന്നും പരിശോധിക്കാവുന്നതാണ് എന്നും നഗരസഭയിലെ RI (A) 28.07.2018 ന് നഗരസഭയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. 19.02.2016 ലെ സ.ഉ.(സാധാ) നം.687/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി നഗരസഭയിലെ കെട്ടിടങ്ങളുടെ , പാലങ്ങളുടെ, റോഡുകളുടെ, റെയിൽപ്പാതയുടെ, പ്രധാന സ്ഥലങ്ങളുടെ വിവരങ്ങളും നഗരസഭയിലെ കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റയും ഉൾപ്പെടുത്തിയാണ് GIS മാപ്പിങ്ങ് നടത്തുന്നതെങ്കിൽ മേൽ വിവരങ്ങൾ മുഴവനും ഒരു വിദേശ കമ്പനിയുടെ വെബ് സൈറ്റിൽ ലഭ്യമാണ് എന്നത് രാജ്യ സുരക്ഷയെത്തന്നെ ബാധിക്കുന്ന വിഷയമാണ്. വിദേശ കമ്പനിയുടെ വെബ് സർവറിൽ രേഖകൾ സൂക്ഷിക്കാൻ ULCCS Ltd സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച സ്പഷ്ടീകരണമൊന്നും നഗരസഭ ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 09.01.2020 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ഇപ്പോൾ കേരള സർക്കാരിനു കീഴിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്റർ സെർവ്വറിലാണ് ഡാറ്റ സൂക്ഷിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഡാറ്റയുടെ സുരക്ഷിതത്വം നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

മേൽ I മുതൽ VII വരെ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കാൻ ബാക്കി നിൽക്കുന്നതിനാൽ 54.50 ലക്ഷം രൂപ ചെലവഴിച്ച് നടത്തിയ GIS മാപ്പിംഗ് എന്ന പദ്ധതി സർക്കാർ ഉദ്ദേശിച്ച ലക്ഷ്യം പൂർത്തീകരിക്കാതെ പാഴ് ച്ചെലവായി മാറാനുള്ള സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ 2018-19 കാലയളവിൽ GIS മാപ്പിങ്ങിനുവേണ്ടി ചെലവഴിച്ച തുകയായ 34,06,718 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . മേൽ പരാമർശിച്ച I മുതൽ VII വരെയുള്ള ന്യൂനതകൾ പരിഹരിച്ച് ജി.ഐ.എസ് മാപ്പിംഗ് പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കാനും IPMS റിപ്പോർട്ടിൽ ചൂണ്ടികാണിച്ച അപാകതകൾ കാരണം നഗരസഭ

ഫണ്ടിനുണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന നഷ്ടം നികത്താനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെയും സർക്കാരിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-49 തെരുവ് നായകളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ട പരിഹാരം നൽകൽ - വികസന ഫണ്ടിന് ബാധ്യതയാകുന്നു.

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | സെക്രട്ടറി, തലശ്ശേരി നഗരസഭ |
| **ഫയൽ നമ്പർ** | : | ഇ4/42298/2017, എച്ച്3/37098/2016 |
| **ബിൽ നമ്പർ/തീയ്യതി** | : | 16/2018-19 തീ.21.08.2019 |
| **തുക** | : | 84,471 |
| **ഫണ്ട്** | : | വികസനഫണ്ട് (പൊതുവിഭാഗം) |
| **പ്രോജക്ട് നമ്പർ** | : | S0578/2019 |

സർക്കാർ ഉത്തരവ് സ.ഉ (ആർ.ടി) നമ്പർ 3551/2017/ത.സ്വ.ഭ.വ തീയ്യതി 03.11.2017 പ്രകാരം ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയിൽ തെരുവ് നായകളുടെ ആക്രമണത്തിന് ഇരയായ 3 പേർക്ക് നഷ്ട പരിഹാരം (പലിശ ഉൾപ്പെടെ) നൽകുന്നതിന് വികസന ഫണ്ടിൽനിന്നും 84,471 രൂപ ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. ഫയൽ നമ്പർ ഇ4/42298/2017, പ്രകാരം 03.05.2019 വരെ തലശ്ശേരി നഗരസഭയിൽ 33 പേർ തെരുവ് നായയുടെ ആക്രമണത്തിന് ഇരയായിട്ടുണ്ട് എന്ന് നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജസ്റ്റിസ് (റിട്ട.) സിരിജഗൻ കമ്മിറ്റി റിപ്പോർട്ടിൽ ഒരാൾക്ക് 5 ലക്ഷം രൂപ വരെ വിവിധ നഗരസഭകളിൽ നഷ്ടപരിഹാരം വിധിച്ചതായി കാണുന്നുണ്ട്. ബാക്കിയുള്ള 30 പേർക്ക് ഭീമമായ സംഖ്യ വികസനഫണ്ടിൽനിന്നും അനുവദിക്കേണ്ടതായി വരുമ്പോൾ നഗരസഭയ്ക്ക് വികസന ഫണ്ടിൽനിന്നും മറ്റു പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ട് കണ്ടെത്താൻ സാധിക്കാതെ വരും . തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് നഗരസഭയ്ക്ക് വൻ ബാധ്യതയായി മാറുന്നു.
2. നഗരകാര്യ ഡയറക്ടർക്ക് 02.02.2019 അയച്ച കണക്കുകൾ പ്രകാരം തലശ്ശേരി നഗരസഭയിൽ 134 ക്ലസ്റ്ററുകളിലായി 2428 തെരുവ് നായ്ക്കൾ ഉണ്ട്. ഇതിൽ എബിസി പദ്ധതി പ്രകാരം 01.04.2018 മുതൽ 11.04.2019 വരെ ആകെ 77 നായ്ക്കളുടെ വന്ധ്യംകരണം മാത്രമാണ് നടത്തിയിട്ടുള്ളത്. തലശ്ശേരി നഗരസഭയിലെ കോടിയേരി വെറ്ററിനറി ഡിസ്പെൻസറിയിൽ നഗരസഭ 2,76,275 രൂപ ചെലവഴിച്ച് നായകളുടെ വന്ധ്യകരണത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുകയും എബിസി പദ്ധതിക്കുള്ള നഗരസഭ വിഹിതമായി

2016-17 ൽ 1,00,000 രൂപ കണ്ണൂർ ജില്ലാ പഞ്ചായത്തിന് ഒടുക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 11.03.2019 ൽ എബിസി സെന്റർ പ്രവർത്തനം ആരംഭിച്ചെങ്കിലും തലശ്ശേരി നഗരസഭയിൽ നിലവിൽ എബിസി പദ്ധതി നിർത്തി വെച്ചതായാണ് കാണുന്നത്. നഗരസഭയുടെ എബിസി പദ്ധതിയുടെ ഫയൽ പ്രകാരം (ഫയൽ നമ്പർ എച്ച്.3/37098/2016) കോടിയേരി എബിസി സെന്റർ സ്ഥല ലഭ്യതക്കുറവ്, ശുദ്ധജല ദൗർലഭ്യത, വേസ്റ്റ് ഡിസ്പോസലിന് പ്രയാസം നേരിടുന്നത്, ഉപ്പുവെള്ളം ഉപയോഗിക്കുന്നതിനാൽ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് എന്നീ കാരണങ്ങളാൽ 14.03.2019 മുതൽ താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ചിരിക്കുകയാണെന്ന വിവരം അറിയിച്ച് കൊണ്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ 30.03.2019 ന് നം.ഡി1-9144/2017/ആ.സു ആയി കത്ത് നൽകിയതായി കാണുന്നു. ശുദ്ധജല ദൗർലഭ്യത, ഉപ്പുവെള്ളം കാരണം ഉപകരണങ്ങൾ കേടുപാടുകൾ സംഭവിക്കുന്നത്, നായകളുടെ കെന്നലുകൾ സ്ഥാപിച്ച ഒരു വരാന്ത അങ്കൺവാടിയിലേക്കുള്ള വഴിക്ക് സമീപവും ഭൂരിഭാഗം കെന്നലുകൾ സ്ഥാപിച്ചിട്ടുള്ള വരാന്തയിൽ കാറ്റും വെളിച്ചവും ലഭ്യമല്ലാത്തതും ഇടുങ്ങിയ വരാന്തയിൽ Dog handlers ന് ജോലി ചെയ്യാൻ സാധിക്കാത്തതും സെന്ററിന്റെ വേസ്റ്റ് ഡ്രേയിനേജ് അടഞ്ഞുകിടക്കുന്നത് കാരണം കെന്നലുകൾ വൃത്തിയാക്കാൻ സാധിക്കാത്തതും ശസ്ത്രക്രിയയ്ക്ക് ശേഷം ഉള്ള മാലിന്യങ്ങളും ഉപയോഗ ശൂന്യമായ വസ്തുക്കളും നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കാത്തതും നായകൾക്ക് നൽകുന്ന ഭക്ഷണത്തിന്റെ ബാക്കി നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കാത്തതും 11.03.2019 ന് പ്രവർത്തനം ആരംഭിച്ച എബിസി സെന്ററിന്റെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്ന പ്രശ്നങ്ങളും പരിമിതികളുമാണെന്ന് എബിസി സെന്ററിലെ വെറ്ററിനറി സർജ്ജൻ കോടിയേരി വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജ്ജന് 17.04.2019 ൽ നം.33/2019 ആയി നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എബിസി സെന്ററിലെ വെറ്ററിനറി സർജ്ജൻ ചൂണ്ടികാണിച്ച പരിമിതികൾ നഗരസഭ കെട്ടിട നിർമ്മാണ സമയത്തോ അടിസ്ഥാന സൗകര്യങ്ങൾക്ക് പണം ചെലവഴിക്കുന്ന സമയത്തോ ശരിയായ പഠനത്തിന് വിധേയമാക്കിയിട്ടില്ല എന്നാണ് മനസ്സിലാവുന്നത്. ശുദ്ധജല ലഭ്യത, മാലിന്യ സംസ്കരണം എന്നിവ ഉറപ്പുവരുത്താതെയാണ് മൃഗാശുപത്രി കെട്ടിടം പണിതതും പ്രസ്തുത കെട്ടിടത്തിൽ എബിസി പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതും എന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. ജില്ലാ മൃഗ സംരക്ഷണ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച 30.03.2019 ലെ കത്തിൽ നിലവിലുള്ള കോടിയേരി എബിസി സെന്ററിനു പകരം തലശ്ശേരി വെറ്ററിനറി പോളി ക്ലിനിക്കിനോടനുബന്ധിച്ച് എബിസി സെന്റർ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

3. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള പദ്ധതി തലശ്ശേരി നഗരസഭ പരിധിയിൽ നിർത്തിവെച്ച സാഹചര്യത്തിൽ തെരുവ് നായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനും അവയുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് വൻതോതിൽ നഷ്ടപരിഹാരം നൽകേണ്ടതായും വരും.

ഇത് സംബന്ധിച്ച് 07.11.2019 ന് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 13.03.2020 ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ തലശ്ശേരി വെറ്ററിനറി പോളി ക്ലിനിക്കിൽ താൽക്കാലികമായി എ.ബി.സി സെന്റർ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എബിസി സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കുവാനും തെരുവ് നായ്ക്കളുടെ വന്ധ്യംകരണം വഴി അവ പെറ്റുപെരുകുന്നത് തടയാനും തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് വൻതുക വികസനഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം ഒഴിവാക്കാനും ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-50 പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി- ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | |
| പ്രൊജക്റ്റ് നം | S0219, S0669<br>2019 2019 | |
| ഫയൽ നമ്പർ | H4-27403/2016 | |
| ബിൽ നം | 2/2018-19<br>30.06.2018 | 1,14,00,000 |

2022ാം ആണ്ടോടെ 'എല്ലാവർക്കും ഭവനം ലഭ്യമാക്കണം' എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാരിന്റെയും നഗരസഭയുടെയും സഹകരണത്തോടെ 2015-2022 കാലത്തേക്ക് നടപ്പിലാക്കുന്ന പദ്ധതിയാണ് പി.എം.എ.വൈ ഭവന പദ്ധതി. 28.02.2018 ലെ ജി.ഒ.(എം.എസ്) 29/2018/ത.സ്വ.ഭ.വ പ്രകാരം ഭവന നിർമ്മാണ യൂണിറ്റ് ചെലവ് കേന്ദ്രവിഹിതം 1,50,000 രൂപ, സംസ്ഥാന വിഹിതം 50,000 രൂപ, മുനിസിപ്പൽ വിഹിതം 2,00,000 രൂപ എന്നിങ്ങനെ ആകെ 4,00,000 രൂപയാക്കി പുതുക്കിയിട്ടുണ്ട്. 01.04.2017 ന് മുൻപ് കരാർ ചമച്ച ഗുണഭോക്താക്കൾക്ക് 3,00,000 രൂപ 4 ഗഡുക്കളായി (50,000 രൂപ ഗുണഭോക്തൃ വിഹിതം) വിതരണം ചെയ്യുകയും 01.04.2017 ന് ശേഷം കരാർ ചമച്ച ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതമില്ലാതെ തന്നെ 4 ലക്ഷം രൂപ ഭവന നിർമ്മാണത്തിനായി നൽകുകയും ചെയ്യുന്നു.

1. **പി.എം.എ.വൈ ഫണ്ട് വിനിയോഗ വിവരങ്ങൾ**

നഗരസഭയിൽ 2017-18 വർഷം ആരംഭിച്ച പി.എം.എ.വൈ പദ്ധതിയിൽ DPR-I മുതൽ DPR V വരെയായി 255 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് മുമ്പാകെ ഹാജരാക്കിയ രേഖകൾ പ്രകാരം 31.10.2019 വരെ കാലയളവിൽ പദ്ധതിക്ക് ലഭിച്ച ഫണ്ട് വരവിന്റെയും വിനിയോഗത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക ലക്ഷത്തിൽ)

| കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | മുനിസിപ്പാലിറ്റി വിഹിതം | ഗുണഭോക്തൃ വിഹിതം | ഹഡ്കോ ലോൺ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 214.2 | 71.4 | 336.6 | 53.9 | 100 | 776.1 | 717.2 | 58.9 |

31.10.2019 ന് പി.എം.എ.എ.വൈ പദ്ധതിക്കായി ആകെ 776.1 ലക്ഷം രൂപ ലഭിച്ചതിൽ 717.2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 58.9 ലക്ഷം രൂപ ബാങ്കിൽ നീക്കിയിരിപ്പുണ്ട്.

2. **പി.എം.എ.വൈ ഗുണഭോക്തൃ വിവരങ്ങൾ**

PMAY പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | DPR നം | അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | വീട് നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | I | 144 | 90 |
| 2 | II | 21 | 9 |
| 3 | II | 17 | 5 |
| 4 | IV | 25 | 6 |
| 5 | V | 45 | -- |
| ആകെ | | 255 | 110 |

255 ഗുണഭോക്താക്കളിൽ 110 പേർ മാത്രമാണ് വീട് നിർമ്മാണം പൂർത്തീകരിച്ചത്.

3. **ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.**

പി.എം.എ.വൈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ ഭവനനിർമ്മാണം ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്ത 7 ഗുണഭോക്താക്കൾ ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയ ശേഷം നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പി.എം.എ.വൈ സർവ്വേ നമ്പർ | DPR രജിസ്റ്റർ | ഗുണഭോക്താവിന്റെ പേര് | ഗഡുക്കൾ കൈപ്പറ്റിയതിന്റെ വിവരം | |
|---|---|---|---|---|---|
| | | | | | |

| | | നമ്പർ | | ഗഡു | | വൗച്ചർ നം/ തീയ്യതി |
|---|---|---|---|---|---|---|
| | | | | I | II | |
| 1 | 2348653 | I/11 | ജോയിസ് ബെഞ്ചമിൻ | 30,000 | -- | 40/4/17/25.04.17 |
| 2 | 2353729 | I/40 | സജിത.കെ.കെ | 30,000 | | 40/4/17/25.04.17 |
| | | | | | 1,20,000 | 1113/2/18/21.02.18 |
| 3 | 2595921 | I/69 | ഷറീഫ.യു.പി | 30,000 | | 107/4/17/03.05.17 |
| | | | | | 1,20,000 | 784/11/17/09.11.17 |
| 4 | 2499224 | I/111 | ശ്രീനാഥ്.പി | 30,000 | | 166/5/12/03.06.17 |
| | | | | | 1,20,000 | 733/10/17/30.10.17 |
| 5 | 2353428 | I/134 | ആരതി.കെ.പി | 30,000 | | 28/4/2018/10.04.18 |
| 6 | 2352679 | I/135 | ജിജിലമോൻ.കെ | 25,000 | | 112/5/18/07.05.18 |
| 7 | 5518251 | III/2 | സജിത്ത് കുമാർ.സി | 30,000 | | 905/12/17/26.12.17 |

4. **ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല.**

PMAY ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുമ്പോൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ചേർക്കേണ്ടതാണെങ്കിലും താഴെ കാണിച്ച 6 ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്താതെ തുകകൾ നൽകിയതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | DPR സർവ്വേ നമ്പർ | തുക നൽകിയതിന്റെ വിവരങ്ങൾ | | |
|---|---|---|---|---|---|
| | | | ഗഡു | | വൗച്ചർ നമ്പർ/ തീയ്യതി |
| | | | I | II | |
| 1 | ശ്രീമതി.ധന്യ.ടി | I | 40,000 | -- | 1403/03/19 |
| 2 | ശ്രീമതി.ലീല.ടി.കെ | II | 40,000 | -- | 1403/03/19 |
| 3 | ഷാജി.വി | II | | 1,60,000 | 1312/03/19 |
| 4 | സനീഷ്.പി | I | 40,000 | | 984/12/18 |
| 5 | രഹന.വി | III | 40,000 | | 984/12/18 |
| 6 | നസീമ.കെ.വി | IV | 40,000 | | 801, 802/11/18 |

പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെട്ട നഗരസഭയിലെ 255 ഗുണഭോക്താക്കളിൽ 110 ഗുണഭോക്താക്കൾ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ സമയബന്ധിതമായി വീട്ട നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി വിഹിതം നൽകിയതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് 120/2018-19 തീയ്യതി 13.03.2020 നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-51 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്റ്റ് നം | : | S0352/2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | മെമ്പർ സെക്രട്ടറി, കുടുംബശ്രീ. |
| അടങ്കൽ തുക | : | 2,50,000 |
| പദ്ധതി ചെലവ് | : | 2,00,000 |

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകൽ പദ്ധതി പ്രകാരം 2017-18 വർഷം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ 4 ഗുണഭോക്താക്കളിൽ 3 പേർക്ക് രണ്ടാം ഗഡു അനുവദിക്കുന്നതിനും ഒരാൾക്ക് മുഴുവൻ ഗഡുവും അനുവദിക്കുന്നതിനുമായി 2018-19 വർഷം 2,50,000 രൂപ വകയിരുത്തി. തൻവർഷത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവായ 50,000 രൂപ വീതവും ഒരു ഗുണഭോക്താവിന് ഒന്നും രണ്ടും ഗഡുക്കളായ 1,00,000 രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അപാകതകൾ |
|---|---|---|---|
| 1. | ഷീജ.എം ,<br>മനയത്ത് മീത്തൽ, കുട്ടിമാക്കൽ | 1,00,000<br>1.ബിൽ നം.22/2017-18<br>തീയ്യതി.20.03.2018<br>(₹ 50,000)<br>2.ബിൽ നം.11/2018-19<br>തീയ്യതി.31.07.2018<br>(₹ 50,000) | പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവ അംഗീകരിച്ച കോഴ്സിൽ പഠിക്കുന്നവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ഗുണഭോക്താവിന്റെ മകളായ ശോണിമ.കെ.ടി, കമ്മ്യൂണിറ്റി നേഴ്സിംഗ് & പാലിയേറ്റീവ് കെയർ ട്രെയിനിങ്ങ് കോഴ്സിന് പഠിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത കോഴ്സ് കേരളത്തിലെ പൊതു വിദ്യാഭ്യാസ വകുപ്പോ ഉന്നത വിദ്യാഭ്യാസ വകുപ്പോ അംഗീകരിച്ചിട്ടുള്ളതായുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല . |
| 2. | രഗന.കെ.സി, | 50,000 | 2017-18 ന് ഒന്നാം ഗഡുവായ 50,000 രൂപ |

| | | | |
|---|---|---|---|
| | ചിറമ്മൽ (ഹൗസ്), ചേറ്റംക്കുന്ന് | ബിൽ നം.31/2017-18 തീയ്യതി.27.03.2018 | കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ച് മുഴവൻ തുകയും കൈപ്പറ്റിയിട്ടില്ല. |

ഇത് സംബന്ധിച്ച് 05.10.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 65/2018-19 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയതായി അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ (1) ന്റെ പഠന കോഴ്സിന് പൊതു വിദ്യാഭ്യാസ വകുപ്പ് , ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ അംഗീകാരം ഇല്ലെങ്കിൽ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്. ക്രമ നമ്പർ (2) ലെ ഗുണഭോക്താവ് ഒന്നാം ഗഡു തുക പഠനമുറി നിർമ്മാണത്തിന് ഉപയോഗപ്പെടുത്തിയിട്ടില്ലെങ്കിൽ 50,000 രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-52 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - മുൻകൂറായി നൽകിയ തുകകളുടെ വിനിയോഗ വിവരങ്ങളും വൗച്ചറുകളും യഥാസമയം ലഭ്യമാക്കാത്തതും മറ്റ് അപാകതകളും

ഫയൽ നം : എച്ച്1/10713/08

മഴക്കാലപൂർവ്വ ശുചീകരണങ്ങൾ/ആരോഗ്യ ജാഗ്രത 2018-19 പ്രവർത്തനങ്ങൾക്കായി നഗരസഭയിലെ 52 വാർഡുകളിലേയും [10,000 രൂപ വീതം (ശുചിത്വമിഷൻ ഫണ്ട്)]വാർഡ് കൗൺസിലറും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും ഉൾപ്പെട്ട വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് താഴെ വിശദീകരിച്ച പ്രകാരം ആകെ 5,20,000 രൂപ അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/ തീയ്യതി | തുക | ലഘുവിവരണം |
|---|---|---|
| 275/06-2018 തീ.19.06.2018 | 2,60,000 | 52 വാർഡുകളിലെ സാനിറ്റേഷൻ കമ്മിറ്റികൾക്ക് 5,000 രൂപ വീതം |
| 647/09-2018 തീ.24.09.2018 | 2,60,000 | 52 വാർഡുകളിലെ സാനിറ്റേഷൻ കമ്മിറ്റികൾക്ക് 5,000 രൂപ വീതം |
| ആകെ | 5,20,000 | |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.01.2018 ലെ 17/ഡി.ഡി1/18/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഓരോ ഡിവിഷൻ JHI മാരെയും അതാത് ഡിവിഷൻ പരിധിയിലെ വാർഡുകളിൽ പ്രവർത്തനം നടത്തുന്നതിന് നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിക്കൊണ്ടും എച്ച്.എെമാരെ ടി പ്രവർത്തനത്തിന് നേതൃത്വം വഹിക്കുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ടും 13.06.2018 തീയ്യതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം നഗരസഭയിലെ JHI മാർക്ക് ചുമതലയുള്ള വാർഡുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | J H I യുടെ പേര് | ചുമതലയുള്ള വാർഡുകൾ |
|---|---|---|
| 1 | സജ്ന.കെ | 1 മുതൽ 9 വരെ |
| 2 | ഷീന ലോറൻസ് | 10 മുതൽ 18വരെ |
| 3 | രജില.എം | 22 മുതൽ 36 വരെ |
| 4 | ശശിധരൻ | 37 മുതൽ 44 വരെ |
| 5 | പൂർണ്ണിമ | 19 മുതൽ 21 വരെ, 45,46 |
| 6 | അസിത | 47 മുതൽ 52 വരെ |

ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. ഓഡിറ്റിന് ഹാജരാക്കിയ വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ ബാങ്ക് പാസ്സ് ബുക്കുകൾ പരിശോധിച്ചത് പ്രകാരമുള്ള വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കിയ വൗച്ചറുകൾ പ്രകാരമുള്ള വിവരങ്ങളും പരിശോധിച്ചതിൽ ചില വാർഡുകളിൽ ബാങ്ക് അക്കൗണ്ടിൽ നിന്ന് ആദ്യഗഡു തുക പിൻവലിച്ച് മാസങ്ങൾക്ക് ശേഷമാണ് വൗച്ചർ പ്രകാരം തുക ചെലവഴിച്ചതായി കാണുന്നത്. നഗരസഭയിലെ 52 വാർഡുകളിലും വാർഡ് കൗൺസിലർമാർ ചെയർമാനായും വാർഡ് ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ കൺവീനറായും വാർഡ് സാനിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ബാങ്ക് പാസ്സ് ബുക്ക് നിലവിലും പഴയ വാർഡ് കൗൺസിലറുടെയും അപ്പോൾ ചുമതലയിലുള്ള JHI മാരുടെയും പേരിലാണ്.

2. 2018-19 വർഷത്തെ ശുചിത്വമിഷൻ ഫണ്ട് വിനിയോഗ വിവരങ്ങൾ ഹാജരാക്കുന്നതിന് ഹെൽത്ത് സൂപ്പർവൈസർ ബന്ധപ്പെട്ട JHI/HI മാർക്ക് 28.03.19 ലെ H1/10713/08 ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയതായി ഫയലിൽ കാണുന്നുവെങ്കിലും വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരങ്ങൾ ഇല്ലാതെയാണ് നഗരസഭ സെക്രട്ടറി ഓരോ വാർഡും 10,000 രൂപ വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം ശുചിത്വമിഷന് സമർപ്പിച്ചത് .

3. ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്ററുടെ 21.05.2018 ലെ ഉത്തരവ് നമ്പർ 754/12/S.B.M പ്രകാരം ആദ്യഗഡുവായി 50% തുക അനുവദിക്കുമ്പോൾ പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം നഗരസഭ തുക കൈപ്പറ്റി 15 ദിവസത്തിനകം ജില്ലാ ശുചിത്വമിഷൻ ഓഫീസിൽ നൽകേണ്ടതാണെന്നും ആയത് നൽകുന്ന മുറയ്ക്ക് രണ്ടാം ഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ടെങ്കിലും യഥാസമയം വിനിയോഗ വിവരം നഗരസഭ നൽകിയിട്ടില്ല.

4. 2018-19 വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ 2018 ജൂൺ മാസത്തിൽ ആരംഭിക്കുന്ന മഴക്കാലത്തിന് മുമ്പായി ചെയ്തു തീർക്കേണ്ട പ്രവൃത്തിയാണ്. ശരിയായ ആസൂത്രണ/നിർവ്വഹണത്തിന്റെ അഭാവത്തിൽ ആയത് പ്രാവർത്തികമായിട്ടില്ല. ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ഭൂരിഭാഗം വാർഡുകളിലും 2019 വർഷത്തിലാണ് ചെലവ് ചെയ്തിട്ടുള്ളത്. സമയബന്ധിതമായി മഴക്കാലത്തിന് മുമ്പേ ചെയ്യേണ്ട പ്രവൃത്തി മഴക്കാലത്തിനിടയ്ക്കോ അതിനുശേഷമോ ചെയ്യുന്നത് കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലെ അപാകതകൾ സംബന്ധിച്ച് 07.09.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 35/2018-19 ന് നഗരസഭ ലഭ്യമാക്കിയ 27.12.2019 ലെ മറുപടിയിൽ നഗരസഭയിലെ ജനന മരണ രജിസ്ട്രേഷൻ, ഹെൽത്ത് വിഭാഗവുമായി ബന്ധപ്പെട്ട മറ്റ് ജോലികൾ എന്നീ ചുമതലകൾ ഉണ്ടായിരുന്നതിനാൽ വിനിയോഗ വിവരങ്ങളും വൗച്ചറുകളും യഥാസമയം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ യഥാസമയം ലഭ്യമാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

# 1-53 ക്യാൻസർ നിർണ്ണയ ക്യാമ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നം | : | S0629/2019 |
| പദ്ധതി ചെലവ് | : | 64467/2019 (വികസനഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | : | സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി |
| ബിൽ നം/തീയ്യതി | | തുക |
| 9/2018-19/14.03.2019 | : | 16,231 |
| 10/2018-19/14.03.2019 | : | 12,642 |
| 11/2018-19/14.03.2019 | : | 20,947 |
| 12/2018-19/14.03.2019 | : | 14,647 |
| **ആകെ** | | **64,467** |

ജനറൽ ആശുപത്രി , തലശ്ശേരിയിൽ ക്യാൻസർ രോഗനിർണ്ണയം നടത്തുന്നതിനായി 4 ക്യാമ്പുകൾ നടത്തുന്ന പദ്ധതിക്ക് വികസനഫണ്ടിൽനിന്നും 1 ലക്ഷം രൂപ വകയിരുത്തി. ക്യാൻസർ ഭയം ഇല്ലാതാക്കൽ, ക്യാൻസർ രോഗികൾക്ക് ആശ്വാസം നൽകൽ, ക്യാൻസർ രോഗനിർണ്ണയം, തുടങ്ങിയവയായിരുന്ന പ്രൊജക്ട് ലക്ഷ്യങ്ങൾ. മേൽ പദ്ധതി നിർവ്വഹണത്തിനായി വികസനഫണ്ടിൽനിന്നും 64,467 രൂപ ചെലവഴിച്ചിട്ടുണ്ട്. [37800/- ലാബ് ചാർജ്ജ് + 26667/- ഡോക്ടർമാരുടെ ഹോണറേറിയം/മറ്റ് അനുബന്ധചെലവുകൾ] പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാൻസർ നിർണ്ണയ ക്യാമ്പിന് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് നഗരസഭ പരിധിയിലുള്ള പ്രദേശങ്ങളിൽ വ്യാപകമായ പ്രചാരണം നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

2. ഡോ.രശ്മി.കെ.പി., (ജൂനിയർ കൺസൾട്ടന്റ് റേഡിയോ തെറാപ്പി) യുടെ 17.01.2019 ലെ റിപ്പോർട്ട് പ്രകാരം മലബാർ കാൻസർ സെന്ററിൽനിന്നും 'പാപ് സ്മിയർ ' ടെസ്റ്റ് നടത്തുന്നതിന് പാത്തോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അയച്ച 15.01.2019 ലെ കത്തിന് ലഭിച്ച മറുപടിയിൽ സ്പെസിമെൻ ശേഖരിച്ച് മലബാർ കാൻസർ സെന്ററിലേക്ക് അയച്ചുകൊടുക്കാനാവശ്യപ്പെട്ടതായും ട്രെയിനിംഗ് ലഭിച്ച സ്റ്റാഫ് ഇല്ലാത്തതിനാൽ പ്രൈവറ്റ് ലാബിനെ ചുമതല ഏൽപ്പിക്കാമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. മലബാർ കാൻസർ സെന്ററിന്റെ സേവനം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതിന് മുമ്പ് 03.01.2019 ന് പ്രൈവറ്റ് ലാബുകളിൽ നിന്നും പാപ് സ്മിയർ ടെസ്റ്റ് നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു.

3. സ്പെസിമെൻ കലക്ട് ചെയ്ത് മലബാർ കാൻസർ സെന്ററിലേക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ സ്പെസിമെൻ കലക്ട് ചെയ്യുന്നതിനും ടെസ്റ്റ് ചെയ്യുന്നതിനും സ്വകാര്യ ലാബിനെ ഏൽപ്പിച്ചു.

4. പാപ് സ്മിയർ ടെസ്റ്റ് നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ ക്വട്ടേഷൻ നഗരസഭ കൗൺസിൽ അംഗീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

5. വയലളം റീഡേഴ്സ് സെന്റർ (19.01.2019), ചാലിൽ പി.എച്ച്.സി (16.02.2019), കോടിയേരി പി.എച്ച്.സി (25.01.2019), ചേറ്റംക്കുന്ന് എൽ.പി.എസ് (08.02.2019) എന്നിവിടങ്ങളിൽ വെച്ച് സംഘടിപ്പിച്ച ക്യാമ്പിൽ 238 പേർ പങ്കെടുക്കുകയും 126 പേർക്ക് പാപ് സ്മിയർ ടെസ്റ്റ് നടത്തിയതിന്റെ ചാർജ്ജായ 37,800/- രൂപ (126x300)DDRC-SRL ഡയഗ്നോസ്റ്റിക് സെന്റർ, കണ്ണൂർ എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ടെസ്റ്റ് റിസൾട്ട് വിവരം ഫയലിൽ ലഭ്യമല്ല. തുടർനടപടി വിവരങ്ങൾ ഇല്ല.

6. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ 16.09.2019 ലെ ഒ.എസ് നമ്പർ 39/2018-19 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കാൻസർ നിർണ്ണയ ക്യാമ്പിന് വേണ്ടി ചെലവഴിച്ച 64,467/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-54 ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | : | സൂപ്രണ്ട് ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി |
| പ്രൊജക്ട് നം | : | S0238/2019 |
| ബിൽ നം/തുക | : | 2/2018-19/15.10.2018 (2,00,000)<br>5/2018-19/29.11.2018 (99,981)<br>7/2018-19/12.12.2018 (2,00,000) |
| പദ്ധതി ചെലവ് | : | 4,99,981 (വികസനഫണ്ട്) |
| ഫയൽ നമ്പർ | : | B5/6636/2018 |

മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നിർവ്വഹണം നടത്തുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ(ആരോഗ്യം)നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.
2. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചുവടെ ചേർത്ത ഇൻവോയ്സ് നം./ തീയ്യതി പ്രകാരം 4,99,981 രൂപ മുൻകൂറായി നൽകിയെങ്കിലും ഓഡിറ്റ് തീയ്യതിവരെയും മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | ബിൽനം/തിയ്യതി | ഇൻവൊയ്സ് നം/തീയ്യതി | തുക |
|---|---|---|---|
| 1 | 2/2018-19/15.10.2018 | PRF.1249<br>15.09.2018 | 2,00,000 |
| 2 | 5/2018-19/29.11.2018 | PRF.2255<br>09.11.2018 | 99,981 |
| 3 | 7/2018-19/12.12.2018 | PRF.3157<br>11.12.2018 | 2,00,000 |
| ആകെ | | | 4,99,981 |

3. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുക കൈപ്പറ്റിയതിന്റെ രസീത് ഇല്ല.

4. 2018-19 ലെ പ്രൊജക്ട് പ്രകാരം യഥാസമയത്തിനുള്ളിൽ ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്ന് ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല..

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/2018-19;തീ: 30.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി തുക ചെലവഴിച്ചെങ്കിലും മരുന്ന് ലഭിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഉപയോഗപ്പെടുത്താനായിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ കാരണം 4,99,981 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-55 ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ -നടപടിക്രമം പാലിച്ചില്ല.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | : | സൂപ്രണ്ട് ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി |
| പ്രൊജക്ട് നം | : | S0-241 /2019 |
| പദ്ധതി ചെലവ് | : | 4,99,983(വികസനഫണ്ട്) |
| ഫയൽ നമ്പർ | : | B5/6581/2018 |

തലശ്ശേരി ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിൽ വികസന ഫണ്ടിൽനിന്നും 4,99,983/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ 1,19,233/- രൂപയുള്ള മരുന്നുകൾ സർക്കാരുമായി റണ്ണിംഗ് കോൺട്രാക്ട് നിലവിലുള്ള 3 സ്ഥാപനങ്ങളിൽനിന്നും 3,80,750/- രൂപയുടെ മരുന്നുകൾ കാരുണ്യ ഫാർമസി, തലശ്ശേരിയിൽനിന്നുമാണ് വാങ്ങിയിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നിർവ്വഹണം നടത്തുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ (ആരോഗ്യം) നിന്നും മരുന്നുകളുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

2. ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തീയ്യതി 14.02.2018 ലെ ഖണ്ഡിക 7.5.4 പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽനിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നുള്ള NAC ഇല്ലാതെ തന്നെ ചുവടെ ചേർത്ത പ്രകാരം 3,80,750 രൂപയുടെ മരുന്നുകൾ കാരുണ്യ ഫാർമസി തലശ്ശേരിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചർക്കുന്നു.

| നം | ബിൽനം/തിയ്യതി | ഇൻവോയ്സ് നം/തീയ്യതി | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 1/2018-19/26.09.2018 | 22224<br>17.08.2018 | 1,05,775 |
| 2 | 4/2018-19/15.10.2018 | 25651<br>11.09.2018 | 1,75,698 |
| 3 | 06/2018-19/12.12.2018 | 32357<br>22.10.2018 | 22,242 |
| 4 | 06/2018-19 | 3231<br>21.04.2018 | 14,336 |
| 5 | 8/2018-19/27.02.2019 | 4598<br>28.04.2018 | 9,558 |
| 6 | 8/2018-19/27.02.2019 | 4261<br>26.12.2018 | 19,115 |
| 7 | 8/2018-19/27.02.2019 | 39562<br>05.12.2018 | 14,392 |
| 8 | 8/2018-19/27.02.2019 | 39138<br>03.12.2018 | 5,242 |
| 9 | 8/2018-19/27.02.2019 | 37718<br>23.11.2018 | 14,392 |
| | | | 3,80,750 |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മരുന്നുകൾക്ക് സർക്കാറുമായി റണ്ണിംഗ് കോൺട്രാക്ട് നിലനിൽക്കുന്ന സ്ഥാപനങ്ങളിൽനിന്ന് വാങ്ങണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1,19,233/- രൂപയ്ക്ക് 3 സ്ഥാപനങ്ങളിൽനിന്നും മരുന്ന് വാങ്ങിയെങ്കിലും കാരുണ്യ ഫാർമസിയിൽനിന്നും വാങ്ങിയ മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്താതെയും അവരിൽനിന്നും മരുന്നുകൾ ലഭ്യമല്ലെന്ന സാക്ഷ്യപത്രം ഇല്ലാതെയുമാണ് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് 30.08.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ 30/2018-19 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 3,80,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-56 പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | : | സൂപ്രണ്ട് ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി |
| ബിൽ നം | : | 3/2018-19 തീയ്യതി 15.10.2018 |
| തുക | : | 2,00,000/- (വികസനഫണ്ട്) |
| ഫയൽ നം | : | B5/6634/2018 |
| | | |

| | | |
|---|---|---|
| പ്രൊജക്ട് നം | : | S0235/2019 |

മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ 14.02.2018 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺഅവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യ സ്ഥാപനത്തിന് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിന് വേണ്ടി തുക ചെലവഴിക്കാനോ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
2. 15.10.2018 ലെ ട്രഷറി ബിൽ നം.03/2018-19 (ഇൻവോയ്സ് നം.Pro.In 1254/15.09.2018) പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 2,00,000 രൂപ മുൻകൂർ നൽകിയെങ്കിലും ഓഡിറ്റ് തീയ്യതി വരെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.
3. KMSCL തുക കൈപ്പറ്റിയതിന്റെ രസീതി ഫയലിൽ ലഭ്യമല്ല.
4. നഗരസഭയിൽ 2018-19 വർഷത്തിൽ പ്രവർത്തിച്ച പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്നുകൾ ലഭ്യമാക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എന്നാൽ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ (2018-19) മിനുട്സും അനുബന്ധ രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
5. 2018-19 ലെ പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി മരുന്നുകൾ വാങ്ങാൻ ഉദ്ദേശിച്ച് മുൻകൂറായി തുക നൽകിയെങ്കിലും നിലവിലും മരുന്നുകൾ ലഭ്യമാകാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് 30.08.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 31/2018-19 തീയ്യതി 30.08.2019) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല . മേൽ അപാകതകൾ കാരണം 2,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-57 കെട്ടിട നിർമ്മാണം-നടപടിക്രമങ്ങളിലെ അപാകതകൾ-26,31,806 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മുനിസിപ്പൽ എഞ്ചിനീയർ, തലശ്ശേരി നഗരസഭ. |
| പ്രൊജക്ടിന്റെ പേര് | : | സൈദാർപള്ളിക്ക് സമീപം ഷോപ്പിംഗ്-കം-ഓഫീസ് കെട്ടിട നിർമ്മാണം |
| പ്രോജക്ട് നമ്പർ | : | 606/19 |
| വകയിരുത്തൽ | : | 72,10,000 |

<table>
<tr><td rowspan="5">ചെലവ്</td><td rowspan="5">:</td><td colspan="3">26,31,806/<br><br>2018-19 ലെ മാത്രം ചെലവ് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )</td></tr>
<tr><td>ബിൽ നം.</td><td>തീയ്യതി</td><td>തുക</td></tr>
<tr><td>23/2018-19</td><td>21.11.2018</td><td>6,66,922</td></tr>
<tr><td>29/2018-19</td><td>14.03.2019</td><td>19,64,884</td></tr>
</table>

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

**1. <u>പ്രവൃത്തി ഏറ്റെടുക്കുന്നതിലെ കാലതാമസം</u>**

കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രശീത് ഒപ്പുവച്ച് നൽകേണ്ടതുമാണ് (പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1). ഈ പദ്ധതിയുടെ കരാറുടമ്പടി 19-12-2017 തീയ്യതിയിൽ വച്ചിട്ടുണ്ടെങ്കിലും കരാറുകാരൻ 16-08-2018 തീയ്യതിയിലാണ് സൈറ്റ് ഏറ്റെടുത്തിരിക്കുന്നത്.

**2. <u>കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചില്ല</u>**

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ് (പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം). പ്ലോട്ടിലുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകിയതായോ ഗ്രേസ് പിരീഡ് അനുവദിച്ചതായോ രേഖകളില്ല.

**3. <u>അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കിയതിന്റെ രേഖയില്ല</u>**

03.02.2016 തീയ്യതിയിലെ ജി.ഒ.(പി) 19/2016/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റിന്റെ 10% മുതൽ 25% വരെ കുറവാണെങ്കിൽ കരാറുകാരനിൽനിന്ന് അധികമായി അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കേണ്ടതാണ്. ഈ പദ്ധതിയിൽ എസ്റ്റിമേറ്റ് തുക 70,00,000 രൂപയും കരാറുകാരൻ ക്വാട്ട് ചെയ്ത തുക 59,42,162.76 രൂപയുമാണ്. 15.11% ആണ് ടെണ്ടർ കുറവ്. ആയതിനാൽ താഴെ പറയും പ്രകാരം അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി കണക്കാക്കി ഈടാക്കേണ്ടതുണ്ട്.

അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി= PAC യുടെ (x-10)% (x=കരാറുകാരൻ ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് )

= 5942163 x (15.11-10)/100 = 5942163 x 5.11/100=3,03,645

എന്നാൽ മേൽ തുക കരാറുകാരനിൽനിന്ന് ഈടാക്കിയിട്ടുണ്ടോ എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

4. മോണിട്ടറിംഗ്

പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

5. കരാറുകാരൻ അളവ് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം ഫയലിൽ ഇല്ല.

അപാകതകൾ സംബന്ധിച്ച് മറുപടി അറിയിക്കുവാനും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് 25.01.2020 തീയ്യതിയിലെ 96/2018-19 നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ 26,31,806 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-58 പാട്യം ഗോപാലൻ റോഡ് ഇന്ററർലോക്കിംഗ്-നടപടിക്രമങ്ങളിലെ അപാകതകൾ-32,39,935 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | | | |
|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മുനിസിപ്പൽ എഞ്ചിനീയർ, തലശ്ശേരി നഗരസഭ. | | |
| പ്രൊജക്ടിന്റെ പേര് | : | വാർഡ് 45-ൽ പാട്യം ഗോപാലൻ റോഡ് ഇന്റർലോക്കിംഗ് | | |
| പ്രോജക്ട് നമ്പർ | : | 606/19 | | |
| വകയിരുത്തൽ | : | 47,60,000 | | |
| ചെലവ് | : | 32,39,935 | | |
| | | ബിൽ നം. | തീയ്യതി | തുക |
| | | 177/2017-18 | 31.03.2018 | 19,09,721 |
| | | 31/2018-19 | 25.03.2019 | 13,30,214 |

ഈ പദ്ധതി സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. 2012 ലെ കേരളാ PWD മാന്വലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്.

എസ്റ്റിമേറ്റ് റിപ്പോർട്ടിനോടൊപ്പം ലൊക്കേഷൻ, പ്രവൃത്തിയുടെ സവിശേഷതകൾ, സൈറ്റ് പ്ലാൻ മുതലായവ ഉണ്ടായിരിക്കണം. എല്ലാ പ്രധാനപ്പെട്ട ഐറ്റങ്ങൾക്കും ഡിസൈൻ ഡ്രോയിംഗും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2. പദ്ധതിയുടെ കരാർ വച്ച് 10 ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഏറ്റെടുക്കേണ്ടതും കേരളാ പബ്ലിക് വർക്സ് മാന്വലിൽ പ്രതിപാദിച്ച അപ്പന്റിക്സ് 2100A മാതൃകയിലുള്ള കൈപ്പറ്റ് രശീത് ഒപ്പുവച്ച് നൽകേണ്ടതുമാണ്. കരാറുകാരൻ സൈറ്റ് ഏറ്റെടുക്കാൻ ഹാജരാകുന്നില്ല എങ്കിൽ അസി.എഞ്ചിനീയർ ഒപ്പുവച്ച കൈപ്പറ്റ് രശീത് കരാറുകാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ തപാൽ അയച്ച ദിവസം മുതൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്തതായി കണക്കാക്കേണ്ടതാണ്. എന്നാൽ ഉള്ളടക്കത്തിൽ വ്യത്യാസമില്ലെങ്കിലും ഖണ്ഡിക 16.1.2 പ്രകാരമുള്ള അപ്പന്റിക്സ് VI(a) മാതൃകയിലാണ് കൈപ്പറ്റ് രശീത് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഈ കൈപ്പറ്റ് രശീതിൽ കോൺട്രാക്ടർ സൈറ്റ് ഏറ്റെടുത്ത തീയ്യതി, കോൺട്രാക്ടറുടെ തീയ്യതി വച്ച ഒപ്പ്, അസി. എഞ്ചിനീയറുടെ തീയ്യതിയോടുകൂടിയുള്ള മേലൊപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന് നിയമ സാധുതയില്ല.

3. പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

4. കരാറുകാരൻ അളവ് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം ഫയലിൽ ഇല്ല.

ഇത് സംബന്ധിച്ച് 25.01.2020 നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ 32,39,935 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-59 മരാമത്ത് പ്രവൃത്തി നടപടിക്രമങ്ങളിലെ അപാകതകൾ

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മുനിസിപ്പൽ എഞ്ചിനീയർ, തലശ്ശേരി നഗരസഭ. | |
| പ്രൊജക്ടിന്റെ പേര് | : | പാറാൽ-വലിയേട്ടിൽ മുക്ക് റോഡ് നിർമ്മാണം. | |
| പ്രോജക്ട് നമ്പർ | : | 608/19 | |
| എം.ബുക്ക് നമ്പർ | : | 579/2016 | |
| വകയിരുത്തൽ | : | 6,70,000 (ധനകാര്യ കമ്മീഷൻ അവാർഡ്) | |
| ചെലവ് | : | 6,11,019 | |
| | | ബിൽ നം. | തീയ്യതി |
| | | 27/2018-19 | 19.11.2018 |

ഈ പദ്ധതി സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

**1. സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള സമയക്രമം പാലിച്ചില്ല**

ടെണ്ടർ സ്വീകരിച്ച് ശേഷം 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായി രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേർഡ് പോസ്റ്റ്/കൊറിയർ/ഇ-മെയിൽ ആയി കരാറുകാരന് നൽകണം (പി.ഡബ്ല്യൂ.ഡി മാന്വൽ ഖ.2009-6). ഈ പദ്ധതിയുടെ ടെണ്ടർ 24.07.2017 തീയ്യതിയിലെ 23-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സെലക്ഷൻ നോട്ടീസിന്റെ കത്ത് തീയ്യതി 02.08.2017 ആണെന്നതിനാൽ സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള സമയക്രമം പാലിക്കപ്പെട്ടിട്ടില്ല . ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.108/2018-19, തീയ്യതി 17.02.2020) മറുപടിയിൽ 24.07.2017 ന് കൗൺസിൽ മീറ്റിംഗിന് 3ാം നമ്പറായി അംഗീകരിച്ചെങ്കിലും തീരുമാനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടായതിനാലാണ് നോട്ടീസ് 02.08.2017 ന് നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2. കാലാവധി ദീർഘിപ്പിക്കൽ ആധികാരികമല്ല**

കരാറുകാരന്റെ പിഴവുമൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, പി.എ.സി.യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചതിനു ശേഷമേ കരാറുകാരന് തുക നൽകാവൂ (പൊതുമരാമത്ത് മാന്വൽ-2012). 14.08.2017 ൽ ആരംഭിച്ച മൂന്ന് മാസം കാലയളവുള്ള ഈ പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത് 13.11.2017 തീയ്യതിയിലായിരുന്നു. ഇതിനു ശേഷം 5.12.2018 വരെ 1% (പൂർത്തീകരണ കാലാവധിയുടെ 25%) പിഴയോടുകൂടി കാലാവധി ദീർഘിപ്പിക്കാം. 27.12.2017 തീയ്യതിക്കപ്പുറത്തേക്ക് (പൂർത്തീകരണ കാലാവധിയുടെ 50%) ഈ പ്രവൃത്തി ദീർഘിപ്പിക്കുന്നത് പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ആധികാരികമല്ല. 15.05.2018 തീയ്യതിയിലാണ് പ്രവൃത്തി ഔദ്യോഗികമായി പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി പൂർത്തീകരണ സമയത്തിന് അപ്പുറത്തേക്ക് കാലാവധി നീണ്ടുപോയ ഈ പ്രവൃത്തി ആധികാരികമല്ല. മേൽ നമ്പറിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ പ്രസ്തുത സമയം മഴക്കാലം ആയതുകൊണ്ട് ടാറിംഗ് പ്രവൃത്തി നടത്താൻ സാധിക്കാത്ത സാഹചര്യം ആണ് ഉണ്ടായതെന്നും റോഡ് വീതി കൂട്ടിക്കിട്ടാത്ത സാഹചര്യം ഉണ്ടായത് കരാറുകാരന്റെ ഭാഗത്തുനിന്നുള്ള തെറ്റല്ലാത്തതുകൊണ്ടാണ് എഗ്രിമെന്റ് കാലാവധി 15.05.2018 വരെ നീട്ടി നൽകിയതെന്നും പ്രവർത്തി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**3. കാലാവധി നീട്ടി നൽകുന്നതിനും അപേക്ഷ നൽകുന്നതും കരാർ ഉടമ്പടി വയ്ക്കുന്നതും അന്തിമ ബില്ല് തയ്യാറാക്കിയതിന് ശേഷം.**

14.08.2017 ന് ആരംഭിച്ച പ്രവൃത്തി 12.10.2017 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 15.05.2018 ൽ മാത്രമാണ്. പ്രവൃത്തിയുടെ അന്തിമ ബില്ല് 25.10.2018 ന് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് കരാറുകാരനായ ശ്രീ.പ്രമോദൻ.കെ.സി അപേക്ഷ സമർപ്പിക്കുന്നത് 08.11.2018ൽ ., അതായത് പ്രവൃത്തിയുടെ അന്തിമ ബില്ല് തയ്യാറാക്കിയതിന് ശേഷം മാത്രമാണ്. ഇത് സംബന്ധിച്ച അനുബന്ധ കരാർ തയ്യാറാക്കിയത് 07.11.2018 ന് വാങ്ങിയ മുദ്രപത്രത്തിലാണ്. കരാറിൽ തീയ്യതിയും രേഖപ്പെടുത്തിയിട്ടില്ല. മേൽ നമ്പറിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടൈം എക്സ്റ്റൻഷൻ സപ്ലൈ എഗ്രിമെന്റ് സമർപ്പിക്കുന്നതിന് കരാറുകാരന്റെ കൈയ്യിൽ പഴയ സ്റ്റാമ്പ് പേപ്പർ ഇല്ലാത്തത് കൊണ്ടാണ് പുതിയ തീയ്യതിയിലുള്ള സ്റ്റാമ്പ് പേപ്പർ ഹാജരാക്കിയത് എന്നുള്ള മറുപടി തൃപ്തികരമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**4. ഫൈനൽ ബിൽ സമർപ്പിച്ചതിലെ കാലതാമസം**

1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 15 (7) പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ഒരാഴ്ചക്കകം അളവെടുത്ത് രണ്ടാഴ്ചക്കകം ഫൈനൽ ബിൽ സമർപ്പിക്കണം. ഈ പ്രവൃത്തി പൂർത്തീകരിച്ചത് 15.05.2018 തീയ്യതിയിലാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് 25.10.2018 തീയ്യതിയിലാണ് (എം ബുക്ക് പേജ് നം.28). ഫൈനൽ ബിൽ സമർപ്പിക്കുന്നതിൽ ചട്ടപ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. മേൽ ഓഡിറ്റ് അന്വേഷണത്തിന് ടൈം എക്സ്റ്റൻഷൻ സ്റ്റാമ്പ് പേപ്പർ , കോൺട്രാക്ടർ എത്തിക്കാത്തതുകൊണ്ടാണ് ബിൽ തയ്യാറാക്കാനും അയക്കാനും വൈകിയത് എന്ന മറുപടി അംഗീകരിക്കത്തക്കതല്ല. അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

**5. മോണിറ്ററിംഗ് റിപ്പോർട്ടിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.**

ഇ.1/8217/2017 നമ്പർ ഫയലിൽ സൂക്ഷിച്ച മോണിറ്ററിങ്റിപ്പോർട്ടിൽ സമിതിയംഗങ്ങളായ ശ്രീമതി.എം.പി.നീമ, ശ്രീമതി.നജ്മ ഹാഷിം, ശ്രീ.വിജയൻ മാസ്റ്റർ എന്നിവർ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചു എന്ന് രേഖപ്പെടുത്തിയിട്ടില്ല. റിപ്പോർട്ടിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. മേൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും തീയ്യതി ഇട്ടിട്ടില്ല എന്നും ആയത് രേഖപ്പെടുത്തുന്നതിന് കമ്മിറ്റി അംഗങ്ങളെ അറിയിക്കുന്നതാണെന്നും ആണ് മറുപടി നൽകിയിട്ടുള്ളത്. ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ കാരണങ്ങളാൽ 6,11,019 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-60 കോടിയേരി-ചാമക്കുളം റോഡ് റീ ടാറിംഗ് പ്രവൃത്തി - നടപടിക്രമങ്ങളിലെ അപാകതകൾ

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മുനിസിപ്പൽ എഞ്ചിനീയർ, തലശ്ശേരി നഗരസഭ. | |
| പ്രൊജക്ടിന്റെ പേര് | : | കോടിയേരി-ചാമക്കുളം റോഡ് റീ-ടാറിംഗ് വാർഡ്-22 | |
| പ്രോജക്ട് നമ്പർ | : | 344/19 | |
| വകയിരുത്തൽ | : | 5,96,000 | |
| ചെലവ് | : | 5,49,671 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | |
| | | ബിൽ നം. | തീയ്യതി |
| | | 3/2018-19 | 18.5.2018 |

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. പ്രവൃത്തി ഏറ്റെടുത്ത കത്തിന് നിയമ സാധുതയില്ല**

കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രശീത് ഒപ്പുവച്ച് നൽകേണ്ടതുമാണ് (പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1). ശ്രീ. രജീവൻ സി., മുനിസിപ്പൽ എഞ്ചിനീയർ ഒന്നാം കക്ഷിയായും ശ്രീ. രവീന്ദ്രൻ പി. രണ്ടാം കക്ഷിയായും 22.01.2018 തീയ്യതിയിൽ കരാറുടമ്പടി വച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് ഏറ്റെടുത്തത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള അനുബന്ധത്തിൽ സൈറ്റ് ഏറ്റെടുത്ത തീയ്യതി, കോൺട്രാക്ടറുടെ തീയ്യതി സഹിതമുള്ള ഒപ്പ് എന്നിവ ചേർത്തിട്ടില്ല.

**2. റിവൈസ്ഡ് എസ്റ്റിമേറ്റ്-പത്രികകൾ തയ്യാറാക്കിയിട്ടില്ല**

ഈ പ്രവൃത്തിക്കായി റോഡ് ക്ലീൻ ചെയ്തപ്പോൾ റോഡ് കൂടുതൽ തകർന്നതായി കണ്ടതിനാൽ റോഡ് സൈഡിൽ അടിഞ്ഞുകൂടിയ മണ്ണ് മാറ്റുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്നതിനും കൂടുതൽ നീളം സ്കാറിഫൈ ചെയ്ത് പുതുക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തുന്നതിനും ഈ പ്രൊജക്ട് റിവൈസ് ചെയ്തിട്ടുണ്ടെന്ന് നോട്ട് ഫയൽ പേജ് 4ൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ താഴെ കൊടുത്തിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. (പൊതുമരാമത്ത് മാന്വൽ 2012- 1601.1.6)

a) പ്രവൃത്തിയുടെ പ്രധാനപ്പെട്ട വ്യതിയാനങ്ങളുടെ പ്രകൃതവും കാരണവും സാമ്പത്തിക ആഘാതവും എന്തൊക്കെയാണെന്ന് വിലയിരുത്തിക്കൊണ്ടുള്ള അപ്പന്റിക്സ് 1600 E മാതൃകയിലുള്ള പത്രിക തയ്യാറാക്കിയിട്ടില്ല.

b) അളവുകൾ, നിരക്കുകൾ, ഓരോ ഇനത്തിന്റെയും വ്യതിയാനത്തിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവുമുള്ള തുകകൾ എന്നിവ ഉൾപ്പെടുന്ന ഒരു താരതമ്യ പത്രിക അപ്പന്റിക്സ് 1600 F മാതൃകയിൽ തയ്യാർ ചെയ്തിട്ടില്ല.

**3. <u>ഫൈനൽ ബിൽ സമർപ്പിച്ചതിലെ കാലതാമസം</u>**

1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 15 (7) പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ഒരാഴ്ചക്കകം അളവെടുത്ത് രണ്ടാഴ്ചക്കകം ഫൈനൽ ബിൽ സമർപ്പിക്കണം. ഈ പ്രവൃത്തി പൂർത്തീകരിച്ചത് 24.02.2018തീയ്യതിയിലാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിരിക്കുന്നത് 28.03.2018തീയ്യതിയിലാണ് (എം. ബുക്ക് പേജ് 39)

**4. <u>മോണിട്ടറിംഗ്</u>**

പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 25.02.2020 തീയ്യതിയിലെ 115/2020 നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ 5,49,671 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-61 കരാർ വൈകി വച്ചതിന് പിഴ ഈടാക്കിയില്ല - 3,390 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്

| | | |
|---|---|---|
| **ഫയൽ നമ്പർ** | | ഇ2 – 26256/18 |
| **പ്രോജക്ട് നമ്പർ** | : | 185/19 |
| **അടങ്കൽ** | : | 5,50,000<br>(വികസന ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| **ചെലവ്** | : | 3,70,030 |
| **ബിൽനമ്പർ/തീയ്യതി** | : | 12/2018-19 തീ.26.03.2019 |
| **കരാറുകാരന്റെ പേര്** | : | പി. രവീന്ദ്രൻ |
| **എം ബുക്ക് നം** | : | 802/16 |

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ പാർട്ട് II ഖണ്ഡിക 2009-6 പ്രകാരം ടെണ്ടർ സ്വീകരിച്ച

അറിയിപ്പ് കത്ത് (സെലക്ഷൻ നോട്ടീസ്) കൈപ്പറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം കരാറുകാരൻ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി (മിനിമം 1000, പരമാവധി 25000) കരാറുടമ്പടി വയ്ക്കാം. 14 ദിവസവും പിഴയോടു കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണമെന്നും ചട്ടത്തിൽ വ്യക്തമാക്കുന്നു. എം എസ് റോഡ് മുതൽ ലോട്ടസ് ഭാഗം വരെ ഡ്രെയിനേജ് അറ്റകുറ്റപണി (W 10) എന്ന പ്രവൃത്തിയിൽ 27.10.2018 ന് സെലക്ഷൻ നോട്ടീസ് നല്കിയതിന് 18.01.2019 തീയ്യതിയിലാണ് കരാറുകാരൻ എഗ്രിമെന്റ് വച്ചത്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് എഗ്രിമെന്റ് വൈകിവച്ചതിന് പിഴ ഈടാക്കിയതായോ കരാർ റദ്ദാക്കിയതായോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (116/18-19 തീയ്യതി 25.02.2020) ലഭ്യമാക്കിയ മറുപടിയിൽ ഫൈനൽ ബില്ലിൽ പോരായ്മകൾ പരിഹരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പിഴ ഈടാക്കേണ്ടതിന്റെ വിശദവിവരം ചുവടെ;

കരാർ തുക - 5,22,890

27.10.2018 മുതൽ 19.11.2018 വരെ പിഴയില്ലാതെ ഗ്രേസ് പിരീഡ്

20.11.2018 മുതൽ 17.01.2019 വരെ പിഴ = 522890x1%x59/91 =3390

ആയതിനാൽ കരാർ വൈകി വച്ചതിനുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-62 മഞ്ഞോടി ഷോപ്പിംഗ് കോംപ്ലക്സ് - അപാകതകൾ

| | | |
|---|---|---|
| **ഫയൽ നമ്പർ** | : | ഇ2-44145/17 |
| **പ്രോജക്ട് നം** | : | 376/17 |
| **അടങ്കൽ** | : | 5,00,000<br>(വികസന ഫണ്ട് - പൊതു വിഭാഗം) |
| **ചെലവ്** | : | 1,00,000 |
| **ബിൽനമ്പർ/തീയ്യതി** | : | 4/2018-19 തീ.23.05.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ (സൌത്ത്) |

2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെട്ട മഞ്ഞോടി ഷോപ്പിംഗ് കോംപ്ലക്സ് എന്ന പ്രവൃത്തിയിൽ ബേസ്മെന്റ് ഫ്ളോർ ഉൾപ്പെടെ അഞ്ച് നില ഷോപ്പിംഗ് കോംപ്ലക്സിന്റെ

നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെട്ട മേൽ പ്രോജക്ടിന് സ്ട്രക്ചറൽ ഡിസൈൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ തയ്യാറാക്കി നല്കുന്നതിന് കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന്റെ കീഴിലുള്ള കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സെന്ററിന് വികസനഫണ്ടിൽ നിന്നും 23.05.2018 ലെ 4/2018-19 ബിൽ നമ്പരായി 1,00,000 രൂപ മുൻകൂർ നല്കിയിരുന്നു. 19.07.2019 ലെ ഗവ. കോളേജ് ഓഫ് എൻജിനീയറിംഗ് കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ സെന്റർ മാനേജരുടെ കത്ത് പ്രകാരം സ്ട്രക്ചറൽ ഡിസൈൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിന് 5,44,988/- രൂപ ഒടുക്കണമെന്നും സൂചിപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെ ബാക്കിതുക നൽകുകയോ പ്രസ്തുത റിപ്പോർട്ട് നഗരസഭയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 118/18-19 തീയ്യതി 03.03.2020) തുടർ നടപടികൾ സ്വീകരിച്ച് വരികയാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

2. 2017-18 സാമ്പത്തികവർഷം തുടക്കമിട്ട പ്രോജക്ടിന്റെ ഡിസൈൻ ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ 2020 മാർച്ച് മാസമായിട്ടും ലഭ്യമാക്കാതെ മന്ദഗതിയിൽ നീങ്ങുന്നത് പ്രോജക്ടിന്റെ പൂർത്തീകരണത്തിന് നഗരസഭയ്ക്ക് എസ്റ്റിമേറ്റ് നിരക്ക് വർദ്ധന വഴി അധിക ബാധ്യത ഉണ്ടാക്കും.

3. ഇൻകം ടാക്സ് ആക്ട് 1961 സെക്ഷൻ 194(J) പ്രകാരം പ്രൊഫഷണൽ/ടെക്നിക്കൽ സേവനത്തിന് 10% ടിഡിഎസ് ബില്ലിൽ നിന്നും ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സ്രോതസ്സിൽ നിന്നും ഇൻകംടാക്സ് 2% മാത്രമാണ് ഈടാക്കിയതായി കാണുന്നത്. ഇതിനു നല്കിയ മറുപടിയിൽ അറിവില്ലായ്മ കാരണമാണ് ഈടാക്കാത്തതെന്നും ആയത് പരിഹരിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ആദായനികുതി ഈടാക്കുകയും തുടർനടപടികൾ ത്വരിതഗതിയിൽ നടപ്പിലാക്കേണ്ടതുമാണ്.

## 1-63 കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമായില്ല -3,12,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രൊജക്ട് നം | : | S0226/2019 |
| പദ്ധതിയുടെ പേര് | : | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സീനിയർ വെറ്ററിനറി സർജൻ |
| അടങ്കൽ | : | ₹ 12,50,000 (വികസനഫണ്ട്) |
| ചെലവ് | : | ₹ 3,12,500 |
| ബിൽനമ്പർ/തീയ്യതി | : | P-4/2018-19 തീയ്യതി 28.11.2018 |

വികസനഫണ്ടിൽനിന്ന് 3,12,500 രൂപയും സംസ്ഥാന വിഹിതമായി 3,12,500 രൂപയും ഗുണഭോക്തൃ വിഹിതമായി 6,250,00 ഉൾപ്പെടെ ആകെ 12,50,000 രൂപ വകയിരുത്തപ്പെട്ട

പദ്ധതിയാണിത്. വികസന ഫണ്ടിൽനിന്ന് 3,12,500 പിൻവലിച്ച് ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പിക്ക് പദ്ധതിയുടെ നിർവ്വഹണത്തിനായി കൈമാറിയിട്ടുണ്ട്. മൂന്ന് വർഷ കാലാവധിയുള്ള പ്രോജക്ടിൽ മേൽ ചെലവ് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച 04.10.2019 തീയ്യതിയിലെ 63/2018-19 നമ്പരിലുള്ള ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 3,12,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി കാലയളവ് പൂർത്തീകരിക്കുമ്പോൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-64 ഇൻവർട്ടർ വാങ്ങൽ -ആവശ്യമായ തുക വകയിരുത്തിയില്ല.

| | | |
|---|---|---|
| പ്രൊജക്ട് നം | : | S0243/2013 |
| പദ്ധതിയുടെ പേര് | : | തലശ്ശേരി വെറ്ററിനറി പോളി ക്ലിനിക്കിലേക്കും കോടിയേരി ഡിസ്പെൻസറിയിലേക്കും ഇൻവെർട്ടർ വാങ്ങൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സീനിയർ വെറ്ററിനറി സർജൻ |
| അടങ്കൽ | : | ₹ 1,40,000 (വികസനഫണ്ട്) |
| ചെലവ് തുക | : | ₹ 94,000 |
| ബിൽനമ്പർ/ തീയ്യതി | : | P-10/2018-19 തീയ്യതി 15.03.2019 |

തലശ്ശേരി വെറ്ററിനറി പോളി ക്ലിനിക്കിലേക്കും കോപ്പാലം വെറ്ററിനറി ഡിസ്പെൻസറിയിലേക്കും ഇൻവെർട്ടർ വാങ്ങുന്നതിനുവേണ്ടി രൂപീകരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ രണ്ട് സ്ഥാപനങ്ങളിലേക്കും യു.പി.എസ്, ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിന് 2,00,000 രൂപയുടെ എസ്റ്റിമേറ്റാണ് എഞ്ചിനീയർ, ഇലക്ട്രോണിക്സ് വിഭാഗം കണ്ണൂർ 16.11.2018 തീയ്യതിയിലെ ഇ.എസ്.388/2018 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ളത്. കുറഞ്ഞ കൊട്ടേഷൻ സ്വീകരിച്ച് സ്വീനോൺ പവ്വർ സൊല്യൂഷൻസ് കണ്ണൂരിൽനിന്ന് ഇൻവെർട്ടർ, യു.പി.എസ്. എന്നിവ 94,000 രൂപയ്ക്ക് തലശ്ശേരി പോളി ക്ലിനിക്കിലേയ്ക്ക് മാത്രമാണ് വാങ്ങിയിട്ടുള്ളത്. പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പായി ആവശ്യമായ ഉപകരണങ്ങളുടെ വില സംബന്ധിച്ച് പ്രാഥമികമായി അന്വേഷിച്ച് ഉറപ്പ് വരുത്താത്തതിനാൽ വിഭാവനം ചെയ്ത

വിധത്തിൽ കോടിയേരി വെറ്ററിനറി ഡിസ്പെൻഡറിയലേക്ക് കൂടി ഇൻവെർട്ടർ വാങ്ങി നൽകാനാവുന്ന തരത്തിൽ പദ്ധതി തുക വകയിരുത്താൻ കഴിയാതിരുന്നത് ആസൂത്രണത്തിലെ പോരായ്മയാണ് . പദ്ധതി ഭേദഗതി സമയത്തും ഇക്കാര്യം പരിഗണിച്ചിട്ടില്ല. നഗരസഭയുടെ സാമ്പത്തിക പരിമിതി മൂലമാണ് കൂടുതൽ ഫണ്ട് ലഭ്യമല്ലാത്തതെന്നും വരും വർഷങ്ങളിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതായിരിക്കും എന്നുമാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.61/18-19; തീയ്യതി: 04.10.2019) മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതിക്കു വേണ്ടി പണം വകയിരുത്തിയതിനു ശേഷമാണ് എസ്റ്റിമേറ്റ് സംബന്ധച്ച് വ്യക്തത വരുത്തുന്നത്. പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ് ഇത് സൂചിപ്പിക്കുന്നത്. ആവശ്യമായ ആസൂത്രണത്തോടെയും വകയിരുത്തലോടെയും പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

2. ഇൻവെർട്ടർ, യു.പി.എസ് എന്നിവയുടെ വാറന്റി കാർഡുകൾ ഫയലിൽ ലഭ്യമല്ല. വാറന്റി സംബന്ധമായ വിവരങ്ങൾ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പ്രത്യേകമായി വാറന്റി കാർഡ് നൽകിയിട്ടില്ല എന്നാണ് മേൽ നമ്പർ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ മതിയായ രേഖകളുടെ പിൻബലത്തോടെയല്ലാത്ത മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. വാറന്റി കാർഡ് ഹാജരാക്കുകയോ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-65 കണ്ടീജൻസി ചെലവുകൾ -ആവശ്യകതാ പട്ടികയും വിനിയോഗ സാക്ഷ്യപത്രവും ഇല്ല

| | | |
|---|---|---|
| പ്രൊജക്ട് നം | : | 22/2019 |
| പദ്ധതിയുടെ പേര് | : | പി.എച്ച്.സി കോടിയേരി, പി.എച്ച്.സി ചാലിൽ എന്നീ സ്ഥാപനങ്ങളുടെ വൈദ്യുതി, ടെലഫോൺ ചാർജ്ജ് , വെള്ളക്കരം ഒടുക്കുന്നത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, PHC, കോടിയേരി |
| വകയിരുത്തൽ | : | 1,50,000 [മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)] |
| ചെലവ് | : | 1,32,263 |

13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളിൽ സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടെ (കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്,

സ്റ്റേഷനറി, പേയ്മെന്റ്, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്ജ് തുടങ്ങിയവയുടെ) ആവശ്യകതാ പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സെക്രട്ടറിക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം സെക്രട്ടറിക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആവശ്യകതാ പട്ടികയും വിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.54/2018-19; തീയ്യതി:30.9.19) നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ പാലിക്കാൻ നിഷ്കർഷ പുലർത്തേണ്ടതാണ്.

# 1-66 തൊഴിൽരഹിത വേതന വിതരണത്തിന് തനതു ഫണ്ടിൽനിന്നും പിൻവലിച്ച തുക തിരികെ ലഭിച്ചില്ല. - നഗരസഭ ഫണ്ടിന് നഷ്ടം

ഫയൽ നം : പി4/16545/05

നഗരസഭയിൽനിന്നും 2018-19 സാമ്പത്തിക വർഷം (04/2018 മുതൽ 11/2018 വരെ) തൊഴിൽരഹിത വേതനത്തിന്റെ രണ്ടാം ഗഡു വിതരണം നടത്തുന്നതിനായി തനത് ഫണ്ടിൽനിന്നും വൗച്ചർ നം.1298/03/2019 പ്രകാരം 92,760 രൂപ 11.03.2019 ന് പിൻവലിച്ചിട്ടുണ്ട്. മേൽ തുകയിൽ നിന്നും 70,680 രൂപ വിതരണം നടത്തുകയും ശേഷിച്ച 22,080 രൂപ 22.03.2019 തീയ്യതിയിൽ നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലാ എംപ്ലോയ് മെന്റ് ഓഫീസറുടെ 28.02.2019 ലെ ഉത്തരവ് പ്രകാരം അലോട്ട്മെന്റ് അനുവദിക്കുകയും 08.03.2019 ന് 92,760/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്തു. ട്രഷറി നിയന്ത്രണമുള്ളതിനാൽ ബിൽ മാറാൻ സാധിച്ചില്ലെന്നും ആവശ്യമായ തുക തനതു ഫണ്ടിൽനിന്നും പിൻവലിച്ച് അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ ഈടാക്കാമെന്നും സെക്ഷൻ ക്ലർക്ക് ബിൽ സമർപ്പിച്ച 08.03.2019 ന് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും നഗരസഭ സെക്രട്ടറി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൊഴിൽരഹിത വേതനമിനത്തിൽ വിതരണം നടത്തിയ 70,680 രൂപ തനത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല. എംപ്ലോയ് മെന്റ് വകുപ്പിൽനിന്നും അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറിയിൽനിന്നും പിൻവലിച്ച് നൽകേണ്ട തൊഴിൽരഹിത വേതനം സർക്കാർ നിർദ്ദേശമില്ലാതെ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തെറ്റായി പിൻവലിച്ച് നൽകി. സാമ്പത്തിക പ്രതിസന്ധിയുള്ള നഗരസഭ ഇപ്രകാരം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.76/2018-19 തീയ്യതി 23.11.2019) നഗരസഭ സെക്രട്ടറി നൽകിയ മറുപടിയിൽ ടി തുക ലഭ്യമാവുന്ന മുറയ്ക്ക് നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. തൊഴിൽരഹിത വേതനത്തിനായി നഗരസഭ ഫണ്ടിൽനിന്നും ചെലവഴിച്ച 70,680/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. തുക സർക്കാരിൽനിന്നും തിരികെ ലഭിച്ചിട്ടില്ലെങ്കിൽ തനത് ഫണ്ട് വിനിയോഗിച്ചതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും തുക ഈടാക്കി നഗരസഭ ഫണ്ടിൽ അടക്കേണ്ടതാണ്.

# 1-67 അച്ചീ ഹിന്ദി -ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടൽ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നം | : | S0179/2019 |
| പേര് | : | അച്ചീ ഹിന്ദി – ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടൽ |
| അടങ്കൽ | : | 2,00,000 (വികസന ഫണ്ട് – പൊതുവിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കൊടുവള്ളി. |
| ബിൽ നം/തീയ്യതി | : | 15/2018-19 തീയ്യതി 26.03.2019 |
| ബിൽ തുക | : | 1,99,667/- |

നഗരസഭയിലെ 15 മുതൽ 60 വയസ്സ് വരെ പ്രായമുള്ള 60 പേർക്ക് ഹിന്ദി ഭാഷയിൽ പ്രാവീണ്യം നൽകാൻ ഉദ്ദേശിച്ചാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയത്. വിദ്യാഭ്യാസ ഗുണനിലവാരമുയർത്തുക എന്നതാണ് പ്രൊജക്ടിന്റെ ഭൗതിക നേട്ടമായി രേഖപ്പെടുത്തിയിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ തദ്ദേശ ഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും ജൈവ വൈവിധ്യ ഉദ്യാനം, മാലിന്യ സംസ്കരണ പരിപാടി , ഊർജ്ജ സംരക്ഷണ പരിപാടികൾ എന്നിവയ്ക്കും മുൻഗണന നൽകാനാണ് 02.02.2018 തീയ്യതിയിലെ സ.ഉ (കൈ) നം 17/2018 ത.സ്വ.ഭ.വ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്.

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. നഗരസഭാ പദ്ധതി നിർവ്വഹണത്തിന്റെ മുൻഗണനാ വിഷയത്തിലുൾപ്പെടാത്തതും പദ്ധതി മാർഗ്ഗ രേഖയിലുൾപ്പെടാത്തതുമായ ഹിന്ദി ഭാഷാ പഠനത്തിന് പ്രൊജക്ട് നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കിയില്ല.
2. സ.ഉ(പി) നമ്പർ .259/2010/ത.സ്വ.ഭ.വ തീയ്യതി.08.11.2010 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെയാണ് പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. പദ്ധതിക്ക് കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പദ്ധതി നടപ്പിലാക്കുന്നതിന്

ച്ചുമതലപ്പെടുത്തിയിട്ടുള്ള ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തത് സംബന്ധിച്ച രേഖകളില്ല. ഹിന്ദി പഠന ക്ലാസ്സിൽ പങ്കെടുക്കുന്നതിന് ഒരാൾക്കുള്ള ചെലവ് എത്രയാണെന്നോ മൊത്തം കോഴ്സ് ഫീ എത്രയെന്നോ വ്യക്തമാക്കിയിട്ടില്ല. ചാവക്കാട് മുനിസിപ്പാലിറ്റി 60 ഗുണഭോക്താക്കൾക്ക് 2,44,000 രൂപയ്ക്ക് പ്രൊജക്ട് നടപ്പിലാക്കിയതിന്റെ ചെലവു വിവരണം ആണ് ബഡ്ജറ്റ് ആയി ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ 18.07.2018ൽ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭക്കയച്ച കത്തിൽ പദ്ധതിയിൽ വകയിരുത്തിയ രണ്ടു ലക്ഷം രൂപയിൽ കുറയാത്ത രീതിയിൽ പദ്ധതി നടപ്പിലാക്കാനാണ് ആവശ്യപ്പെട്ടത്. പ്രൊജക്ടിൽ വകയിരുത്തിയ തുക എങ്ങിനെയങ്കിലും ചെലവഴിക്കുക എന്ന താൽപര്യം മാത്രമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

3. ഹിന്ദി പഠന ക്ലാസ്സിൽ പങ്കെടുക്കേണ്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് നഗരസഭ ഹിന്ദി പ്രചാരസഭക്ക് നൽകിയതിന്റെ രേഖയില്ല. ബന്ധപ്പെട്ട ഫയലിൽ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് ആകെ 49 ഗുണഭോക്താക്കളുടെ അപേക്ഷകളാണ് ഉള്ളത്. അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം പരിശീലന ക്ലാസ്സിൽ പങ്കെടുത്തത് 54 പേരാണ്. രജിസ്റ്ററിൽ 6 പേരുടെ പേരുകൾ വൈറ്റ് മാർക്കർ ഉപയോഗിച്ച് മാറ്റിയെഴുതിയിട്ടുമുണ്ട്. ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടേതായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള അഡ്മിഷൻ ഫോറങ്ങളുടെ എണ്ണം 66 ആണ്. നഗരസഭയുടെ അച്ചടിച്ച അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ 50 പേരാണ് ഉള്ളത്. ഫയലിലുള്ള അപേക്ഷകളിലും അഡ്മിഷൻ ഫോറങ്ങളിലും പരിശീലനാർത്ഥികളുടെ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭ അംഗീകരിച്ചതിൽനിന്നും അധികം ഗുണഭോക്താക്കളെ പരിശീലനത്തിൽ ഉൾപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമല്ല.

4. ഹിന്ദി പ്രചാരസഭയുടെ 12.03.2019 ലെ കത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് അവരുടെ നിർവ്വഹണ ഏജൻസിയായ KIMAT (കൊച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ട്രെയിനിംഗ്) സമർപ്പിച്ച ചെലവ് വിവരങ്ങൾ താഴെ ചേർത്തവയാണെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---:|
| പരസ്യ ചെലവുകൾ | 1,440 |
| ഉദ്ഘാടന ചെലവുകൾ | 3,550 |
| കോഴ്സ് മെത്തേഡ് തയ്യാറാക്കൽ | 3,000 |
| സിലബസ് തയ്യാറാക്കൽ | 20,000 |
| റൈറ്റിംഗ് പാഡ്, രജിസ്റ്റർ, പെൻ | 3,897 |
| പ്രിന്റിംഗ്, ഫോട്ടോസ്റ്റാറ്റ് | 7,040 |
| ടീച്ചേഴ്സ് ട്രെയിനിംഗ് | 15,000 |
| സൂപ്പർവിഷൻ ചാർജ്ജ് | 20,000 |
| സ്പോക്കൺ ഹിന്ദി കോഴ്സ് രജിസ്ട്രേഷൻ ഫീ | 40,000 |
| ഇംപ്ലിമെന്റേഷൻ ചാർജ്ജ് | 40,000 |
| ഫോൺ | 2,169 |
| | |

| | |
|---|---|
| അധ്യാപകരുടെ ശമ്പളം | 20,800 |
| അനധ്യാപകരുടെ ശമ്പളം | 15,090 |
| യാത്രാച്ചെലവ് | 7,900 |
| **ആകെ** | **1,99,886** |

പഠന ക്ലാസ്സ് നടത്തുന്നതിന് ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയെയാണ് നഗരസഭ ഏൽപ്പിച്ചിട്ടുള്ളതെങ്കിലും ചെലവു വിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ചിരിക്കുന്ന 1,99,667 രൂപയുടെ വൗച്ചറുകളെല്ലാം (വൗച്ചർ നം.20 ഒഴികെ) കൊച്ചിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ട്രെയിനിംഗ് (KIMAT) എന്ന സ്ഥാപനത്തിന്റേതാണ്. DBHPS ന്റെതായി വൗച്ചർ നമ്പർ 20 പ്രകാരം കോഴ്സ് രജിസ്ട്രേഷൻ ഫീ എന്ന പേരിൽ ചെലവഴിച്ച 40,000 രൂപയുടെത് മാത്രമാണുള്ളത്. ക്ലാസ്സുകൾ നടത്താൻ ചുമതലപ്പെടുത്തിയ സ്ഥാപനം മറ്റൊരു ഏജൻസിയെക്കൊണ്ട് ക്ലാസ്സുകൾ നടത്തിയത് അംഗീകരിക്കാൻ കഴിയില്ല. ദക്ഷിണഭാരത ഹിന്ദി പ്രചാര സഭയുടെ പേരിൽ കരാർ നേടി സ്വകാര്യ സ്ഥാപനത്തിന് പരിശീലനം നടത്താൻ സൗകര്യം ഒരുക്കിയത് ചട്ടവിരുദ്ധമായ നടപടിയാണ്.

5. ഹിന്ദി പരിശീലന രംഗത്ത് വർഷങ്ങളുടെ പ്രവർത്തന പരിചയമുള്ള ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭ എറ്റെടുത്ത പദ്ധതിയിൽ കോഴ്സ് മെത്തേഡ് പ്രിപ്പറേഷൻ(3000 രൂപ) സിലബസ് തയ്യാറാക്കൽ (20000 രൂപ) അധ്യാപക പരിശീലനം (15000 രൂപ) എന്നീ ഇനങ്ങളിലായി ചെലവ് ചെയ്തതിൽനിന്നും ഹിന്ദി പ്രചാര സഭയുടെ നേതൃത്വപരമായ പങ്ക് ഇക്കാര്യത്തിൽ ഇല്ല എന്ന് വ്യക്തമാണ്. മേൽ പ്രോജക്ടിനായി താൽക്കാലികമായി ഏർപ്പെടുത്തിയ പ്രാദേശിക അധ്യാപകരാണ് ക്ലാസ്സ് നടത്തിയത്
6. ഹാജരാക്കിയ ചെലവ് വൗച്ചറുകളിൽ വലിയൊരു തുകയും മെയിൻ പ്രൊജക്ട് കോർഡിനേറ്ററായ ഡോ.കെ.ഷിബു എന്നയാൾക്ക് നൽകിയതായാണ് കാണുന്നത്.

| **നം** | **ഇനം** | **തുക** | **വൗച്ചർ നം** |
|---|---|---|---|
| 1 | പ്രൊജക്ട് ഇംപ്ലിമെന്റേഷൻ ചാർജ്ജ് | 40,000 | 21/12.03.2019 |
| 2 | പ്രൊജക്ട് വിസിറ്റ് അലവൻസ് | 5,000 | 22/12.03.2019 |
| 3 | സൂപ്പർ വിഷൻ അലവൻസ് | 10000 | 28/22.10.2018 |
| 4 | പ്രൊജക്ട് വിസിറ്റ് അലവൻസ് | 5,000 | 29/13.10.2018 |

2018 ഒക്ടോബർ 21 ന് ആരംഭിച്ച് 2019 മാർച്ച് 10 ന് അവസാനിച്ച ക്ലാസ്സിൽ (61 ദിവസം ആകെ 104 മണിക്കൂർ ക്ലാസ്സ് ) ഉദ്ഘാടന ദിവസവും (21.10.2018), ഉദ്ഘാടന ദിവസത്തിന് മുമ്പ് ഒരു ദിവസവും (13.10.2018), കോഴ്സ് അവസാന ദിവസവും (10.03.2019) എത്തിച്ചേർന്നതിനാണ് സൂപ്പർ

വിഷൻ ചാർജ്ജായി 20,000 രൂപ നൽകിയത്. ഇതിന് പുറമെ വിവിധ വൗച്ചറുകളിലായി ഭക്ഷണം, യാത്രാപ്പടി, റൂം വാടക എന്നീ ഇനങ്ങളിലായി 6,900/- രൂപയും ടിയാന് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിച്ചതിനുള്ള മാനദണ്ഡം വ്യക്തമല്ല.

7. KIMAT എന്ന സ്ഥാപനത്തിന്റെ 2018 ആഗസ്ത് 2 മുതൽ നവംബർ 1 വരെയുള്ള ഫോൺ ബിൽ തുകയായ 2,169/- രൂപയും ചെലവിനത്തിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്.

8. KIMAT എന്ന സ്ഥാപനത്തിന്റെ വിവിധ നമ്പറുകളിലുള്ള വൗച്ചറുകൾക്ക് പുനർ നമ്പർ നൽകി ചെലവ് വൗച്ചറുകളായി സൂക്ഷിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| നം | KIMAT വൗച്ചർ നമ്പർ/തീയ്യതി | ഫയൽ വൗച്ചർ നം |
|---|---|---|
| 1 | 327/21.10.2018 | 1 |
| 2 | 326/21.10.2018 | 2 |
| 3 | 324/21.10.2018 | 3 |
| 4 | 279/13.10.2018 | 6 |
| 5 | 250/27.09.2018 | 8 |
| 6 | 603/12.03.2019 | 11 |
| 7 | 330/21.10.2018 | 12 |
| 8 | 220/30.08.2018 | 14 |
| 9 | 599/03.03.2019 | 23 |
| 10 | 323/20.10.2018 | 38 |

9. സബ് വൗച്ചർ നമ്പർ 20/12.03.2019 പ്രകാരം 40,000 രൂപയുടെ ചെലവ് ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയിൽ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ സ്പോക്കൺ ഹിന്ദി കോഴ്സ് രജിസ്ട്രേഷൻ ഫീസാണ് . എന്നാൽ സബ് വൗച്ചർ നമ്പർ 21/12.03.2019 എന്നത് (KIMAT Receipt Voucher No.023/12.03.2019) ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയിൽനിന്നും തലശ്ശേരി മുനിസിപ്പാലിറ്റിയുടെ സ്പോക്കൺ ഹിന്ദി പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള വരവ് തുക ഡോ.കെ.ഷിബു കൈപ്പറ്റിയതാണ്. ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭക്ക് കോഴ്സ് ഫീസായി നൽകിയതായി കാണിച്ച 40000/- രൂപ തിരിച്ച് അതേ തീയ്യതിയിൽ KIMAT കൈപ്പറ്റിയത് വീണ്ടും ചെലവായതായി കാണിക്കുകയാണ് ചെയ്തത്.

10. എന്തെങ്കിലും സാധനങ്ങൾ വാങ്ങലുകൾ/വിതരണം നടത്താത്ത പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടിൽ നഗരസഭ നൽകിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും രേഖപ്പെടുത്താത്തവ രേഖപ്പെടുത്തി വെക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.പദ്ധതി നിർവ്വഹണവും ഭൗതികനേട്ടവും കൃത്യമായി വിലയിരുത്തുന്നതാവണം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്. പഠന പരിശീലനം നടത്തിയതിന്റെ രേഖയായി കോഴ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെങ്കിലും ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്ത വിവരം ലഭ്യമല്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് ഓഡിറ്റ് എൻക്വയറി (നം. 78/2018-19 തീയ്യതി 23.11.2019) നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയില്ലാത്ത പദ്ധതിയായതിനാലും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും പദ്ധതിച്ചെലവുകൾ നടത്തിയത് കേരള ഫിനാഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 40 ന് വിരുദ്ധമായതിനാലും ചെലവുതുകയായ 1,99,667 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-68 പ്രശ്നോത്തരി - ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി വിഭാഗം പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ- 18,600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ /പേര് | : | S0097/19/ പ്രശ്നോത്തരി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗം |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവ.ഹൈസ്കൂൾ കൊടുവള്ളി |
| അടങ്കൽ | : | 32,100 (വികസനഫണ്ട്) |
| ബിൽ നം/തീയ്യതി | : | 5/2018-19 തീ.22.01.2019 |
| ചെലവ് | : | 30,600 |

നഗരസഭ പരിധിയിലുള്ള സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗത്തിനും ഹയർ സെക്കന്ററി വിഭാഗത്തിനും സ്കൂൾതല ക്വിസ് മത്സരം നടത്തി വിജയികൾക്ക് മുനിസിപ്പൽ തല മത്സരം നടത്തി അതിലെ വിജയികൾക്ക് പ്രത്യേക സമ്മാനം നൽകാനും മുനിസിപ്പൽ തലത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനം നൽകാനുമാണ് പ്രൊജക്ട് തയ്യാറാക്കിയത്. 30,600 രൂപ ചെലവഴിച്ച മേൽ പ്രൊജക്ടിൽ 2,400 രൂപയ്ക്ക് ട്രോഫിയും 18,600 രൂപയ്ക്ക് 348 പുസ്തകങ്ങളും വാങ്ങിയിട്ടുണ്ട്. ക്വിസ് മാസ്റ്ററുടെ ഓണറേറിയം, സ്റ്റേഷനറി സാധനങ്ങൾ, മറ്റു ചെലവുകൾ എന്നിവക്കായി 9,600/- രൂപയും ചെലവഴിച്ചു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക് മാർക്കിന് മുൻഗണന നൽകണമെന്ന് സർക്കുലർ നം.38156/- ഡി.എ.2/2012/ത.സ്വ.ഭ.വ.തീ.05.09.2012ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് 31 കുട്ടികൾക്കുവേണ്ടി 348 പുസ്തകങ്ങൾ പുസ്തകങ്ങൾ കറന്റ് ബുക്സിൽനിന്നും വാങ്ങിയത്. മത്സരത്തിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ കുട്ടിക്കും 10 ൽ കൂടുതൽ പുസ്തകങ്ങൾ കിട്ടാനിടയുണ്ട്. പുസ്തകങ്ങൾ എപ്രകാരം വിതരണം ചെയ്തു എന്നതു സംബന്ധിച്ച വിവരം

ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് 30.09.2019 തീയ്യതിയിൽ 58/2018-19 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. പുസ്തക വിതരണത്തിന്റെ വിവരം ലഭ്യമാക്കാത്തതിനാലും ബുക്ക് മാർക്കിൽനിന്നും പുസ്തകങ്ങൾ വാങ്ങാത്തതിനാലും പുസ്തകങ്ങളുടെ വിലയായ 18,600 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-69 സ്ക്കൂളുകളിൽ സൈബർ കുറ്റകൃത്യങ്ങൾ, ലഹരി വിരുദ്ധ ബോധവൽക്കരണം- സർക്കാർ സംവിധാനം ഉപയോഗപ്പെടുത്താതെ സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ /പേര് | : | S0100/19/സൈബർ കുറ്റകൃത്യങ്ങൾ, ലഹരി വിരുദ്ധ ബോധവൽക്കരണം സ്കൂളുകളിൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവ.ഹൈസ്കൂൾ കൊടുവള്ളി |
| അടങ്കൽ | : | 92,000 (വികസനഫണ്ട്) |
| ബിൽ നം/തീയ്യതി | : | 8/2018-19 തീ.07.03.2019 |
| ചെലവ് | : | 90,740 |

മേൽ പ്രൊജക്ട് പ്രകാരം സ്കൂളുകളിൽ സൈബർ കുറ്റകൃത്യങ്ങൾ ലഹരി വിരുദ്ധ ബോധവൽക്കരണം എന്നിവ സംബന്ധിച്ച ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് തലശ്ശേരിയിലെ മൈന്റ് സ്റ്റേപ്പ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും വിവിധ സ്കൂളുകളിലായി 22 ക്ലാസ്സുകൾ നടത്തിയതിന് മേൽ സ്ഥാപനത്തിന് 88,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2,740/- രൂപ മറ്റിനങ്ങളിലായും ചെലവഴിച്ചു. പ്രൊജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച ക്ലാസ്സുകൾ പോലീസ് വകുപ്പും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംസ്ഥാന സർക്കാരിന്റെ വിമുക്തി പ്രോജക്ടിന്റെ ഭാഗമായി എക്സൈസ് വകുപ്പും സൗജന്യമായി സ്കൂൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നൽകി വരുന്നുണ്ട്. എന്നാൽ പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്താതെ സ്വകാര്യ സ്ഥാപനത്തെ ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നതിന് ചുമതലപ്പെടുത്തി വികസനഫണ്ട് അനാവശ്യമായി ചെലവഴിച്ചു.

2. മൈന്റ് സ്റ്റേപ്പ് എന്ന സ്ഥാപനത്തെ പ്രൊജക്ട് നടപ്പിലാക്കാൻ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. പ്രൊജക്ട് നടപ്പിലാക്കുന്നതിന് മേൽ സ്ഥാപനത്തെ നേരിട്ട് ചുമതലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള ജി.ഒ (പി) നം.259/2010/ത.സ്വ.ഭ.വ തീയ്യതി 08.11.2010 ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 56/2018-19 തീയ്യതി 30.09.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. സൗജന്യമായി ലഭിക്കുന്ന സർക്കാർ സൗകര്യം ഉപയോഗപ്പെടുത്താതെ സ്വകാര്യ സ്ഥാപനത്തിന് വികസന ഫണ്ട് നൽകി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയത് അംഗീകരിക്കുന്നില്ല . അപാകതയ്ക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ 92,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-70 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഇല്ല

| | | |
|---|---|---|
| പ്രൊജക്ട് നം | : | S0103/2019 |
| പേര് | : | പട്ടികജാതി വിഭാഗം -പത്താം ക്ലാസ്സിലെ കുട്ടികൾക്ക് സൈക്കിൾ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവ.ഹൈസ്കൂൾ, കൊടുവള്ളി. |
| അടങ്കൽ | : | 97,000 (വികസന ഫണ്ട്) |
| ബിൽ നം/തീയ്യതി | ; | 14/2018-19 തീ.23.03.2019 |
| ബിൽ തുക | : | 93,664/- |

മേൽ പ്രൊജക്ട് പ്രകാരം നഗരസഭ പരിധിയിലുള്ള പത്താം ക്ലാസ്സിൽ പഠിക്കുന്ന 16 കുട്ടികൾക്ക് (9 ആൺകുട്ടികൾക്കും 7 പെൺകുട്ടികൾക്കും) സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ലിസ്റ്റിൽ പട്ടികജാതി വിഭാഗം എന്ന് ഓരോ കുട്ടിക്കും എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും ജാതി തെളിയിക്കുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റ് സമയത്ത് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് 29.10.2019 തീയ്യതിയിൽ നൽകിയ 67/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഗുണഭോക്താക്കൾ പട്ടികജാതിയിൽ ഉൾപ്പെട്ടവരാണോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല. ഗുണഭോക്താക്കളുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ സൈക്കിൾ വാങ്ങുന്നതിന് ചെലവായ 93,664 രൂപ തടസ്സപ്പെടുത്തുന്നു.

## 1-71 ഗ്രീൻ ബോർഡ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ /പേര് | : | S0673/19/ഗവ.വി.എച്ച്.എസ്.എസ്.ചിറക്കരയ്ക്ക് ഗ്രീൻ ബോർഡ് വാങ്ങി നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവ.ഹൈസ്കൂൾ കൊടുവള്ളി |
| അടങ്കൽ | : | 40,000 (വികസനഫണ്ട്) |
| ബിൽ നം/തീയ്യതി | : | 12/2018-19 തീ.23.03.2019 |
| ചെലവ് | : | 36,200 |

മേൽ പ്രൊജക്ട് പ്രകാരം ഗവ.വി.എച്ച്.എസ്.എസ്. ചിറക്കരയ്ക്ക് നൽകുന്നതിനായി 8 ഗ്രീൻ ബോർഡുകൾ വാങ്ങിയിട്ടുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രീൻ ബോർഡുകൾ വിതരണം ചെയ്തതിന്റെ വിവരവും ഗവ.വി.എച്ച്.എസ്.സി ചിറക്കര കൈപ്പറ്റിയതിന്റെ വിവരവും ലഭ്യമല്ല. ഗ്രീൻബോർഡ് വിതരണത്തിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 30.09.2019 തീയ്യതിയിൽ നൽകിയ 57/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ 8 ഗ്രീൻ ബോർഡുകളുടെ വിലയായ 36,200 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-72 പ്രശ്നോത്തരി പ്രൈമറി വിഭാഗം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - ചെലവ് തുകകൾ തടസ്സത്തിൽ വെക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ /പേര് | : | S0044/19/ പ്രശ്നോത്തരി, പ്രൈമറി വിഭാഗം 2018 |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, ഗോപാലപേട്ട |
| | | |

| | | |
|---|---|---|
| **അടങ്കൽ** | : | 40,000 (വികസനഫണ്ട്, പൊതുവിഭാഗം) |
| **ചെലവ്** | : | 39,700 |
| **ബിൽ നം/തീയ്യതി** | : | 5/2018-19 തീ.14.01.2019 |

നഗരസഭയിലെ പൊതുവിദ്യാലയങ്ങളിലെ എൽ.പി, യു.പി വിഭാഗങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മുനിസിപ്പൽതല ക്വിസ് മത്സരം സംഘടിപ്പിച്ച് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രത്യേക സമ്മാനവും നഗരസഭാതല മത്സരത്തിൽ പങ്കെടുക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രോത്സാഹന സമ്മാനവും നൽകുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വിദ്യാർത്ഥികൾക്കുള്ള സമ്മാനം നൽകുന്നതിന് കറന്റ് ബുക്ക്സിൽനിന്നും 21,600 രൂപ ചെലവഴിച്ച് 178 പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക്മാർക്കിന് മുൻഗണന നൽകണമെന്ന് സർക്കുലർ നം.38156/ഡി.എ2/2012 ത.സ്വ.ഭ.വ 05.09.2012 ൽ വ്യക്തമാക്കിയിട്ടുണ്ട്. ബുക്ക്മാർക്കിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ പരമാവധി ഡിസ്കൗണ്ടിൽ (കുറഞ്ഞത് 15%) മറ്റു സ്ഥാപനങ്ങളിൽനിന്നും വാങ്ങാൻ പ്രൊക്യൂർമെന്റ് മാന്വലിൽ നിർദ്ദേശമുണ്ട്. എന്നാൽ ബുക്ക്മാർക്കുമായി പുസ്തകം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഇല്ല. ക്വട്ടേഷൻ ക്ഷണിക്കാതെ കറന്റ് ബുക്സിൽനിന്നും പുസ്തകങ്ങൾ വാങ്ങിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

    കുട്ടികൾ പുസ്തകങ്ങൾ കൈപ്പറ്റിയതിന് രേഖയില്ല. പുസ്തക വിതരണത്തിന്റെ വിശദവിവരം ലഭ്യമാക്കാനും മാനദണ്ഡങ്ങൾ പാലിക്കാതെ പുസ്തകങ്ങൾ വാങ്ങിയതും സംബന്ധിച്ച് 03.10.2019 തീയ്യതിയിൽ നൽകിയ 59/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ പുസ്തക വിതരണത്തിനായി ചെലവഴിച്ച 21,600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മത്സരത്തിൽ പങ്കെടുത്ത 80 കുട്ടികൾക്ക് 178 പുസ്തകങ്ങൾ എപ്രകാരം വിതരണം ചെയ്തു എന്നതിനോ കുട്ടികൾ പുസ്തകങ്ങൾ കൈപ്പറ്റിയതിനോ രേഖയില്ല.

2. സ്റ്റേഷനറി ഇനത്തിൽ 5,000/- രൂപ ചെലവഴിച്ചതിൽ 40/- രൂപ നിരക്കിൽ വിലയുള്ള 88 ബോൾ പേനകളും 5/- രൂപ നിരക്കിൽ വിലയുള്ള 8 ബോൾ പേനകളും ഉൾപ്പെടുന്നു. പ്രശ്നോത്തരി മത്സരത്തിലെ 20 ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങൾക്ക് ഉത്തരം മാർക്ക് ചെയ്യുന്നതിന് വേണ്ടി 40/- രൂപ നിരക്കിലുള്ള പേനകൾ വാങ്ങി വിതരണം ചെയ്തത് പൊതു പണം ചെലവഴിക്കുന്നതിലെ സൂക്ഷ്മത കുറവ് വ്യക്തമാക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 40 പ്രകാരം പൊതുപണം ചെലവഴിക്കുമ്പോൾ മിതവ്യയം പാലിക്കേണ്ടതാണ്.

മാനദണ്ഡങ്ങൾ പാലിക്കാതെ പുസ്തകങ്ങൾ വാങ്ങിയതിനും പുസ്തക വിതരണത്തിന്റെ വിശദ വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ട് 03.10.2019 തീയ്യതിയിൽ നൽകിയ 59/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മാനദണ്ഡങ്ങൾ പാലിച്ചാണ് പുസ്തകങ്ങൾ വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇതിന് തെളിവായി രേഖകൾ ഹാജരാക്കുകയോ

പുസ്തക വിതരണത്തിന്റെ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പുസ്തക വിതരണത്തിനായി ചെലവഴിച്ച 21,600 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു .

# 1-73 പ്രൈമറി വിദ്യാലയങ്ങൾക്ക് ശാസ്ത്രമാസിക, ബാലമാസിക വിതരണം - നിർവ്വഹണത്തിലെ അപാകതകൾ -71,400 രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നം | : | S0108/19 |
| പേര് | : | ഗവ : പ്രൈമറി വിദ്യാലയങ്ങൾക്ക് ശാസ്ത്രമാസിക, ബാലമാസിക വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഹെഡ് മിസ്ട്രസ്, ഗവ: യു.പി.സ്കൂൾ, അയ്യലത്ത്. |
| ചെലവഴിച്ച തുക | : | 71,400 |
| ബിൽ നമ്പർ/തീയ്യതി | : | 1/2018-19 തീയ്യതി 12.10.2018 |

നഗരസഭ പരിധിയിലുള്ള ഗവ./എയിഡഡ് പ്രൈമറി വിദ്യാലയങ്ങളിൽ യുറീക്ക, ശാസ്ത്ര കേരളം , തത്തമ്മ എന്നീ ശാസ്ത്ര/ബാല മാസികകൾ വിതരണം ചെയ്ത പ്രോജക്ടുമായി ബന്ധപ്പെട്ട് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1. സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനായി ശാസ്ത്ര/ബാലമാസികകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമല്ല.
2. മാസികകൾ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ സ്കൂളുകളുടെ കൈപ്പറ്റ് രശീതിൽ '2018 ഓഗസ്റ്റ് മാസം മുതൽ 1 വർഷത്തേക്ക് ലഭിച്ചു തുടങ്ങി ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രോജക്റ്റ് പ്രകാരം വിതരണം ചെയ്യേണ്ട മാസികകൾ മുഴുവനായും (ഏപ്രിൽ, മെയ് മാസം ഉൾപ്പെടെ) സ്കൂളുകളിൽ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല.
3. മാസികകളുടെ ഓരോന്നിന്റെയും വിലയും അനുവദിച്ച ഡിസ്കൗണ്ടിന്റെ വിവരവും ലഭ്യമല്ല.
4. 2018 ആഗസ്ത് മാസം മുതൽ 12 മാസത്തേക്ക് മാസികകൾ വിതരണം ചെയ്യുന്നതിന് പ്രൊജക്ടിന്റെ മുഴുവൻ തുകയും മുൻകൂറായി 12.10.2018 ന് അനുവദിച്ചിട്ടുണ്ട്. ജി.ഒ (പി) 177/2006/ധനം.തീയ്യതി 12.04.2006 പ്രകാരം പദ്ധതി വിഹിതം മുൻകൂറായി പിൻവലിക്കാൻ പാടില്ല. മുൻകൂറായി തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതിന്റെ രേഖകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. പ്രൊജക്ട് മോണിറ്ററിംഗ് നടത്തിയതിന് രേഖകളില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/2018-19 തീയ്യതി.01.08.2019) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പൊതുപണം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുമ്പോൾ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. മാസികകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ലാത്തത്, ഡിസ്കൗണ്ട് ലഭിച്ചതിന്റെ വിവരം ഇല്ലാത്തത്, വികസന ഫണ്ട് മുൻകൂർ പിൻവലിച്ചതിലെ അപാകത, മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാത്തത് എന്നീ അപാകതകൾ കാരണം 71,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-74 ഗവ.മഹിള മന്ദിരം തലശ്ശേരിക്ക് സ്റ്റീൽ അലമാരകൾ വാങ്ങിയത് - റേറ്റ് കോൺട്രാക്ട് പരിഗണിക്കാതെ ക്വട്ടേഷൻ മുഖേന വാങ്ങി.

| | | |
|---|---|---|
| പ്രൊജക്ട് നം | : | S0622/2019 |
| പ്രൊജക്ടിന്റെ പേര് | : | ഗവ.മഹിളാ മന്ദിരം തലശ്ശേരിക്ക് അലമാര വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | : | സൂപ്രണ്ട്, ഗവ.മഹിളാമന്ദിരം, തലശ്ശേരി |
| അടങ്കൽ തുക | : | 96,000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | : | 96,000/- |
| ബിൽ നം/തീയ്യതി | : | 3/2018-19 /22.09.2018 |

ഗവ.മഹിളാ മന്ദിരം തലശ്ശേരിയിലേക്ക് 6 സ്റ്റീൽ അലമാരകൾ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. <u>സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.</u>

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് ഫയലിലുള്ള ക്വട്ടേഷൻ നോട്ടീസിലോ രേഖകളിലോ സ്റ്റോക്ക് രജിസ്റ്ററിലോ മഹിളാമന്ദിരം, തലശ്ശേരിയിലേക്ക് വാങ്ങിയിട്ടുള്ള 6 സ്റ്റീൽ അലമാരകളുടെയും സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. സ്ഥാപനങ്ങൾ നൽകിയ ക്വട്ടേഷനിലും ക്യാഷ് ബില്ലിലും സ്പെസിഫിക്കേഷൻ ചേർത്തിട്ടില്ല. സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ അലമാരകൾ വാങ്ങിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) നം.259/2010/ത.സ്വ.ഭ.വ തീയ്യതി 08.11.2010 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2. <u>റേറ്റ് കോൺട്രാക്ട് നിലവിലുള്ളപ്പോൾ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് അലമാരകൾ വാങ്ങി.</u>

G.O (Rt) No.4/2018/SPD, തീയ്യതി 02.02.2018 പ്രകാരം Artco (Artsans Development Co-operative Ltd) യിൽ നിന്നും G.O (Rt) No.24/2018/SPD തീയ്യതി 28.06.2018 പ്രകാരം സിഡ്കോ (Kerala Small Industries Development Corporation) നിന്നും സ്റ്റീൽ ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് റേറ്റ് കോൺട്രാക്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങാതെ സ്വകാര്യസ്ഥാപനങ്ങളിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ച് അലമാരകൾ വാങ്ങിയത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

3. **<u>ക്വട്ടേഷൻ നോട്ടീസ് പരസ്യപ്പെടുത്തിയതിന്റെ രേഖകൾ ഇല്ല.</u>**

ക്വട്ടേഷൻ നോട്ടീസ് തലശ്ശേരി നഗരസഭ, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ് തിരുവങ്ങാട് എന്നിവിടങ്ങളിൽ പരസ്യപ്പെടുത്തുന്നതായി ക്വട്ടേഷൻ നോട്ടീസിൽ ചേർത്തിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ക്വട്ടേഷൻ നോട്ടീസ് പരസ്യപ്പെടുത്താൻ നൽകിയതിനെ സാധൂകരിക്കുന്നതിന് ആവശ്യമായ കൈപ്പറ്റ് വിവരം, സ്ഥാപനങ്ങളുടെ സീൽ എന്നിവ ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച് 07.09.2019 ന് നൽകിയ 37/2018-19 ഓഡിറ്റ് എൻക്വയറിക്ക് 31.10.2019 ന് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയോടൊപ്പം ലഭ്യമാക്കിയ അലമാരകളുടെ സ്പെസിഫിക്കേഷൻ റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്റ്റീൽ അലമാരയുടേതിൽ നിന്നും വ്യത്യസ്തമായതിനാൽ വില താരതമ്യം ചെയ്യാൻ സാധ്യമല്ല .മറുപടിയിലെ മറ്റുവിശദീകരണങ്ങൾ തൃപ്തികരമല്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അലമാരകൾ വാങ്ങുന്നതിന് ചെലവായ 96,000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-75 നഗര ദാരിദ്ര്യ നിർമ്മാർജന നിധി - നഗരസഭ വിഹിതം നൽകുന്നില്ല.

| | | |
|---|---|---|
| **ഫയൽ നമ്പർ** | : | 2/CDS/2009 |

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 284ാം വകുപ്പ്, സ.ഉ.(എം.എസ്) നമ്പർ 292/94/ എൽ.എ.ഡി. തീയ്യതി 26.12.1994 എന്നിവ പ്രകാരം സംസ്ഥാനത്തെ ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ വർഷത്തേയ്ക്ക് കണക്കാക്കുന്ന വരുമാനത്തിന്റെ 2% യു.പി.എ നിധിയിലേക്ക് നീക്കിവെക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗര ദാരിദ്ര്യ നിർമ്മാർജ്ജന നിധിയീടാക്കേണ്ട വിഹിതം നൽകുന്നതുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. തലശ്ശേരി നഗരസഭ കഴിഞ്ഞ 5 വർഷത്തെ ബജറ്റുകൾ തയ്യാറാക്കുമ്പോൾ 2018-19 ന്റെ പുതുക്കിയ ബജറ്റിലും 2019-20 ലെ ബജറ്റിലും മാത്രമാണ് നഗരദാരിദ്ര്യ നിർമ്മാർജ്ജന നിധിയിലേക്ക് തുക നീക്കി വെച്ചിട്ടുള്ളത്. എന്നാൽ തുക നീക്കിവെച്ചതല്ലാതെ യാതൊരു തുകയും നിധിയിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | നീക്കിവെച്ച തുക | | മുതൽക്കൂട്ടിയ തുക |
|---|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം | |
| 2015-16 | 0 | 0 | 0 |
| 2016-17 | 0 | 0 | 0 |
| 2017-18 | 0 | 0 | 0 |
| 2018-19 | 0 | 35,00,000 | 0 |
| 2019-20 | 36,00,000 | -- | 0 |

2. നഗര ദാരിദ്ര്യ നിർമ്മാർജ്ജന നിധിയുടെ സൂക്ഷിപ്പിനായി സ.ഉ (എം.എസ് ) നമ്പർ 292/94/എൽ.ഡി തീയ്യതി 26.12.1994 ലെ ഖണ്ഡിക (2) ൽ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി യു.പി.എ നിധി എന്ന പേരിൽ ഒരു പ്രത്യേക ട്രഷറി അക്കൗണ്ട് തുറക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തലശ്ശേരി നഗരസഭയുടെ നഗര ദാരിദ്ര്യ നിർമ്മാർജ്ജന നിധിയുടെ അക്കൗണ്ട് സൂക്ഷിച്ചിരിക്കുന്നത് ട്രഷറി അക്കൗണ്ടിന് പകരം കോടിയേരി സർവ്വീസ് സഹകരണ ബാങ്കിലാണ് (അക്കൗണ്ട് നം.2635) എന്ന് കാണുന്നു. (2011 മുതൽ തലശ്ശേരി ഇന്ത്യൻ ബാങ്കിൽനിന്നും കോടിയേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലേക്ക് മാറ്റി ). 31.03.2019 ന് 36,83,997 രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

3. സ.ഉ.(എം.എസ്) നമ്പർ 292/94/എൽ.ഡി. തീയ്യതി 26.12.1994 ലെ ഖണ്ഡിക 6 പ്രകാരം സർക്കാർ നൽകുന്ന പൊതു ആവശ്യ ധനസഹായത്തിന്റെ 30% അത് കിട്ടിയാൽ ഉടൻതന്നെ യു.പി.എ നിധിയിലേക്ക് മാറ്റണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നഗരസഭയ്ക്ക് ലഭിക്കുന്ന പൊതു ആവശ്യ ധനസഹായത്തിന്റെ 30% യു.പി.എ നിധിയിലേക്ക് മാറ്റുന്നില്ല.

4. നഗരസഭ യു.പി.എ സമന്വയ പദ്ധതി തയ്യാറാക്കുന്നില്ല.

മേൽ കാര്യങ്ങൾ സംബന്ധിച്ച് 18.11.2019 ന് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 20.03.2020 ന് മറുപടി സമർപ്പിച്ചെങ്കിലും നഗര ദാരിദ്ര നിർമ്മാർജ്ജന നിധിയുമായി ബന്ധപ്പെട്ട നിയമത്തിലേയും സർക്കാർ ഉത്തരവുകളിലേയും വ്യവസ്ഥകൾ പാലിക്കാത്തത് വിശദീകരിക്കപ്പെട്ടിട്ടില്ല. പരാമർശങ്ങൾ നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു.

## 1-76 പദ്ധതി അവസാനിപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഐ.എച്ച്.എസ്.ഡി.പി നീക്കിയിരിപ്പ് തുക തിരിച്ചടച്ചില്ല

| ഫയൽ നമ്പർ | : | H3-22779/2007 |
|---|---|---|

IHSDP യുടെ ക്യാഷ് ബുക്ക് പ്രകാരം 31.12.2019 ന് 1,11,14,490 രൂപ നീക്കിയിരിപ്പ് ഉണ്ട്. (ഇൻഡ്യൻ ബാങ്ക് തലശ്ശേരി ശാഖയിലെ അക്കൗണ്ട് നമ്പർ 72254105 ). IHSDP പദ്ധതി 2017 മാർച്ച് 31 ന് അവസാനിക്കുകയാണെന്നും മാർച്ച് 31 ന് വെച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും അക്കൗണ്ടിലെ ബാക്കി തുക (പലിശ ഉൾപ്പെടെ) ഏപ്രിൽ 5 ന് മുമ്പായി RTGS ആയി കുടുംബശ്രീയുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.03.2017 ലെ നമ്പർ 6066/G/2011/KSHO കത്ത് പ്രകാരം നഗരസഭ സെക്രട്ടറിക്ക് അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ള കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം അവയുടെ പലിശ എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ളതായി കണക്കാക്കിയ 45,57,565/- രൂപ 10.04.2017 ന് കുടുംബശ്രീ സംസ്ഥാന മിഷനിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. 01.04.2013 മുതൽ IHSDP യുമായി ബന്ധപ്പെട്ട് മറ്റ് ചെലവുകൾ ഒന്നും തന്നെ ഇല്ല. പദ്ധതി അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു കോടിയിൽപ്പരം രൂപ ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടക്കാതെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു വരികയാണ്. ഇത് സംബന്ധിച്ച് 02.11.2019 ന് നഗരസഭ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 10.07.2020 ന് സമർപ്പിച്ച മറുപടിയിൽ 30.06.2020 വരെ ഈ അക്കൗണ്ടിൽ 1,13,05,022 രൂപ നീക്കിയിരിപ്പുണ്ടെന്നും ഇത് ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന കേന്ദ്ര/സംസ്ഥാന വിഹിതങ്ങൾ തിരിച്ചടച്ചതിന് ശേഷമുള്ള നഗരസഭ വിഹിതവും ആയതിന്റെ പലിശയുമാണെന്നും 01.04.2013 മുതൽ IHSDP യുമായി ബന്ധപ്പെട്ട് ചെലവുകളൊന്നുംതന്നെ ഇല്ലെന്നും യാതൊരുവിധ നിർദ്ദേശങ്ങളും ലഭിക്കാത്തതിനാലും ഏത് ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കണമെന്ന് വ്യക്തമല്ലാത്തതിനാലുമാണ് പ്രസ്തുത തുക നിലവിലുള്ള ബാങ്ക് അക്കൗണ്ടിൽതന്നെ സൂക്ഷിച്ചു വരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാരിന്റെ അനുമതിയോടുകൂടി ഇൻഡ്യൻ ബാങ്ക് തലശ്ശേരി ശാഖയിലെ അക്കൗണ്ട് നമ്പർ 72254105 ൽ നീക്കിയിരിപ്പായി നിൽക്കുന്ന തുക നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടുകയോ സർക്കാർ നിർദ്ദേശിക്കുന്ന ശീർഷകത്തിൽ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

# 1-77 ഗുണഭോക്തൃ വിഹിതം പിരിക്കാൻ അനുവദിച്ച രശീതി പുസ്തകങ്ങൾ നഗരസഭയ്ക്ക് തിരികെ നൽകുന്നില്ല.

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | കൃഷി ഓഫീസർ , കോടിയേരി |

കോടിയേരി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 കാലയളവിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് തലശ്ശേരി നഗരസഭ കോടിയേരി കൃഷിഭവനിലെ കൃഷി ഓഫീസർക്കും തലശ്ശേരി കൃഷിഭവനിലെ കൃഷി ഫീൽഡ് ഓഫീസർക്കും അനുവദിച്ച രശീതി പുസ്തകങ്ങൾ ഓഡിറ്റ് തീയ്യതിവരെ നഗരസഭയ്ക്ക് തിരികെ നൽകിയിട്ടില്ല . വിശദവിവരം താഴെ കൊടുക്കുന്നു. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുകകൾ നഗരസഭയിൽ അടക്കുമ്പോൾ രസീതി ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും സാമ്പത്തിക വർഷം കഴിയുമ്പോൾ രസീത് ബുക്കുകൾ നഗരസഭയിൽ

തിരിച്ചേൽപ്പിക്കേണ്ടതുമാണ്. ഈ വിഷയം സംബന്ധിച്ച് 28.09.2019 ന് നിർവ്വഹണ ഉദ്യോഗസ്ഥന് 48/2018-19 നമ്പർ ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 25.11.2019 ന് സമർപ്പിച്ച മറുപടിയിൽ ഭാവിയിൽ ഇത്തരം ന്യൂനതകൾ ആവർത്തിക്കില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. രശീതി പുസ്തകങ്ങൾ സാമ്പത്തിക വർഷം കഴിഞ്ഞാൽ ഉടൻതന്നെ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും തിരികെ വാങ്ങേണ്ടതാണ്.

| ക്രമ നം | രശീതി ബുക്ക് നം | രശീതി നം | ബുക്ക് അനുവദിക്കപ്പെട്ട ഉദ്യോസ്ഥൻ |
|---|---|---|---|
| 1 | 399 | 39801 മുതൽ 39900 വരെ | കൃഷി ഫീൽഡ് ഓഫീസർ, കൃഷിഭവൻ, തലശ്ശേരി |
| 2 | 400 | 39901 മുതൽ 40000 വരെ | കൃഷി ഫീൽഡ് ഓഫീസർ, കൃഷിഭവൻ, തലശ്ശേരി |
| 3 | 401 | 40001 മുതൽ 40100 വരെ | കൃഷി ഫീൽഡ് ഓഫീസർ, കൃഷിഭവൻ, തലശ്ശേരി |
| 4 | 402 | 40101 മുതൽ 40200 വരെ | കൃഷിഓഫീസർ, കൃഷിഭവൻ, കോടിയേരി |
| 5 | 403 | 40201 മുതൽ 40300 വരെ | കൃഷിഓഫീസർ, കൃഷിഭവൻ, കോടിയേരി |
| 6 | 404 | 40301 മുതൽ 40400 വരെ | കൃഷിഓഫീസർ, കൃഷിഭവൻ, കോടിയേരി |
| 7 | 511 | 51001 മുതൽ 51100വരെ | കൃഷി ഫീൽഡ് ഓഫീസർ, കൃഷിഭവൻ, തലശ്ശേരി |

## 1-78 പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമല്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ആസൂത്രണത്തിലെന്ന പോലെ നിർവ്വഹണത്തിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യമാണ് മോണിറ്ററിംഗ് എന്നതിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതി പണം ചെലവഴിച്ചു വിലയിരുത്തുന്നതിലുപരി ചെലവഴിച്ച പണം പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾക്കാണോ ചെലവഴിച്ചതെന്നും പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവോ എന്നും ഗുണനിലവാരവും സുതാര്യതയും സാമൂഹ്യനീതിയും ഉറപ്പുവരുത്തിക്കൊണ്ടാണോ പദ്ധതി നിർവ്വഹണം നടത്തിയതെന്നും പരിശോധിക്കുന്നതാണ് മോണിറ്ററിംഗ്. എന്നാൽ പ്രവൃത്തി ഫയലുകളിൽ ചിലതിൽ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല . ചിലതിൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് പകരം മോണിറ്ററിംഗ് കൺവീനർ മാത്രം ഒപ്പ് വെച്ചു നൽകി .

1. താഴെ പറയുന്ന പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. വിശദവിവരം ചുവടെ;

| ക്രമ നം | ഫയൽ നം | പ്രോജക്ട്നം | പ്രവൃത്തിയുടെ പേര് |
|---|---|---|---|
| A) | E2-24856/18 | 36/19 | അമ്പാടി ഷെൽട്ടറിനു മുൻവശത്ത് മെയിൻ റോഡു മുതൽ കൃഷ്ണ വിഹാർ വീട് ഫുട്പാത്ത് ഉയർത്തൽ |
| B) | E2-502/17 | 553/18 | ബഡ്സ് സ്കൂൾ വൈദ്യുതീകരണം |

2. താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലിൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാത്രം മോണിറ്ററിംഗ് നടത്തി. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| A) | ഇ2-24854/18 | 32/19 | ശിവദാസന്റെ വീടിനു സമീപം മുതൽ സൗമിനിയുടെ വീടിനു സമീപം വരെ റോഡ് ടാറിംഗ് (W3) |
| B) | ഇ2-27383/18 | 281/19 | പൂവൻതോടിന് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ |
| C) | ഇ2-27396/18 | 231/19 | ജനാർദ്ദനന്റെ വീടിനു സമീപം മുതൽ പാറയിൽ വത്സന്റെ വീടിനു സമീപം വരെ റോഡ് ടാറിംഗ്(W12) |

മോണിറ്ററിംഗ് കമ്മിറ്റി യോഗം ആവശ്യാനുസരണം ചേരുകയും പ്രവൃത്തി നിർവ്വഹണ പുരോഗതിയും അവസാന സ്ഥിതിയും വിലയിരുത്തുകയും സമിതി അംഗങ്ങൾ ഒന്നിച്ച് സ്ഥല പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്. പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ 10 ദിവസത്തിനകം സമിതി യോഗം ചേർന്ന് അന്തിമ റിപ്പോർട്ട് തയ്യാറാക്കി അംഗീകരിച്ച് ഭരണസമിതിക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (89/2018-19 തീയ്യതി 21.01.2020) മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് ഉത്തരവാദപ്പെട്ടവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-79 ജീവനക്കാരുടെ എൽ.എെ.സി റിക്കവറി തുകയും എൽ.എെ.സി രശീതിയിലെ തുകയും തമ്മിൽ വ്യത്യാസം

ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽനിന്നും ഈടാക്കുന്ന എൽ.ഐ.സി. തുകയും പ്രസ്തുത തുക അടച്ചതിന് എൽ.എെ.സി.യിൽ നിന്ന് ലഭിച്ച രശീതിയിലെ തുകയും തമ്മിൽ താഴെ പറയുന്ന വ്യത്യാസം കാണുന്നു.

| മാസം | ജീവനക്കാരുടെ ശമ്പളബിൽ പ്രകാരം ഈടാക്കിയത് | | | LIC യിൽ അടവാക്കിയത് | | | കുറവ് |
|---|---|---|---|---|---|---|---|
| | റഗുലർ | കണ്ടിജന്റ് | | റഗുലർ | കണ്ടിജന്റ് | ആകെ | |
| | വൗച്ചർനം/ ചെക്ക്നം. തീയ്യതി | | ആകെ തുക | | | LICരശീതിനം തീയ്യതി | |
| 04/18 | 91,763/-(91-4/18 961016/30.04.18) | 223022(93-4/18 775053/30.4.18) | 314785 | 91763 | 222662 | 314425 DD.104282 7.5.18 (0001284/14.5.18) | 360 |
| 05/18 | 94,400/-(198-5/18 775054/31.5.18) | 231439(200-5/18 775055/31.5.18) | 325839 | 94400 | 231059 | 325459 DD 104343 12.6.18 (രശീതിയില്ല) | 380 |
| 06/18 | 94,050/-(303-6/18 2679908/30.6.18) | 229511(305-6/18 2679909/30.6.18) | 323561 | 94050 | 229151 | 323201 DD 104389 5.7.18 (2117257 10.7.18) | 360 |
| 07/18 | 92,819/-(423-7/18 775059/1.8.18) | 227765(425-8/18 775060/1.8.18) | 320584 | 92819 | 227405 | 320224 DD 104460 8.8.18 | 360 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | (2129100/13.8.18) | |
| 08/18 | 87,152/-(502-8/18<br>775061/20.8.18) | 226843(504-8/18<br>775062/20.8.18) | 313995 | | | 313635<br>DD 104507<br>7.9.18<br>(2142165/14.9.18) | 360 |
| 09/18 | 1,00,014/-(673-10/18<br>775064/1.10.18) | 227602<br>(676-10/18<br>775063/1.10.18) | 327616 | | | 338644<br>(327256+സപ്ലിമെന്ററി ബിൽ 11,388 ഉൾപ്പെടെ)<br>DD 104564<br>15.10.18<br>(2232760/16.10.18) | 360 |
| 10/18 | 99,863/-(763-10/18<br>775067/30.10.18) | 226715<br>(764-10/18<br>775068/30.10.18) | 326578 | 99863 | 223655 | 330188<br>(326218+സപ്ലിമെന്ററി ബിൽ 3970 ഉൾപ്പെടെ)<br>DD 104604<br>13.11.18<br>(2240333/15.11.18) | 3060 |
| 11/18 | 1,01,923/-(901-12/18<br>775069/01.12.18) | 227002<br>(902-12/18<br>775070/1.12.18) | 328925 | 101923 | 226149 | 328072<br>DD 104645<br>6.12.18<br>(2247489/11.12.18) | 853 |
| 12/18 | 1,02,753/-(1023-1/19<br>775071/1.1.19) | 219691<br>(1024-1/19<br>775072/1.1.19) | 322444 | 102753 | 219691 | 323274<br>(322444+സപ്ലിമെന്ററി ബിൽ 830 ഉൾപ്പെടെ)<br>DD 104694<br>17.1.19<br>(2261381/18.1.19) | -- |
| 01/19 | 1,03,161/-(1142-2/19<br>775073/1.2.19) | 218023<br>(1143-2/19<br>775074/1.2.19) | 321184 | 103161 | 218023 | 321184<br>DD 104733<br>6.2.19<br>(2269039/12.2.19) | -- |
| 02/19 | 10,8187/-(1253-3/19 | 215717 | 323904 | 108187 | 215717 | 324566 | (+) |

| | | | | | | | |
|---|---|---|---|---|---|---|---|
| | 775076/1.3.19) | (1254-3/19 775077/1.3.19) | | | | DD 104773 6.2.19 (2278408/15.3.19) | 662 |
| 03/19 | 106828 (1-4/19 775078 2.4.19) | 215129(2-4/19 775079 2.4.19 | 321957 | 110590 | 216216 | 321957 | - |

മേൽ വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നമ്പർ 21/2019 തീയ്യതി 24.07.2019 ) നൽകിയതിന് എൽ.എെ.സി സ്റ്റേറ്റ്മെന്റും ശമ്പള ബില്ലും തമ്മിലുള്ള വ്യത്യാസം പരിഹരിക്കുന്നതിന് എെ.കെ.എം നെ വിവരം അറിയിച്ചിട്ടുണ്ടെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-80 വക്കീൽ ഫീസിനത്തിൽനിന്നും ആദായനികുതി കുറവ് ചെയ്തില്ല

വൗച്ചർ നമ്പർ - 1193/2/19 മുതൽ 1206/2/19 വരെ

തുക - 1,12,000 (ചെക്ക് നം.736219/14.02.2019)

| ഫയൽ നമ്പറുകൾ | | | |
|---|---|---|---|
| E4(s) 33/2017-18 | E4(s) 25/2018-19 | E4(s) 40/2017-18 | E4(s)29/2017-18 |
| E4(s) 15/2018-19 | E4(s) 3/2018-19 | E4(s) 31/2018-19 | E4(s) 7/2018-19 |
| E4(s) 2/2018-19 | E4(s) 22/2018-19 | E4(s) 9/2018-19 | E4(s) 13/2018-19 |
| E4(s) 47/2018-19 | E4(s) 27/2018-19 | E4(s)15/2018-19 | |

ബഹു. കേരള ഹൈക്കോടതി മുൻപാകെയുള്ള കേസുകളിൽ നഗരസഭയ്ക്ക് വേണ്ടി ഹാജരാകുന്നതിന് ശ്രീ.എെ.വി പ്രമോദ് അഡ്വക്കേറ്റിന് മേൽ വൗച്ചറുകൾ പ്രകാരം 1,12,000 രൂപ അനുവദിച്ചിട്ടുണ്ട്.

ആദായനികുതി നിയമത്തിലെ 194 J വകുപ്പ് പ്രകാരം പ്രൊഫഷണൽ ചാർജ്ജ്/ടെക്നിക്കൽ ചാർജ്ജ് എന്നിവ ഒരു സാമ്പത്തിക വർഷം 30,000 രൂപയിൽ അധികമാകുന്ന പക്ഷം ആദായ നികുതിയിനത്തിൽ 10% തുക സ്രോതസ്സിൽനിന്നും കുറവ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2018-19 വർഷം മേൽ വൗച്ചർ പ്രകാരം അനുവദിച്ച തുകയിൽനിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/2018-19; തീയ്യതി:

10.07.2019) നഗരസഭ ലഭ്യമാക്കിയ 13.03.2020 ലെ മറുപടിയിൽ അഡ്വ.എ.വി.പ്രമോദ് 2018-19 സാമ്പത്തിക വർഷം ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്തതായി അറിയിച്ചിട്ടുണ്ട്. വക്കീൽ ഫീസിനത്തിൽനിന്നുള്ള ആദായനികുതി സ്രോതസ്സിൽനിന്നും കുറവ് വരുത്തേണ്ടതാണ് എന്നതിനാൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവ് വരുത്താത്തതിന് വിശദീകരണം നൽകേണ്ടതും കേന്ദ്രസർക്കാരിനുണ്ടായ നഷ്ടം നികത്താനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-81 വിവിധ ഫീ പിരിക്കാനുള്ള അവകാശം ലേലം - ആദായ നികുതി ഈടാക്കുന്നില്ല

| | | |
|---|---|---|
| ഫയൽ നമ്പർ | : | ആർ 7/496/2018 |

നഗരസഭയുടെ തനത് ആസ്തികളിൽനിന്ന് 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നിബന്ധനകൾ പ്രകാരം ഫീസ് പിരിക്കുന്നതിനുള്ള അവകാശം പൊതു ലേലം മുഖേന വിവിധ വ്യക്തികൾക്ക് ഏൽപ്പിച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ ലൈസൻസ് തുക ഈടാക്കുമ്പോൾ 1961 ലെ ആദായ നികുതി നിയമത്തിലെ 206(സി) വകുപ്പ് പ്രകാരം ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 17.01.2020 നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ഭാവിയിൽ ലേല നടപടികളിൽ ആദായനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ലൈസൻസികളിൽനിന്നും ആദായനികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 1-82 മാർക്കറ്റ് ഫീ പിരിക്കാനുള്ള അവകാശം ലേലം - ജി.എസ്.ടി ഈടാക്കുന്നില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി, തലശ്ശേരി നഗരസഭ |

ഫയൽ നമ്പർ : ആർ 7/496/2018

തലശ്ശേരി നഗരസഭ 2018-19 വർഷം നഗരസഭയുടെ അധീനതയിലുള്ള മൊത്ത മത്സ്യ മാർക്കറ്റ്, ചില്ലറ മത്സ്യ മാർക്കറ്റ്, കോടിയേരി മത്സ്യ മാർക്കറ്റ്, പാറാൽ മത്സ്യ മാർക്കറ്റ് എന്നിവയിൽനിന്നും ഫീ പിരിക്കാനുള്ള അവകാശം ലേലം ചെയ്തത് സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു . ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ ലൈസൻസികളിൽ നിന്നും ജി.എസ്.ടി നിയമത്തിലെ 9ാം വകുപ്പ് പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി ഈടാക്കാതെ ലേലത്തുക മാത്രമാണ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ഇത്

സംബന്ധിച്ച് 17.01.2020 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ നിലവിൽ മത്സ്യവിൽപനക്കാരിൽനിന്നും ജി.എസ്.ടി ഈടാക്കാറില്ലെന്നും മത്സ്യ വിൽപന എന്ന നിലയിൽ മാത്രം ലൈസൻസ് തുകയെ പരിഗണിക്കേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ മത്സ്യ മാർക്കറ്റിലെ സ്ഥലവും സൗകര്യങ്ങളും ഉപയോഗിച്ച് മത്സ്യ വിൽപന നടത്തുമ്പോൾ സ്ഥല വാടക മത്സ്യ വിൽപനക്കാരിൽ നിന്നും ഈടാക്കാനുള്ള അവകാശമാണ് നഗരസഭ ലേലം ചെയ്ത് കൊടുക്കുന്നത്. ഇതിന് ജി.എസ്.ടി ബാധകമാണ്. ആയതിനാൽ ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് ഒടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ലൈസൻസി യുടെ പേര് | ലഘുവിവരണം | ലേലത്തുക | കുറിപ്പ് |
|---|---|---|---|---|
| 1 | കെ.ഹക്കിം | മൊത്ത മത്സ്യ മാർക്കറ്റ് ഫീ | 3,60,500 | 1,60,500 രൂപ 2017-18 (08.02.2018 ന്) കാല യളവിലും ബാക്കി തുക 05.12.2018 ലും ഒടുക്കിയിട്ടുണ്ട്. |
| 2 | സി.സി.അബ്ദുൾ റഹ്മാൻ | പാറാൽ മത്സ്യ മാർക്കറ്റ് ഫീ | 46,800 | തുക 08/02/2018 ന് ഒടുക്കിയിട്ടുണ്ട്. |
| 3 | നിജിഷ്മ.പി.എം | കോടിയേരി മത്സ്യ മാർക്കറ്റ് ഫീ | 11,600 | തുക 08/02/2018 ന് ഒടുക്കിയിട്ടുണ്ട്. |
| 4 | ഖാലിദ്.പി.പി | ചില്ലറ മത്സ്യ മാർക്കറ്റ് ഫീ | 1,00,000 | തുക 12.04.2018, 08.09.2018, 10.12.2018 തീയ്യതികളിലായി ഒടുക്കിയിട്ടുണ്ട്. |

## 1-83 സർക്കാർ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കോടിയേരി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം 4 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജി.ഒ (പി) 177/2006/ധനം, തീയ്യതി :12.04.2006 നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ഫണ്ടിന്റെ വരവ്-ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അനുബന്ധം -V ൽ ഒരു പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇത്തരത്തിലുള്ള രജിസ്റ്ററുകളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചുവരുന്നതായി കാണുന്നില്ല. രജിസ്റ്ററുകൾ സൂക്ഷിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (52/18-19; തീയ്യതി:30.09.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-84 നഗരസഭാ പരിധിയിലുള്ള അങ്കണവാടികളുടെ ഭൗതിക സൗകര്യം സംബന്ധിച്ച വിശദാംശം ലഭ്യമല്ല

സ.ഉ (കൈ) നം/17/2018/ത.സ്വ.ഭ.വ തീയ്യതി 02.02.2018 പ്രകാരമുള്ള മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും 13ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ ഈ പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്നും ബാലസൗഹൃദ അങ്കണവാടികൾ യഥാർത്ഥ്യമാക്കുന്നതിനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ തലശ്ശേരി നഗരസഭയിലെ അങ്കണവാടികളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 66/2018-19; തീയ്യതി:29.10.2019 നമ്പരിൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന പ്രകാരം 13ാം പദ്ധതി കാലയളവിൽ സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനായി ഏറ്റെടുത്ത പ്രൊജക്ടുകളുടെ എണ്ണവും വിശദവിവരവും
2. മേൽപറഞ്ഞ പ്രകാരം നിലവിൽ നഗരസഭ പരിധിയിലുള്ള ബാലസൗഹൃദ അങ്കണവാടികളുടെ വിവരം
3. നഗരസഭ പരിധിയിലുള്ള അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ വിവരം
4. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികളുടെ വിവരം

മേൽ നമ്പരിലുള്ള ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനായി പ്രൊജക്ടുകളൊന്നും ഏറ്റെടുത്തിട്ടില്ല

എന്നാണ് അറിയിച്ചിട്ടുള്ളത്. എൻക്വയറിയിൽ ആവശ്യപ്പെട്ട മറ്റുവിവരങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ല.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അങ്കണവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് ഉതകുന്നതുമായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

# 1-85 ഇ-പേ മെന്റ് സംവിധാനം ഉപയോഗിച്ചുള്ള വരവുകൾ

നഗരസഭയിൽ 2018-19 വർഷം വസ്തുനികുതി, ഡി&ഒ ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ 1601 ഓൺ ലൈൻ പണമിടപാടുകളിലൂടെ 26,34,199 രൂപ ലഭിച്ചതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ കാണാൻ സാധിച്ചിട്ടുണ്ട്. 22.03.2019 വരെ നടത്തിയ ഇടപാടുകളുടെ തുക മാത്രമേ 31.03.2019 വരെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിലേക്ക് വരവ് ചേർത്തിട്ടുള്ളൂ. 23.03.2019 മുതൽ 31.03.2019 വരെ നടത്തിയ 102 ഇടപാടുകളുടെ തുകയായ 2,15,567 രൂപ ഏപ്രിൽ 2019ൽ മാത്രമാണ് നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ വന്നിട്ടുള്ളത്. ഓൺ ലൈൻ ആയി തുക ഒടുക്കുമ്പോൾ ആദ്യം തുക IKM ന്റെ അക്കൗണ്ടിലാണ് പോകുന്നത്. ഇതിനുശേഷം ഒന്നിലധികം ദിവസങ്ങളിലെ ഇടാപടുകളുടെ തുക ഒരുമിച്ചാണ് IKM നഗരസഭയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നത്. ഒന്നിലധികം ദിവസങ്ങളിലെ തുക ഒരുമിച്ച് അക്കൗണ്ടിലേക്ക് മാറ്റുമ്പോൾ ഏതൊക്കെ വ്യക്തികളുടെ ഏതെക്കെ ഇനത്തിലുള്ള തുകയാണ് മാറ്റിയത് എന്ന് വ്യക്തത വരുത്താൻ സാധിക്കുന്നില്ല. ഇത് കൊണ്ട് ബാങ്ക് അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തുന്നതിലും മുഴുവൻ തുകയും നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ടോയെന്നും മനസിലാക്കാൻ സാധിക്കുന്നില്ല. ഇത് കാരണം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കും സാംഖ്യ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കും തമ്മിൽ പൊരുത്തപ്പെടാത്താൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് 122/2018-19; തീയ്യതി: 13.03.202 നമ്പരിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-86 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

നഗരസഭയുടെ 2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം (B-18 ഷെഡ്യൂൾ) 31.03.2019 ന് 6,93,66,835 രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കാതെ ബാക്കിനിൽക്കുന്നുണ്ട്. നഗരസഭ തൻവർഷം 19,80,000 രൂപയുടെ മുൻകൂർ അനുവദിക്കുകയും (RP-41) 1,70,111 രൂപയുടെ മുൻകൂർ തിരികെ ഈടാക്കിയിട്ടുമുണ്ട് (RP-41) 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 31 , കേരള ഫിനാഷ്യൽ കോഡ് വോള്യം 1 അനുഛേദം 99 എന്നിവ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ കാലാവധി എത്തുന്ന മുറയ്ക്ക് തിരികെ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . സമയ പരിധിക്കുള്ളിൽ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയ്ക്കും 18% പലിശ ഈടാക്കണമെന്ന് 04.10.2011 ലെ സ.ഉ (പി) 419/2011/ധന., 10.07.2012 ലെ സ.ഉ (പി)390/2012/ധന., നമ്പർ

ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ ഓഡിറ്റിന് ഹാജരാക്കിയ മുൻകൂർ രജിസ്റ്ററിൽ തൻവർഷത്തെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിക്കാണുന്നുള്ളൂ. മുൻവർഷങ്ങളിലെ മുൻകൂറുകൾ സംബന്ധിച്ച വിവരങ്ങളൊന്നും നഗരസഭ ഹാജരാക്കിയ രജിസ്റ്ററിൽ ലഭ്യമല്ല. മുൻവർഷങ്ങളിൽ ക്രമീകരിച്ചതിന് ശേഷം അവശേഷിക്കുന്ന മുൻകൂറുകൾ തൻവർഷത്തെ രജിസ്റ്ററിലേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല. മുൻവർഷങ്ങളിൽ ക്രമീകരിക്കപ്പെട്ട മുൻകൂറുകളുടെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ നഗരസഭ തയ്യാറാക്കുന്ന വാർഷിക കണക്കിലെ മുൻകൂറിന്റെ നീക്കിയിരിപ്പ് വ്യത്യാസപ്പെടാൻ സാധ്യതയുണ്ട്. ക്രമീകരിക്കപ്പെടാതെ മുൻകൂറുകൾ ഏതാവശ്യത്തിന് ആർക്ക് നൽകിയതാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുകയോ മുൻകൂറുകൾ സമയബന്ധിതമായി ഈടാക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-87 ഡെപ്പോസിറ്റുകൾ

നഗരസഭയുടെ 2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം (B-7 ഷെഡ്യൂൾ) 19,57,17,859 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ 31.03.2019 ന് തിരികെ നൽകാൻ ബാക്കിയുണ്ട്. നഗരസഭ ഓഡിറ്റിന് ഹാജരാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

1. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം ഓരോ 6 മാസം കഴിയുമ്പോഴും നഗരസഭയുടെ കൈവശമുള്ള ഡെപ്പോസിറ്റുകൾ നഗരസഭ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും ആയത് നഗരസഭ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല .
2. കേരള ഫിനാഷ്യൽ കോഡ് വോള്യം 1 അനുഛേദം 282, കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 70 എന്നിവ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല . ഇതുമൂലം കാലഹരണപ്പെട്ട തുകകൾ തനത് ഫണ്ടായി മാറാതെ ഡെപ്പോസിറ്റ് ബാധ്യതതായി നിലനിൽക്കുന്നു .
3. തൻവർഷം ലഭിച്ച ഡെപ്പോസിറ്റുകളുടെ വിവരം മാത്രമേ 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് കാണുന്നുള്ളൂ. മുൻ വർഷങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റു തുകകളിൽ നൽകിയവ കഴിച്ച് നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റ് തുകകൾ തൻവർഷ ഡെപ്പോസിറ്റ് രജിസ്റ്ററിലേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല.
4. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം 1,81,84,828 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കുകയും (RP-27) 52,79,565 രൂപ തിരികെ നൽകിയിട്ടുമുണ്ട് (RP-27). എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് തുക തിരികെ നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല .

5. ഡെപ്പോസിറ്റ് തുകയുടെ ഒറിജിനൽ രശീതി നഷ്ടപ്പെട്ടുപോയാൽ മുദ്രക്കടലാസിലുള്ള സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് തുക നഗരസഭ തിരികെ നൽകാറുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങളും ഡെപ്പോസിറ്റ് തിരികെ നൽകുന്ന വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്ത സാഹചര്യത്തിൽ ഡെപ്പോസിറ്റ് റീ ഫണ്ട് ഇനത്തിൽ ധനാപഹരണത്തിനും ഇതുവഴി നഗരസഭ ഫണ്ടിന് നഷ്ടം സംഭവിക്കുവാനുമുള്ള സാധ്യതകൾ നിലവിലുണ്ട്.

ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-88 പുരാവസ്തു/സംരക്ഷിത സ്മാരകം - ദൂര പരിധി അടയാളപ്പെടുത്തിയ രേഖകൾ ലഭ്യമല്ല

നഗരസഭ പരിധിയിൽ സ്ഥിതിചെയ്യുന്ന തലശ്ശേരി കോട്ട 28.02.1921 ലെ MD 77 നമ്പർ വിജ്ഞാനപന പ്രകാരം സംരക്ഷിത സ്മാരകങ്ങളുടെ ഗണത്തിൽ പെടുന്നതാണ്. 1958 ലെ Ancient Monuments and Archaeological Sites and Remains Act (2010 ലെ ഭേദഗതി നിയമം) ലെ വകുപ്പ് 20 (എ) പ്രകാരം സംരക്ഷിത സ്മാരകത്തിന്റെ 100 മീറ്റർ ചുറ്റളവ് നിരോധിത മേഖലയും 20 (ബി) പ്രകാരം നിരോധിത മേഖലയ്ക്ക് ശേഷം 200 മീറ്റർ ചുറ്റളവ് നിയന്ത്രിത മേഖലയുമാണ്. നിരോധിത/നിയന്ത്രിത മേഖലകളിൽ ഭാരതീയ പുരാവസ്തു വകുപ്പിന്റെ അംഗീകാരവും അനുമതിയും കൂടാതെ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്. എന്നാൽ നഗരസഭയിൽ നിരോധിത/നിയന്ത്രിത മേഖലയുടെ അതിരുകൾ അടയാളപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത മേഖലകളിൽ നഗരസഭ ഭാരതീയ പുരാവസ്തു വകുപ്പിന്റെ അനുമതി കൂടാതെ കെട്ടിട നിർമ്മാണ അനുമതികൾ നൽകുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല .

# 1-89 സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തലശ്ശേരി നഗരസഭയിൽ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം പത്ത് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ജി.ഒ (പി) 177/2006/ധന.തീയ്യതി 12.04.2006 ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ഫണ്ടിന്റെ വരവുചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ ഉത്തരവ് നിലവിൽ വന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും തലശ്ശേരി വെറ്ററിനറി പോളിക്ലിനിക്കിൽ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചു കാണുന്നില്ല. 2019-20 മുതൽ സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്ന് 04.10.2019 തീയ്യതിയിലെ 62/2018-19 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡിയറി രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-90 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച ഫയലുകൾ ലഭ്യമാക്കിയില്ല

നഗരസഭയിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മുനിസിപ്പൽ എഞ്ചിനീയർക്ക് ഓഡിറ്റ് റിക്വിസിഷൻ നമ്പർ 12/2018-19, തീയ്യതി:10.12.2019; 13/2018-19, തീയ്യതി:13.12.2019; 16/2018-19, തീയ്യതി:20.01.2020 നൽകിയിരുന്നുവെങ്കിലും ഫയലുകൾ ലഭ്യമാക്കിയില്ല. തുടർന്ന് സെക്രട്ടറിക്ക് 17.01.2020 , 13.03.2020 തീയ്യതികളിലെ കെ.എസ്.എ-ടി.എസ്.എം1/04/2020 കത്ത് പ്രകാരം ഓഡിറ്റ് അവസാന ഘട്ടത്തിലായതിനാൽ ഫയലുകൾ ഹാജരാക്കാൻ കൂടുതൽ സമയം അനുവദിക്കാനാവുന്നതല്ലെന്ന വിവരവും ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കാത്തപക്ഷം കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടം എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഈ ഓഫീസ് നിർബന്ധിതമാവുമെന്ന വിവരവും അറിയിച്ചിരുന്നുവെങ്കിലും താഴെ പറയുന്ന ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ |
|---|
| B.A.399/2017-18, B.A.152/2014-15, B.A 121/2018-19, B.A.173/2018-19 |
| B.A 42/2018-19, B.A 72/2018-19, B.A.180/2018-19, B.A.581/2018-19 |

കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട മേൽ ഫയലുകൾ ഹാജരാക്കാത്തതിനാൽ പെർമിറ്റ് ഫീസിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും പരിശോധിക്കാനായിട്ടില്ല. ഇക്കാര്യം നഗരസഭ കൗൺസിലിന്റെയും സർക്കാരിന്റെയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-91 വാർഷിക റിപ്പോർട്ട്

നഗരസഭയുടെ 2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് ഈ ഓഫീസിലെ 28.12.2019 ലെ കെ.എസ്.എ-ടി.എസ്.എം1/467/2019 നമ്പർ കത്തിലെ പരാമർശങ്ങൾക്ക് വിധേയമായി 24.01.2020 കെ.എസ്.എ-ടി.എസ്.എം1/467/2019 നമ്പർ കത്ത് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-92 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ്

നഗരസഭയിലെ നിലവിലുള്ള 6 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ 2018-19 വർഷത്തെ ഓഡിറ്റ് പൂർത്തീകരിക്കുകയും ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുകയും പകർപ്പ് നഗരസഭയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | ആശുപത്രി മാനേജിംഗ് | ഓഡിറ്റ് റിപ്പോർട്ട് നം/തീയ്യതി |
|---|---|---|

| നം | കമ്മിറ്റി | |
|---|---|---|
| 1 | താലൂക്ക് ജനറൽ ആശുപത്രി, തലശ്ശേരി | കെ.എസ്.എ-ടി.എസ്.എം.1/135/2020 തീയ്യതി; 03.06.2020 |
| 2 | ഗവ.ഹോമിയോ ഡിസ്പെൻസറി, തലശ്ശേരി | കെ.എസ്.എ-ടി.എസ്.എം.1/549/2019 തീയ്യതി 27.12.2019 |
| 3 | പി.എച്ച്.സി, കോടിയേരി | കെ.എസ്.എ-ടി.എസ്.എം.1/523/2019 തീയ്യതി 28.12.2019 |
| 4 | ഗവ.ആയുർവേദ ആശുപത്രി | കെ.എസ്.എ-ടി.എസ്.എം.1/570/2019 തീയ്യതി 28.12.2019 |
| 5 | പി.എച്ച്.സി, ചാലിൽ | കെ.എസ്.എ-ടി.എസ്.എം.1/542/2019 തീയ്യതി 28.12.2019 |
| 6 | ഗവ.ഹോമിയോ ഡിസ്പെൻസറി, കോടിയേരി | കെ.എസ്.എ-ടി.എസ്.എം.1/518/2019 തീയ്യതി 23.01.2020 |

2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 9 (3) പ്രകാരം ആശുപത്രി വികസന ഫണ്ട് സംബന്ധിച്ച് നഗരസഭ കൗൺസിലിന് ലഭിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് കൗൺസിൽ പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിക്കും അതിന്റെ മെമ്പർ സെക്രട്ടറിക്കും നൽകേണ്ടതാണ്.

# 1-93 ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചടച്ചു

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് അധിക ചെലവുകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്മേലും സേവനപുസ്തക പരിശോധനയുമായി ബന്ധപ്പെട്ട് തെറ്റായ ശമ്പള നിർണ്ണയങ്ങൾ വഴി അധിക തുക ജീവനക്കാർക്ക് നൽകിയത് ചൂണ്ടികാണിച്ച് നൽകിയ കത്തുകളുടെ അടിസ്ഥാനത്തിലും അധികം കൈപ്പറ്റിയ തുകകൾ ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ തിരിച്ചടക്കുന്നതിൽ അഭിനന്ദനാർഹമായ സമീപനമാണ് നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടായത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് അന്വേഷണത്തിന്റെ ലഘു വിവരം | തിരിച്ചടച്ച തുക | ഓഡിറ്റ് അന്വേഷണം/കത്ത് നം/തീയ്യതി |
|---|---|---|---|
| 1. | യാത്രാ ബത്ത അധികം അനുവദിച്ചത് | 432 | 15/18-19 തീ.10.07.2019 |
| 2. | അർദ്ധവേതനാവധിയിലെ ജീവനക്കാരിക്ക് മുഴുവൻ ശമ്പളം നല്കിയത് | 1,410 | 18/18-19 തീ.16.07.2019 |
| 3. | സ്കൂൾ അറ്റകുറ്റപ്പണി - അധികം തുക നല്കിയത് | 2,107 | 95/18-19 തീ. 25.01.2020 |

| | | | |
|---|---|---|---|
| 4.. | 22 വർഷ ഹയർഗ്രേഡ് അനുവദിക്കുമ്പോൾ തെറ്റായി അധിക ശമ്പളം നൽകിയത്. | 5,304 | കെ.എസ്.എ-ടി.എസ്.എം2/271/17 തീയ്യതി 12.12.2017 |
| 5. | 02/1996 മുതൽ 08/2011 വരെയുള്ള കാലയളവിൽ അധികം ശമ്പളം നൽകിയത് | 18,055 | എൽ.എഫ്.ടി.എം2/238/2014/ തീയ്യതി 29.07.2016 |

ക്രമ നമ്പർ (3) പ്രകാരം നടപ്പിലാക്കിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കൊടുവള്ളിയുടെ അറ്റകുറ്റപ്പണിക്കായി അധികം നൽകിയ തുകയായ 2,107 രൂപ 25.01.2020 ലെ റസീറ്റ് പ്രകാരം നഗരസഭ ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുക മെയിന്റനൻസ് ഫണ്ട്-റോഡിതരത്തിൽനിന്നും ചെലവഴിച്ചിട്ടുള്ളതിനാൽ സർക്കാരിലേക്ക് തിരിച്ചടവാക്കി വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2.0 പരാമർശമില്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനുള്ള പ്രൊജക്ട് - സ്പോർട്സ് ഉപകരണങ്ങളുടെ വിലയായ 9,591 രൂപ നിരാകരിക്കുന്നു

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ /പേര് | : | S0052/19<br>യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, |

| | | |
|---|---|---|
| | | ഗോപാലപേട്ട |
| **അടങ്കൽ** | : | 98,000 (വികസനഫണ്ട്, ജനറൽ) |
| **ബിൽ നം/തീയ്യതി** | : | 8/2018-19 തീ.20.03.2019 |

നഗരസഭ പരിധിയിലുള്ള 24 യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിയിട്ടുള്ള മേൽ പ്രൊജക്റ്റിൽ 16 രജിസ്റ്റേഡ് ക്ലബ്ബുകൾ സ്പോർട്സ് ഉപകരണങ്ങൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നതിന് വിവിധ സ്ഥാപനങ്ങളിൽനിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും ടി.ബി.എസ് പബ്ലിഷേഴ്സ്& ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 29.12.2018 തീയ്യതിയിലെ 58ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 62,422 രൂപ ചെലവഴിച്ചാണ് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതും വിതരണം ചെയ്തതും സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്പോർട്സ് ഉപകരണം | വില (ഒന്നിന്) | വാങ്ങിയതിന്റെ എണ്ണം | വിതരണം ചെയ്തതിന്റെ എണ്ണം (കൈപ്പറ്റ് പ്രകാരം) | കൈപ്പറ്റ് രേഖകൾ ഇല്ലാത്തവയുടെ എണ്ണം | വിതരണം ചെയ്യാതെ ബാക്കി നിൽക്കുന്ന ഉപകരണങ്ങളുടെ വില |
|---|---|---|---|---|---|
| ഹോക്കി സ്റ്റിക്ക് | 1,449 | 2 | 2 | -- | |
| വോളിബോൾ നെറ്റ് | 1,264 | 7 | 7 | -- | |
| ക്രിക്കറ്റ് ബാറ്റ് | 1,767 | 7 | 7 | -- | |
| ഫുഡ്ബോൾ | 835 | 15 | 10 | 5 | 4,175 |
| ചെസ്സ് ബോർഡ് | 121 | 19 | 9 | 10 | 1,210 |
| ചെസ്സ്മെൻ | 127 | 14 | 9 | 5 | 635 |
| വോളിബോൾ | 602 | 9 | 7 | 2 | 1,204 |
| ഡോമിനോസ് | 247 | 1 | 1 | -- | -- |
| ക്രിക്കറ്റ് ബോൾ | 250 | 5 | 3 | 2 | 500 |
| ഹോക്കി ബോൾ | 138 | 1 | 1 | -- | -- |
| ക്രിക്കറ്റ് സ്റ്റമ്പ് | 428 | 4 | 4 | -- | -- |
| കാരംബോർഡ് | 1,702 | 7 | 6 | 1 | 1,702 |
| കാരം മെൻ | 165 | 7 | 6 | 1 | 165 |
| **ആകെ** | | | | | **9,591** |

പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ ഉപകരണങ്ങളും വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥാപനങ്ങളുടെ കൈപ്പറ്റിലെ

വിവരങ്ങളനുസരിച്ച് മേൽപട്ടികയിൽ കൊടുത്തിരിക്കുന്ന 9,591/- രൂപയുടെ ഉപകരണങ്ങൾ ആരും കൈപ്പറ്റിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൈപ്പറ്റുകളിലെല്ലാം യുവജനക്ലബ്ബുകളുടെ സീൽ പതിച്ചതായും കാണുന്നില്ല. കൈപ്പറ്റ് വിവരം ലഭ്യമല്ലാത്ത 9,591 രൂപയുടെ സ്പോർട്സ് ഉപകരണങ്ങളുടെ വിവരം ലഭ്യമാക്കുന്നതിനും മറ്റ് അപാകതകളുടെ കാരണം വ്യക്തമാക്കാനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്പോട്സ് കിറ്റുകളുടെ വിതരണവിവരം ഉൾപ്പെടുത്തിയ പട്ടിക ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ക്ലബ്ബുകൾ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ കൈപ്പറ്റ് വിവരം ലഭ്യമല്ലാത്ത സ്പോർട്സ് ഉപകരണങ്ങളുടെ വിലയായ 9,591 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 9,591/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഇടവിള കിറ്റ് വിതരണം - മുഴുവൻ വിതരണ രേഖകളും ഹാജരാക്കിയില്ല

| | | |
|---|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | : | കൃഷി ഓഫീസർ, കോടിയേരി |
| **പ്രോജക്ട് നമ്പർ** | : | S0026/19 |
| **അടങ്കൽ** | : | ₹1,80,000 |
| **ചെലവ്** | : | ₹1,20,000 |
| **ഫണ്ട്** | : | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീടുകളിൽ ഇടവിള കിറ്റ് വിതരണം പദ്ധതിയിൽ താഴെ കാണിച്ച പ്രകാരം 1,20,000 രൂപ ചെലവാക്കിയിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ/തീയ്യതി | തുക | തുക അനുവദിച്ച സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 6/2018-19 തീ.31.12.2018 | 1,20,000 | VFPCK, കാസർഗോഡ് |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

400 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 400 ഇടവിള കിറ്റുകളാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ 192 കിറ്റുകൾ കോടിയേരി കൃഷിഭവന്റെ പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് കോടിയേരി കൃഷിഓഫീസർ നേരിട്ട് വിതരണം ചെയ്യുകയും 208 കിറ്റുകൾ തലശ്ശേരി കൃഷി ഓഫീസിന്റെ പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് തലശ്ശേരി കൃഷി ഫീൽഡ് ഓഫീസർക്ക് നൽകുകയും ചെയ്തു. എന്നാൽ 192 ഗുണഭോക്താക്കൾക്ക് കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ തലശ്ശേരി കൃഷിഫീൽഡ് ഓഫീസർ

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. 16 ഗുണഭോക്താക്കൾക്ക് കിറ്റുകൾ നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

തലശ്ശേരി കൃഷിഭവനിലെ കൃഷി ഫീൽഡ് ഓഫീസർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത 192 കിറ്റുകളിൽ 51 ഗുണഭോക്താക്കൾക്കുള്ള കിറ്റുകൾ നഗരസഭാ കൗൺസിലർമാർക്ക് നൽകിയതായാണ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| വിതരണ രജിസ്റ്ററിലെ ക്രമനമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | വിതരണ രജിസ്റ്ററിലെ പേജ് നമ്പർ |
|---|---|---|
